# സഖാവ്
മാസിക

പുസ്തകം 13
ലക്കം 12
2022 ഡിസംബർ
വില ₹10

സിപിഐ(എം.എൽ.)
മുഖപത്രം



**Sagavu Magazine**
Owned, Printed &
Published by
K. Sivaraman
Kunnambath House
Krishnapuram, Green Park
P.O. Ollukkara,
Thrissur, Kerala - 680 655

*Editor*
M.P. Kunjhikanaran

*Managing Editor*
T.C. Subrahmanyan

*Editorial Board*
M.K.Dasan
P.N. Provint
K.V. Prakash

Manager
Sagavu
Ambles,2nd Floor, Amulya Street
Banarjee Road, Kochi - 682018
Phone : 9447607290
94471 53507
email : sakhavumonthly@gmail.com
cpimlkerala@gmail.com
website : www.cpiml.in

*Layout & Cover :*
Suresh Janardhanan

*Printing :*
Cherrys Printers,
LFC Road, Kaloor, Kochi
Kerala -687017, India


## ഉള്ളടക്കം


**മുഖപ്രസംഗം** 4

പി.ജെ. ജെയിംസ്
**EWS-നെക്കുറിച്ചുള്ള സുപ്രീം കോടതി വിധി:** 6

**12 – ാം പാർട്ടികോൺഗ്രസിന്റെ രാഷ്ട്രീയ പ്രാധാന്യം** 9

**പാർട്ടികോൺഗ്രസിന് വിപ്ലവാഭിവാദ്യങ്ങൾ** 13

ഡോ. ഷംസുൾ ഇസ്ലാം
**ഹിന്ദുക്കളെ സൈനികവൽക്കരിക്കുക എന്ന ഹിന്ദുത്വ പദ്ധതിക്ക് വേണ്ടി ഇന്ത്യൻ ഭരണകൂടം ശ്രമിക്കുന്നുവോ?** 21

മുരളീധരൻ കരിവെള്ളൂർ
**പുതിയ പോർമുഖങ്ങളിൽ വെളിച്ചമായി കല്യാണസ്വാമി കലാപം** 30

**സംഘടനാവാർത്തകൾ**

# അനുദിനം തീവ്രമായിക്കൊണ്ടിരിക്കുന്ന മോദിയുടെ ഫാസിസ്റ്റ് ആക്രമണത്തിനെതിരായ ദേശീയ കാമ്പയിൻ വൻ വിജയമാക്കുക!

2014–ന്റെ മധ്യത്തിൽ മോദി സർക്കാർ അധികാരമേറ്റതുമുതൽ, ലോകത്തിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസ്, ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റുന്നതിനുള്ള ചിട്ടയായ നിരന്തര ആക്രമണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ദലിതരെയും സ്ത്രീകളെയും, മനുഷ്യരേക്കാൾ നീചരായി കാണുന്ന, മുസ്ലീങ്ങൾക്ക് പൗരത്വവും മനുഷ്യാവകാശങ്ങളും നിഷേധിക്കുന്ന, മനുസ്മൃതി ആണ് അതിന്റെ പ്രത്യയശാസ്ത്ര അടിത്തറ. പ്രത്യേകിച്ചും, 2019 മുതൽ മോഡി.2–ന്റെ കീഴിൽ, ചങ്ങാത്ത മുതലാളിത്തത്തിന്റെ ഇന്ത്യൻ പതിപ്പായ 'മോഡിനോമിക്സിന്റെ' നിർദയമായ ത്വരിതപ്പെടുത്തലിനും അഖിലേന്ത്യാ തലത്തിൽ പൂർണ വളർച്ചയെത്തിയ കോർപ്പറേറ്റ്–കാവി ഫാസിസത്തിന്റെ ബഹുമുഖമായ അഴിഞ്ഞാട്ടത്തിനും ഇന്ന് ഇന്ത്യ സാക്ഷ്യം വഹിക്കുന്നു.


ഇന്ന് കാവി നവഫാസിസത്തിൻ കീഴിൽ, മുഴുവൻ സാമൂഹികഘടനയും ഭയാനകമായ ഒരു കലങ്ങിമറിയലിനെ അഭിമുഖീകരിക്കുകയാണ്. തീവ്രമായ വിഭജനനയങ്ങളിലൂടെയും പ്രകോപനങ്ങളിലൂടെയും ജനങ്ങൾക്കിടയിൽ പരസ്പരവിദ്വേഷത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു, ഇത് ദലിതരേയും ന്യൂനപക്ഷങ്ങളേയും അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയാണ്. ഭരണകൂട അധികാരത്തിന്റെ പിൻബലത്തിൽ, ഇന്ത്യയിലെ ഭരണഘടനാപരവും ഭരണനിർവഹണപരവുമായ എല്ലാ സ്ഥാപനങ്ങളെയും കാവിവൽക്കരിക്കുന്നതിനൊപ്പം സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആർഎസ്എസ് അതിന്റെ പിടി മുറുക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. 2019 പകുതി മുതൽ, അതായത്, മോദി.2–ന്റെ കീഴിൽ, ഹിന്ദുത്വ ആക്രമണം കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട്. രണ്ടാം തവണ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ, ഭരണഘടനയുടെ 370–ആം വകുപ്പ് റദ്ദാക്കുകയും, കശ്മീരിനെ പലതായി വിഭജിച്ച്, ബലം പ്രയോഗിച്ച് ഇന്ത്യൻ യൂണിയനിൽ സംയോജിപ്പിക്കുകയും ചെയ്തുകൊണ്ട് ഫാസിസ്റ്റ് നീക്കങ്ങളുടെ ഒരു പരമ്പരയ്ക്ക് മോദി തുടക്കം കുറിച്ചു. നാമമാത്രമായിപ്പോലുമുള്ള മതേതരത്വത്തെ വലിച്ചെറിഞ്ഞ്, ബാബറി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന അതേ സ്ഥലത്ത് തന്നെ രാമക്ഷേത്രം പണിയാൻ മോദി നേരിട്ട് ചെന്ന് തറക്കല്ലിട്ടു. തുടർന്ന് പൗരത്വ അവകാശങ്ങളുടെ വിഷയത്തിൽ മുസ്ലീ

ങ്ങൾക്കെതിരായ വിവേചനം പ്രകടിപ്പിക്കുകയും അങ്ങനെ അവരെ രണ്ടാം തരം പൗരന്മാരാക്കുകയും ചെയ്യുന്ന സി എ എ നടപ്പാക്കി. എൻ ഇ പി 2020 വഴി വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണവും കോർപ്പറേറ്റ്വൽക്കരണവും സംസ്ഥാനങ്ങൾക്കു മേൽ ഹിന്ദിയും സംസ്കൃതവും അടിച്ചേൽപ്പിക്കലുമായിരുന്നു അടുത്ത നീക്കം. ബഹുരാഷ്ട്ര, ബഹുഭാഷ, ബഹുസാംസ്കാരിക, ബഹുസ്വര, ബഹുമത ഇന്ത്യയെ ഒരു ഭൂരിപക്ഷാധിഷ്ഠിത ഹിന്ദുരാഷ്ട്രമാക്കി മാറ്റുക എന്നതാണ് അടുത്ത ലക്ഷ്യം എന്ന കാര്യത്തിൽ സംശയം വേണ്ട.

ഇന്ന്, വരാനിരിക്കുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ഹിന്ദു വോട്ട് ബാങ്ക് ഏകീകരിക്കാനും 2024 ലെ പൊതുതെരഞ്ഞെടുപ്പിൽ വൻ വിജയം നേടുവാനുമായി ആർഎസ്എസും ബി ജെ പി ഭരണകൂടവും മറയില്ലാത്ത ഒരു ഹിന്ദുത്വ ആക്രമണത്തിന് തുടക്കമിടുകയാണ്. ഉദാഹരണത്തിന്, ഒക്ടോബർ അവസാന വാരം വിളിച്ചുചേർത്ത സംസ്ഥാന ആഭ്യന്തര മന്ത്രിമാരുടെ ചിന്തൻ ശിബിർ എന്ന പേരിൽ ഷായും മോദിയും, ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന പട്ടികയിൽ ഉൾപ്പെട്ട ക്രമ സമാധാനത്തെക്കുറിച്ചുള്ള വ്യവസ്ഥകൾ ലംഘിച്ച്, ഒരു അഖിലേന്ത്യ പോലീസ് നയം നടപ്പാക്കുന്നുവെന്ന് നടിച്ചു കൊണ്ട്, സ്വന്തം ഭൂരിപക്ഷ അജണ്ടയെ കൂടുതൽ ശക്തിപ്പെടുത്താൻ പരമാവധി ശ്രമിച്ചു. നിഷ്ഠൂരമായ എൻഐഎയും യുഎപിഎയും കൂടുതൽ ശക്തിപ്പെടുത്തുകയും 2024-ഓടെ ഓരോ സംസ്ഥാനത്തും എൻഐഎ ഓഫീസ് തുറക്കുകയും ചെയ്യാനുള്ള പദ്ധതികൾ മുന്നോട്ടു വെച്ചിരിക്കുന്നു.. ഭീകരതയ്ക്കെതിരെ പോരാടുന്നതിന്റെ പേരിൽ, "ഒരു ഡാറ്റ, ഒരു എൻട്രി', "ഒരു രാഷ്ട്രം, ഒരു പോലീസ് യൂണിഫോം" തുടങ്ങിയ നിരവധി ആശയങ്ങൾ ' മുന്നോട്ടു വെക്കപ്പെടുന്നു. ഒപ്പം തന്നെ ആസൂത്രിതമായി തുടർച്ചയായി ഇസ്ലാം വിരോധം പ്രചരിപ്പിച്ചുകൊണ്ട് മുസ്ലീങ്ങളെ ശത്രുക്കളായി ചിത്രീകരിക്കുകയും ചെയ്യുന്നു.

ഈ കാവി ആക്രമണ പരമ്പരയുടെ ഭാഗമായി ഏറ്റവും അവസാനമായി മുന്നോട്ടു വെക്കപ്പെട്ടത് ഏകീകൃത സിവിൽ കോഡും സാമ്പത്തിക സംവരണവുമാണ്. വ്യക്തമായും, ഡോ. അംബേദ്കർ വിശദീകരിച്ചത് പോലെ, സാമൂഹിക ജീവിതത്തിന്റെ മണ്ഡലങ്ങളിലെ മേൽജാതി ആക്രമണത്തിൽ നിന്ന് അടിച്ചമർത്തപ്പെട്ട ജാതികളെ സംരക്ഷിക്കുക എന്നതായിരുന്നു ഭരണഘടന അനുശാസിക്കുന്ന ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ ലക്ഷ്യം. എന്നാൽ, സുപ്രീം കോടതി അടുത്തിടെ അംഗീകരിച്ച 103-ാം ഭരണഘടനാ ഭേദഗതിയിലൂടെ സാമ്പത്തിക സംവരണം ഉൾപ്പെടുത്തി, ബ്രാഹ്മണിക്കൽ സവർണ്ണ ജാതികൾ അസ്പൃശ്യരായ മർദിത ജാതികൾക്കെതിരെ ചെയ്ത ചരിത്രപരമായ അനീതി തിരുത്താൻ ഉദ്ദേശിച്ചുള്ള ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തെ മോദി ഭരണകൂടം തുരങ്കം വച്ചു. ഇതോടൊപ്പം, ഗുജറാത്ത്, ഹിമാചൽ പ്രദേശ് തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ, ബിജെപിയും ആം ആദ്മി പാർട്ടിയും ഇപ്പോൾ ഹിന്ദു-മുസ്ലിം ധ്രുവീകരണം സൃഷ്ടിച്ച് വോട്ടിനായി കഴുത്തറപ്പൻ മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ജനജീവിതം അസാധ്യമാക്കുന്ന, ജനങ്ങളുടെ നിലനില്പ്പിനു തന്നെ ഭീഷണിയുയർത്തുന്ന തരത്തിൽ മോദി ഭരണകൂടം അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന തീവ്ര വലത്, കോർപ്പറേറ്റ് അനുകൂല നയങ്ങളെ മറച്ചു വെക്കാനാണ് അവരുടെ ശ്രമം.

ഈ സാഹചര്യത്തിലാണ് 2022 നവംബർ ആദ്യവാരം ചേർന്ന സിപിഐ (എംഎൽ) റെഡ് സ്റ്റാർ കേന്ദ്രകമ്മിറ്റി ഡിസംബർ 6 മുതൽ ഡിസംബർ 25 വരെ ആർഎസ്എസ് നവഫാസിസത്തിനെതിരെ രാജ്യവ്യാപകമായി രാഷ്ട്രീയ പ്രചാരണം നടത്താൻ തീരുമാനിച്ചത്. ഡിസംബർ 6 എന്നത്, കാവി ഗുണ്ടകൾ ബാബറി മസ്ജിദ് തകർത്തതും ഇന്ത്യൻ ഭരണഘടനാ ശില്പിയായ അംബേദ്കറുടെ ചരമവാർഷികവും അടയാളപ്പെടുത്തുന്നു, ആർഎസ്എസ് ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുസ്മൃതിയെ അംബേദ്കർ കത്തിച്ച ദിവസമാണ് ഡിസംബർ 25. മുസ്ലിം വിരുദ്ധ, ദളിത് വിരുദ്ധ, പുരുഷാധിപത്യ നീക്കങ്ങൾക്കൊപ്പം, ചരിത്രപരമായ കർഷക സമരത്തെത്തുടർന്ന് മോദി കേന്ദ്രതലത്തിൽ പിൻവലിക്കാൻ നിർബന്ധിതരായ ക്രൂരമായ കാർഷിക നിയമങ്ങൾ കർണാടക പോലുള്ള ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ വഞ്ചനാപരമായി നടപ്പാക്കുകയാണ്. സിപിഐ (എംഎൽ) റെഡ് സ്റ്റാറിന്റെ 12-ാമത് കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന അടിയന്തര ദൗത്യത്തിന് അനുസൃതമായി, സമാന ചിന്താഗതിക്കാരായ ശക്തികളുമായി ഐക്യപ്പെട്ടുകൊണ്ടാണ് പാർട്ടി ഈ രാഷ്ട്രീയ പ്രചാരണം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഫാസിസ്റ്റ് ഭരണകൂടത്തിനെതിരായ ഈ രാഷ്ട്രീയ കാമ്പെയ്ൻ വൻ വിജയമാക്കാൻ തൊഴിലാളിവർഗത്തോടും കർഷകരോടും അടിച്ചമർത്തപ്പെട്ടവരോടും എല്ലാ പുരോഗമന-ജനാധിപത്യ ശക്തികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.



**പി.ജെ. ജെയിംസ്**

## EWS-നെക്കുറിച്ചുള്ള സുപ്രീം കോടതി വിധി:

# സംവരണതത്ത്വങ്ങളിൽ നിന്നുള്ള അടിസ്ഥാനപരമായ വ്യതിയാനവും ഹിന്ദുരാഷ്ട്രത്തിലേക്കുള്ള മനുവാദികളുടെ തന്ത്രപരമായ കുതിപ്പും

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന വിവിധ ജാതികൾ അടിസ്ഥാനപ്പെടുത്തിയുള്ള സംവരണം എന്ന അടിസ്ഥാന ആശയം തന്നെ ലംഘിക്കപ്പെടുന്നതാണ് 2019 ലെ ഭരണഘടനയുടെ 103-ാം ഭേദഗതിയായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാർക്ക് 10% സംവരണം അനുവദിച്ചുകൊണ്ട് മോദി സർക്കാർ കൊണ്ടുവന്ന ഭേദഗതിയെ അംഗീകരിച്ചുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഈ അന്യായ വിധി. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്കജാതി(SC/ST/OBC) വിഭാഗങ്ങളിലെ പിന്നോക്കജാതികളെപ്പോലും തികച്ചും പിന്തള്ളിക്കൊണ്ടുള്ളതാണ് ഈ സാമ്പത്തിക സംവരണം. ഒരു വശത്ത് ബിജെപിയും ആം ആദ്മി പാർട്ടിയും പ്രതിനിധീകരിക്കുന്ന 'തീവ്ര ഹിന്ദുത്വവും മറുവശത്ത് കോൺഗ്രസ് ആത്യന്തികമായി പ്രതിനിധീകരിക്കുന്ന 'മൃദു ഹിന്ദുത്വവും' ഉൾപ്പെടെ എല്ലാ വർണ്ണങ്ങളിലുമുള്ള ഹിന്ദുത്വ ശക്തികൾ സുപ്രീം കോടതി വിധി ആഘോഷിക്കാൻ പരസ്പരം മത്സരിക്കാൻ തുടങ്ങിയിരിക്കെ ഈ വിധി ഏകപക്ഷീയവും ഭരണഘടനാ വിരുദ്ധവുമാണെന്ന് തുടക്കത്തിൽ തന്നെ പറയേണ്ടതുണ്ട്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സാമ്പത്തികനിലയെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ പുതിയ സംവരണം എല്ലാ അടിച്ചമർത്തപ്പെട്ട, പിന്നാക്ക ജാതികളെയും-എസ്‌സി, എസ്ടി, ഒബിസി എന്നീ വിഭാഗങ്ങളേയും പൂർണ്ണമായും ഒഴിവാക്കിയതിനാൽ ഇത് ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന സമത്വത്തിന് തന്നെ എതിരാണ്. സാരാംശത്തിൽ, സംവരണത്തിലെ ഈ അടിസ്ഥാനപരമായ വ്യതിയാനം തികച്ചും സാമ്പത്തികമല്ല, മറിച്ച് തികച്ചും സവർണ്ണ ജാതി കേന്ദ്രീകൃതവും ഇന്ന് ഇന്ത്യയിൽ ആർഎസ്എസ് നവഫാസിസത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറയായ മനുസ്മൃതിയുടെ ആശയങ്ങളുമായിക്കൂടി ബന്ധപ്പെട്ടുകിടക്കുന്നതാണ്. തീർച്ചയായും ഈ വിധിയുടെ രാഷ്ട്രീയ സന്ദർഭം വളരെ പ്രധാനപ്പെട്ടതാണ്. കാരണം, നരസിംഹറാവു നയിച്ച കോൺഗ്രസ് സംഘം നെഹ്രൂവിയൻ രാഷ്ട്ര കേന്ദ്രീകൃത വികസന നയങ്ങളെ തള്ളിക്കൊണ്ട് പുത്തൻ ഉദാരവൽക്കരണത്തെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ 1991 ൽത്തന്നെ പത്തുശതമാനം സാമ്പത്തിക സംവരണം എന്ന ആശയത്തെ ആശ്രയിച്ചിരുന്നു. സോഷ്യൽ ഡമോക്രാറ്റുകളായ സി പി ഐ എം അതിനുമുന്നേ തന്നെ തങ്ങളുടെ യാന്ത്രിക സമീപനത്താൽ ജാതിയും വർഗ്ഗവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ തീർത്തും അവഗണിച്ചുകൊണ്ട്, അതുകൊണ്ടുതന്നെ ജാതിയെ ഉപരിഘടനയിലെ മാത്രം പ്രതിഭാസമായി കണ്ടുകൊണ്ട് ഭരണവർഗ്ഗത്തിന്റെ ഭാഗമായ ഇവർ 1990 നവംബർ നാലിന്റെ കേന്ദ്ര

ക്കറ്റി പ്രമേയത്തിൽ മുന്നോക്കക്കാർക്ക് സർക്കാർ ജോലിയിൽ 10% സംവരണം ചെയ്യുന്നത് ആവശ്യപ്പെട്ടിരുന്നു. എങ്കിലും സുപ്രീം കോടതിയുടെ ഒൻപതംഗ ഭരണഘടനാ ബഞ്ച് രണ്ടാമതൊരാലോചനയ്ക്കുപോലും നിൽക്കാതെ സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണ നീക്കത്തെ തള്ളിക്കളഞ്ഞിരുന്നു. മറുവശത്ത്, 103-ാം ഭരണഘടനാ ഭേദഗതിയിലൂടെ തീവ്ര വലതുപക്ഷ, നവഫാസിസ്റ്റ് മോഡി ഭരണം, SC/ST, OBC എന്നിവരെ ഈ വിഭാഗത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് വ്യക്തമായും സവർണ്ണ-മനുവാദ ആഭിമുഖ്യത്തോടെ സാമ്പത്തിക സംവരണം തിരികെ കൊണ്ടുവന്നപ്പോൾ, അത് ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തിന്റെ വ്യക്തമായ ലംഘനമായ വിധിയാണെങ്കിലും, അത് ഉയർത്തിപ്പിടിച്ച് മുന്നോട്ട് വരാൻ ഒരു മടിയുമില്ലതാനും. ഈ ജുഡീഷ്യൽ അട്ടിമറി, മറ്റ് ഭരണകൂട സ്ഥാപനങ്ങളിലെപ്പോലെതന്നെ ഹിന്ദുത്വ ഫാസിസത്തിന്റെ പ്രത്യയശാസ്ത്രമായ മനുവാദം എങ്ങനെയാണ് ഇന്ന് നമ്മുടെ രാജ്യത്ത് അതിന്റെ ഭീകരമായ മാനങ്ങളോടെ ഭരണവ്യവസ്ഥയുടെ എല്ലാ മേഖലകളിലും പിടിമുറുക്കിയിരിക്കുന്നത് എന്നതിന്റെ വ്യക്തമായ പ്രകടനമാണ്. ഇന്ത്യൻ ഭരണഘടനയനുസരിച്ച് സംവരണം ഒരിക്കലും ദാരിദ്ര്യനിർമ്മാർജ്ജന മാർഗ്ഗമോ സാമ്പത്തികാസമത്വങ്ങൾ ഇല്ലാതാക്കാനുള്ള മാർഗ്ഗമോ ആയിരുന്നില്ല.

മറ്റ് രാജ്യങ്ങളിൽ നിലവിലുള്ള സമാനമായ പ്രവർത്തനങ്ങൾ പോലെ, ഇന്ത്യയിലെ ഭൂരിഭാഗം തൊഴിലാളികളും അധ്വാനിക്കുന്നവരും ചരിത്രപരമായി അടിച്ചമർത്തപ്പെട്ടവരും 'അസ്പൃശ്യരുമായ' അടിച്ചമർത്തപ്പെട്ട ജാതികളിൽപ്പെട്ടവരുമായതിനാൽ, പൊതു ഇടങ്ങൾ കൈയ്യേറി ഭരിക്കുകയും മുഴുവൻ സാമ്പത്തിക സ്രോതസ്സുകളും രാഷ്ട്രീയ അധികാരവും സാംസ്കാരിക/ബൗദ്ധിക മണ്ഡലങ്ങളും നിയന്ത്രിക്കുകയും ചെയ്യുന്ന ഉയർന്ന വരേണ്യ ജാതികൾക്കിടയിൽ ഈ പൊതു ഇടങ്ങളിൽ അടിച്ചമർത്തപ്പെട്ട ജനങ്ങളുടെ പ്രാതിനിധ്യവും സംരക്ഷണവും ഉറപ്പാക്കാനുമാണ് ഭരണഘടനാപരമായ അവകാശവുമായി ജാതിസംവരണം കൂട്ടിയിണക്കിയിരിക്കുന്നത്.

സവർണ്ണജാതികൾ യഥേഷ്ടം ഭരിക്കുന്ന ഇന്ത്യയിൽ, ബ്രാഹ്മണ സവർണ്ണ വിഭാഗങ്ങളാൽ മനുഷ്യരായിപ്പോലും കണക്കാക്കപ്പെടാതിരുന്ന ദലിതർക്കും അടിച്ചമർത്തപ്പെട്ട ജാതികൾക്കും മേൽ നടന്ന ഈ ചരിത്രപരമായ അടിച്ചമർത്തലിന് നഷ്ടപരിഹാരം നൽകാനാണ് ഇന്ത്യൻ ഭരണഘടന അതിന്റെ ശ്രദ്ധേയമായ സവിശേഷതകളിലൊന്നായി സംവരണം സ്വീകരിച്ചത്. അങ്ങനെ, ഭരണം, വിദ്യാഭ്യാസം, പൊതുമേഖലകൾ എന്നിവയിൽ അടിച്ചമർത്തപ്പെട്ട ജാതികളുടെ പ്രവേശനം സുഗമമാക്കുക എന്നതായിരുന്നു സംവരണത്തിന്റെ ലക്ഷ്യം. അങ്ങനെയിരിക്കെ 2014 മുതൽ മോഡി ഭരണത്തിന് കീഴിലുള്ള തീവ്ര വലതുപക്ഷ നവലിബറൽ -നവഫാസിസത്തിന്റെ ആരോഹണത്തോടെയാണ് ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തെക്കുറിച്ചുള്ള ഈ അംഗീകൃത നിലപാടിനെതിരെയുള്ള വ്യവസ്ഥാപിതവും സ്ഥിരവുമായ അട്ടിമറി പൊതു വ്യവഹാരങ്ങളിൽ ആരംഭിച്ചത്. സമൂഹത്തിന്റെ അടിത്തട്ടിലും ഉപരിഘടനയിലും ഒരുപോലെ വ്യാപിച്ചിരിക്കുന്ന തികച്ചും മനുഷ്യത്വ രഹിതമായ ജാതിവ്യവസ്ഥ നവകാവിഫാസിസത്തിന് കീഴിൽ പുതിയ പുതിയ ന്യായീകരണങ്ങളും മാന്യതയും നേടിക്കൊണ്ടിരിക്കുന്ന കാലത്ത്, ഉന്നത പഠന, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലും മുഴുവൻ ഭരണസ്ഥാപനങ്ങളിലും ഈ ജാതിവ്യവസ്ഥ സുരക്ഷിതമായിരിക്കുകയും ജാതി അതിക്രമങ്ങളും വിവേചനങ്ങളും വർദ്ധിത വീര്യത്തോടെ തിരിച്ചുവരികയും ചെയ്യുമ്പോൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എന്ന വാദത്തിന്റെ മറവിൽ പത്തുശതമാനം വരേണ്യ സംവരണത്തെ പ്രശംസിച്ചുകൊണ്ട് താഴ്ന്ന ജാതിക്കാർക്കുള്ള സംവരണത്തെ അവഹേളിക്കുന്ന സുപ്രീം കോടതി വിധിയെ വളരെ പിന്തിരിപ്പനും ആശയപരമായി ബ്രാഹ്മണ മേധാവിത്തപരവും പഴയകാല സമരങ്ങളിലൂടെ കഷ്ടപ്പെട്ട് നേടിയെടുത്ത തൊഴിലാളികളുടെയും അടിച്ചമർത്തപ്പെട്ട ജനങ്ങളുടെയും എല്ലാ അവകാശങ്ങളും കവർന്നെടുക്കുന്ന കോർപ്പറേറ്റുകളുടെ കൂട്ടാളികളായും തന്നെ കാണേണ്ടതുണ്ട്. അത്തരമൊരു ജാതീയമായ സാഹചര്യത്തിൽ, EWS സംവരണം ഉയർത്തിപ്പിടിച്ച ഭൂരിപക്ഷ വിധിപ്രസ്താവത്തിൽ അംഗമായിരുന്ന ജസ്റ്റിസ് ബേല ത്രിവേദിയുടെ നിരീക്ഷണം കൃത്യമായും കാര്യങ്ങൾ വെളിപ്പെടുത്തുന്നതായി തോന്നുന്നു. നിലവിലുള്ള സംവരണത്തിന് ഒരു സമയപരിധിക്കായി വാദിച്ചുകൊണ്ട് അവർ അഭിപ്രായപ്പെടുന്നു: 'നമ്മുടെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികത്തിന്റെ അവസാനത്തിൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് പരിവർത്തനാത്മക ഭരണഘടനാവാദത്തിലേക്കുള്ള ഒരു ചുവടുവെയ്പ്പായി സംവരണ സമ്പ്രദായത്തെ പുനഃപരിശോധിക്കേണ്ടതുണ്ട്.' ഭരണഘടനയുടെ ആർട്ടിക്കിൾ 15, ആർട്ടിക്കിൾ 16 എന്നിവയിൽ നൽകിയിരിക്കുന്ന സംവരണങ്ങളും പ്രാതിനിധ്യവും സംബന്ധിച്ച് സമയപരിധി നിശ്ചയിക്കുന്നത് 'സമത്വവും ജാതിരഹിതവും വർഗ്ഗരഹിതവുമായ ഒരു സമൂഹത്തിലേക്ക് നയിക്കുന്ന ഒരു മുന്നോട്ടുള്ള വഴി' ആയിരിക്കുമെന്നും അവർ നിരീക്ഷിച്ചു.വ്യക്തമായും, ഈ സമീപനത്തിൽ അന്തർലീനമായിരിക്കുന്നത് ഇന്ത്യയിൽ ആഴത്തിൽ വേരൂന്നിയതും എല്ലായിടത്തും വ്യാപിച്ചുകി

ടക്കുന്നതുമായ ജാതി വ്യവസ്ഥയോടുള്ള ഗുരുതരമായ അവഗണന നിറഞ്ഞ സമീപനമാണ്. ജാതിയെ ചെറുതായി കാണുന്ന ഈ സമീപനം പെട്ടെന്നുണ്ടായ പ്രവണതയല്ല, മറിച്ച് ഇന്ത്യൻ ജുഡീഷ്യറിയിലെ ഒരു നീണ്ട പ്രക്രിയയാണ്. മനുഷ്യ ചരിത്രത്തിലെ ത്തന്നെ ഏറ്റവും മനുഷ്യത്വവിരുദ്ധമായ സ്ഥാപനവൽക്കരണങ്ങളിലൊന്നായ ജാതിയെ ചെറുതായിക്കാണുന്ന പ്രവണത ഇതാദ്യമല്ല. ഉദാഹരണത്തിന്, ജസ്റ്റിസുമാരായ ഗൊഗോയിയും നരിമാനും 2015 ലെ ഒരു വിധിപ്രസ്താവത്തിൽ മുന്നോട്ടുവച്ചത് 'പിന്നാക്കാവസ്ഥ എളുപ്പത്തിൽ നിർണയിക്കുന്നതിനുള്ള' 'പുതിയ സമ്പ്രദായങ്ങളും രീതികളും അളവുകോലുകളും', കണ്ടെത്തുകയും ജാതി കൂടാതെ വരുമാനം, കുടുംബ സാഹചര്യം, വൈകല്യം, വിദ്യാഭ്യാസനിലവാരം മുതലായവയിൽ നിന്ന് വ്യത്യസ്തമായി പരിഗണിക്കാവുന്ന വിഭാഗങ്ങളുടെ ഒരു മാട്രിക്സിനെക്കുറിച്ച് ചിന്തിക്കാൻ ആവശ്യപ്പെട്ടു. സംവരണത്തിന്റെ മാനദണ്ഡം രൂപപ്പെടുത്താൻ ഇവക്കെല്ലാം കഴിയും. വ്യക്തമായും, ഇന്ത്യൻ ഭരണഘടന സംവരണം ഉൾപ്പെടുത്തിയത് ബ്രാഹ്മണ മേൽജാതിക്കാരാൽ 'തൊട്ടുകൂടാത്തവർക്കും' അടിച്ചമർത്തപ്പെട്ട ജാതികൾക്കുമെതിരെ ചെയ്ത ചരിത്രപരമായ അനീതികൾ തിരുത്താനും ഭരണത്തിലും പൊതുസ്ഥാപനങ്ങളിലും അടിച്ചമർത്തപ്പെട്ട ജാതികളുടെ പ്രാതിനിധ്യം ഉറപ്പാക്കാനുമായിരുന്നു. എന്നാൽ ഭരണഘടനാ അസംബ്ലി ഇന്ത്യൻ ഭരണഘടനയുടെ കരട് തയ്യാറാക്കുമ്പോൾ,റിപ്പബ്ലിക്കൻ ഭരണഘടന വരേണ്യ ജാതികളുടെ താൽപ്പര്യത്തിന് വിരുദ്ധമായി എല്ലാ ജാതികൾക്കും തുല്യത നൽകും എന്നതിന്റെ അടിസ്ഥാനത്തിൽ, ആർഎസ്എസ് അതിനെ ശക്തമായി എതിർക്കുകയും പകരം ചാതുർവർണ്യത്തിന്റെ അല്ലെങ്കിൽ വർണ്ണ സമ്പ്രദായത്തിന്റെ പവിത്രപുസ്തകമായ, 'ജാതീയത 'ഹിന്ദു രാഷ്ട്ര'ത്തിന്റെ പര്യായമാണെന്ന ഗോൾവാൾക്കറുടെ വാദത്തെ ശരിവയ്ക്കുന്ന, സ്ത്രീകളെയും ദളിതരെയും മനുഷ്യരായി കാണാൻ കഴിയാത്ത 'മനുസ്മൃതി' നിർദ്ദേശിക്കുകയും ചെയ്തു. ആർ എസ് എസ് മുഖപത്രമായ ഓർഗനൈസറിൽ 1949 നവംബർ 30ന്റേയും 1950 ജനുവരിയിലേയും ലക്കങ്ങളിൽ ആവർത്തിച്ചു വന്ന എഡിറ്റോറിയലുകളിലാണ് ഫാസിസ്റ്റ് മനുസ്മൃതിയെ ഇന്ത്യൻ ഭരണഘടനയാക്കണമെന്ന നിർദ്ദേശം വന്നത്. തീർച്ചയായും കുറേ ദശകങ്ങൾ കാത്തിരുന്നതിനുശേഷം ഇപ്പോഴാണ് ആർ എസ് എസ് അജണ്ടകൾ ഈ രാജ്യത്ത് നടപ്പിലാക്കാനുള്ള സാഹചര്യം ഉണ്ടായി വന്നത്. അങ്ങനെ, മോദിസംഘത്തിന്റെ 103-ാം ഭരണഘടനാ ഭേദഗതിയും സുപ്രീം കോടതിയുടെ സമീപകാല അംഗീകാരവും മനുവാദി ഹിന്ദുത്വം ഇന്ത്യൻ ഭരണകൂടത്തിന്മേൽ സമ്പൂർണ നിയന്ത്രണം സ്ഥാപിച്ച പശ്ചാത്തലത്തിൽ കാണണം. ആ നിലയ്ക്ക്, ഭരണഘടനാ ഭേദഗതിയിലൂടെ സവർണ്ണ ജാതി അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക സംവരണത്തിലൂടെ, അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയുണ്ടാക്കിയ ജാതി -അധിഷ്ഠിതവും ഭരണഘടനാപരവുമായ സംവരണത്തെ തുരങ്കം വയ്ക്കുന്നത് ഇന്ന് ഇന്ത്യയിലെ ആർഎസ്എസ് നവഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാദി-ഹിന്ദുത്വയുടെ അവിഭാജ്യ ഘടകമായി കാണണം.

ഈ നിർണായക ഘട്ടത്തിൽ, എല്ലാ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളും എല്ലാ ഫാസിസ്റ്റ് ഇതര ശക്തികളുമായും കൂട്ടുകൂടുന്ന പുരോഗമന-ജനാധിപത്യ ശക്തികളും സംവരണത്തിനെതിരായ ഈ മനുവാദി നീക്കത്തിനെതിരെ സമ്പൂർണ്ണ ആക്രമണത്തിന് മുന്നോട്ട് വരാൻ ബാധ്യസ്ഥരായിരിക്കുമ്പോൾ, ഇന്ന് നമ്മൾ കാണുന്നത് BJP/RSS ഫാസിസത്തെ എതിർക്കുന്നു എന്ന് അവകാശപ്പെടുന്ന കോൺഗ്രസ് EWS സംവരണത്തിന്റെ പൂർവ്വികർ എന്ന ക്രെഡിറ്റ് എടുക്കാൻ കഷ്ടപ്പെടുന്ന നാണംകെട്ട കാഴ്ചയാണ്. അതുപോലെത്തന്നെ, ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ഈ പിന്തിരിപ്പൻ-ഫാസിസ്റ്റ് നീക്കത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നതോടൊപ്പം, വർഷങ്ങൾക്ക് മുമ്പ് തങ്ങളുടെ ഭരണകാലത്ത് ആരംഭിച്ച EWS നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ പേരിൽ കോൺഗ്രസ് വക്താവ് മോദി സർക്കാരിനെ വിമർശിക്കുകയും ചെയ്തു. അധികം വിശദീകരിക്കാതെത്തന്നെ, 'മൃദു ഹിന്ദുത്വ'വും 'തീവ്ര ഹിന്ദുത്വവും' തമ്മിലുള്ള അതിർവരമ്പുകൾ വളരെ നേർത്തതാണെന്നും, ആദ്യത്തേത് രണ്ടാമത്തേതിന് വഴിയൊരുക്കുകയും ആത്യന്തികമായി അതിലേക്ക് തന്നെ എത്തിച്ചേരുകയും ചെയ്യുന്നു എന്നുതന്നെ ഇതിന്റെ അടിസ്ഥാനത്തിൽ പറയാം.

ചുരുക്കിപ്പറഞ്ഞാൽ, ഈ 'ഭരണഘടനാ വിരുദ്ധവും പ്രത്യക്ഷത്തിൽത്തന്നെ സവർണ്ണാധിഷ്ഠിതവുമായ ഈ നീക്കത്തിന്റെ സാധുത സുപ്രീം കോടതി തന്നെ ഉയർത്തിപ്പിടിക്കുമ്പോൾ, ഇന്ത്യയിലെ അടിച്ചമർത്തപ്പെട്ട ജനങ്ങൾക്ക് നേരെ മാത്രമുള്ള വെറുമൊരു പ്രഹരമല്ല ഇത്, ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ജാതി അടിസ്ഥാനത്തിലുള്ള സംവരണം പടിപടിയായി നിർത്തലാക്കുന്നതിനുള്ള, മനുസ്മൃതിയെ ആധാരമാക്കിയ ആർ എസ് എസ് പ്രഖ്യാപിത നിലപാടായ ഹിന്ദുരാഷ്ട്രത്തിലേക്കുള്ള ഹീനമായ നീക്കത്തിന്റെ ഒരു മുന്നോടിയായിത്തന്നെ വിലയിരുത്തണം.

■

# 12-ാം പാർട്ടി കോൺഗ്രസിന്റെ രാഷ്ട്രീയ പ്രാധാന്യം

സി.പി.ഐ(എം.എൽ) റെഡ്സ്റ്റാറിന്റെ 12-ാം പാർട്ടി കോൺഗ്രസ് 2022 സെപ്റ്റംബർ 24 മുതൽ 29 വരെ കേരളത്തിൽ കോഴിക്കോട് വച്ച് വളരെ വിജയകരമായി പൂർത്തിയാക്കി. ആഗോളതലത്തിൽ തന്നെ നവഫാസിസം തലപൊക്കി ഉയർന്നു വരുന്ന നിർണ്ണായക ഘട്ടത്തിലാണ് ഈ പാർട്ടി കോൺഗ്രസ് നടന്നത്. ഈ നവ ഫാസിസത്തോട് സമഗ്രമായ രീതിയിൽ കണ്ണി ചേർക്കപ്പെട്ടാണ് ഇന്ത്യയിലെ മോദി ഭരണകൂടവും നിലനിൽക്കുന്നത്. അടിച്ചമർത്തപ്പെട്ട ജാതികളിൽ പെട്ടതും ന്യൂനപക്ഷങ്ങൾക്കും, വിശേഷിച്ച് മുസ്ലീങ്ങൾക്കും യാതൊരു വിധത്തിലുള്ള അടിസ്ഥാന മനുഷ്യാവകാശങ്ങളും അനുവദിച്ചു കൊടുക്കാത്ത മനുസ്മൃതിയെ പ്രത്യയശാസ്ത്ര അടിത്ത



റയാക്കിയ ലോകത്ത് ഏറ്റവും കൂടുതൽ കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും ഏറ്റവും വലുതുമായ ആർ.എസ്.എസ് എന്ന ഫാസിസ്റ്റ് സംഘടന, മത-ജാതി വിഭാഗീയത വളർത്തിക്കൊണ്ട് ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമാക്കിക്കൊണ്ടിരിക്കുന്ന വഴിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ആർ.എസ്.എസ് താങ്ങി ഉയർത്തിയ ഒരു നവഫാസിസ്റ്റാണ് മോദി ഭരണകൂടം. ഈ സന്ദർഭത്തിൽ, ദേശീയവും, അന്തർദേശീയവുമായ സാഹചര്യങ്ങളുടെ വസ്തു നിഷ്ഠമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പെട്ടെന്ന് കൈക്കൊള്ളേണ്ടുന്ന അടവുപരമായ നടപടികളും ദീർഘകാലാടിസ്ഥാനത്തിലുള്ള തന്ത്രപരമായ നടപടികൾക്കും ഈ പാർട്ടി കോൺഗ്രസ് രൂപം കൊടുത്തിട്ടുണ്ട്.

ഈ കാഴ്ച്ചപ്പാടിൽ നിന്നു കൊണ്ട്, പാർട്ടി ഏറ്റെടുക്കേണ്ട വിവിധ ചുമതലകൾക്കനുസൃതമായാണ് പാർട്ടി കോൺഗ്രസിൽ രേഖകൾ അംഗീകരിച്ചിരിക്കുന്നത്.

2011 ൽ 9-ാം പാർട്ടി കോൺഗ്രസിൽ അംഗീകരിച്ചവയായിരുന്നു സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ പാർട്ടിയുടെ ഔദ്യോഗിക രേഖകൾ. പാർട്ടിയുടെ 10-ഉം 11-ഉം കോൺഗ്രസുകളിൽ ചെറിയ ഭേദഗതികൾ വരുത്തിക്കൊണ്ട് 1970-ലെ സി.പി.ഐ (എം.എൽ) പരിപാടിയിൽ അത് അടിസ്ഥാനപരമായി മാറ്റം വരുത്തി. എന്നിരുന്നാലും, ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ച് 2008-ലെ സാമ്രാജ്യത്വത്തിന്റെ ലോക പ്രതിസന്ധിക്ക് ശേഷം, സാമ്രാജ്യത്വ രാജ്യമെന്നോ നിയോ കൊളോണിയൽ ആശ്രിത രാജ്യങ്ങൾ എന്നോ വ്യത്യാസമില്ലാതെ, ലോകമെമ്പാടും നവഫാസിസം വർദ്ധിച്ചുവരുന്ന പ്രവണതയാണ് നിലവിലുള്ളത്. ഈ കാലഘട്ടത്തിൽ, രാജ്യങ്ങളുടെ സമൂർത്ത സാഹചര്യങ്ങൾക്കനുസരിച്ച്, എല്ലാ പിന്തിരിപ്പൻ പ്രത്യയശാസ്ത്രങ്ങളെയും അതിന്റെ അടിസ്ഥാനമായി ഉപയോഗിച്ചു കൊണ്ട് കോർപ്പറേറ്റ് മൂലധനം പല രാജ്യങ്ങളിലും നവഫാസിസ്റ്റ് ഭരണകൂടങ്ങൾ സ്ഥാപിക്കുന്നതിൽ വിജയിച്ചു. ഇത് ലോക സാമ്രാജ്യത്വ വ്യവസ്ഥിതിയിൽ അന്തർലീനമായ എല്ലാ വൈരുദ്ധ്യങ്ങളുടെയും മൂർച്ച കൂട്ടുന്നതിന് കാരണമായി. 21-ാം നൂറ്റാണ്ടിലെ ' മുൻനിര സാങ്കേതിക വിദ്യകൾ' ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് തീവ്രവലതുപക്ഷ നവലിബറൽ നയങ്ങൾ തീവ്രമാക്കിയ കോർപ്പറേറ്റ് മൂലധനം തൊഴിലാളിവർഗത്തെ വൻ തോതിൽ ചൂഷണം ചെയ്തു. ലോകത്തിലെ അടിച്ചമർത്തപ്പെട്ട ജനത കൂടുതൽ അടിച്ചമർത്തലിനും പാർശ്വവൽക്കരണത്തിനും വിധേയമായി. ഏതാനും ചില അതിസമ്പന്നർ അതിഭീകരമായ തോതിൽ സമ്പത്ത് കുന്ന് കൂട്ടി. അഭൂതപൂർവ്വമായ തൊഴിലില്ലായ്മയും അവശ്യ വസ്തുക്കളുടെ കുതിച്ചുയരുന്ന വിലയും നിമിത്തം ദാരിദ്ര്യം കുതിച്ചുയർന്നു.

ലോകത്തിന് ഇന്നേവരെ അജ്ഞാതമായ തലങ്ങളിലുള്ള കുടിയേറ്റങ്ങൾക്കും അഭയാർത്ഥി പ്രതിസന്ധികൾക്കും, എല്ലാറ്റിനുമുപരിയായി ഭയാനകമായ അനുപാതത്തിലുള്ള ആഗോള പാരിസ്ഥിതിക പ്രതിസന്ധികൾക്കുമാണ് ഇന്ന് നാം സാക്ഷ്യം വഹിക്കുന്നത്. തീവ്രതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ കെൽപ്പുള്ള മനുഷ്യത്വരഹിതമായ ജാതിവ്യവസ്ഥയിൽ വേരൂന്നിയ ആർഎസ്എസ് നവഫാസിസം ഈ ആഗോള പശ്ചാത്തലത്തിൽ ഇന്ത്യയിൽ തഴച്ചുവളരുകയാണ്. അതു കൊണ്ട്, ഈ അന്താരാഷ്ട്ര സാഹചര്യങ്ങളുടെയും, വിശേഷിച്ചും ഇന്ത്യൻ സംഭവവികാസങ്ങളുടെയും സമൂർത്തമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പാർട്ടി പാരിപാടി കാലികമായി പരിഷ്കരിക്കാൻ പാർട്ടി കോൺഗ്രസ് തീരുമാനിച്ചു. സാമ്രാജ്യത്വം സൃഷ്ടിച്ച സർവ്വതല പ്രത്യയശാസ്ത്ര മലിനീകരണം കണക്കിലെടുത്തു കൊണ്ട്, ഒരു ജനകീയ ബദൽ മുന്നോട്ട് വയ്ക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ദൗർബല്യം സ്വയം വിമർശനപരമായി മനസ്സിലാക്കുന്നു. ഇത്തരുണത്തിൽ, ഇന്ത്യയുടെ വർഗ്ഗ വിശകലനത്തിൽ ജാതിയുടെ അഭേദ്യമായ പങ്ക് അംഗീകരിച്ച 2011-ലെ പരിപാടിയുമായി താരതമ്യം ചെയ്യുമ്പോൾ, ജാതി വ്യവസ്ഥയ്ക്കെതിരായ വിട്ടുവീഴ്ച്ചയില്ലാത്ത പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ പോരാട്ടത്തിന്റെയും തുടർന്നുള്ള ജാതി ഉന്മൂലന പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന്റെയും നിർണായക പങ്ക്, ജാതിയെക്കുറിച്ചുള്ള കൂടുതൽ വ്യക്തതയെ അടിസ്ഥാനമാക്കി 12-ാം കോൺഗ്രസിൽ അംഗീകരിച്ച നവീകരിച്ച പരിപാടിയിൽ, മനുവാദി-ഹിന്ദുത്വത്തെ അടിസ്ഥാനമാക്കിയുള്ള ജാതി വ്യവസ്ഥയുടെ പരിവർത്തന പ്രക്രിയയിലുടനീളം ഇന്ത്യയിൽ വർഗസമരം നടന്നുകൊണ്ടിരിക്കുന്നു എന്ന ഒരു പ്രത്യേക ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സാക്ഷ്യമെന്ന നിലയിൽ, പാർട്ടി കോൺഗ്രസ് ഏകകണ്ഠമായി അംഗീകരിച്ച ചരിത്രപരമായ പ്രമേയത്തിൽ, പാർട്ടിയുടെ എല്ലാ കേന്ദ്ര കമ്മിറ്റി അംഗങ്ങളും അവരുടെ എല്ലാ ജാതി/ കുടുംബ പ്പേരുകൾ ഉപേക്ഷിക്കാൻ തീരുമാനിച്ചു.

അതേ സമയം, ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടം ഇപ്പോഴും ജനകീയ ജനാധിപത്യത്തിന്റെതാണ്.

ജനകീയ ജനാധിപത്യ വിപ്ലവം സാമ്രാജ്യത്വ വിരുദ്ധവും ജനാധിപത്യപരവുമായ കടമകൾ നിർവ്വഹിക്കാൻ ആവശ്യപ്പെടുന്നു. വേണ്ടത്ര നവീകരണം ഉണ്ടായിട്ടുണ്ടെങ്കിലും, 12-ാം പാർട്ടി കോൺഗ്രസ് സ്വീകരിച്ച വിപ്ലവത്തിന്റെ പാതയ്ക്ക് 9-ാം കോൺഗ്രസിൽ അംഗീകരിക്കപ്പെട്ടതും 10-ാം കോൺഗ്രസിൽ

ഉറപ്പിച്ചതുമായവയിൽ നിന്നും അടിസ്ഥാനപരമായി യാതൊരു വ്യതിയാനവുമില്ല. അന്തർദേശീയവും ദേശീയവുമായ പശ്ചാത്തലത്തിൽ മൂർച്ചയേറിക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യങ്ങളെക്കുറിച്ചുള്ള സമൂർത്തമായ വിലയിരുത്തലും പാർട്ടി പരിപാടിയിൽ പ്രതിഫലിക്കുന്ന ആർ.എസ്.എസ് നവ ഫാസിസത്തിന്റെ ആവിർഭാവവും അംഗീകരിക്കപ്പെട്ട വിപ്ലവപാതയിലും പ്രതിഫലിക്കുന്നുണ്ട്. അതുപോലെ, പുതുക്കിയ പാർട്ടി പരിപാടിയുടെ ആശയ മണ്ഡലത്തിൽ നിന്നും, 2018 ലെ 11-ാം കോൺഗ്രസ് മുതലുള്ള സംഘടനാ അനുഭവങ്ങളെയും അടിസ്ഥാനമാക്കി, 12-ാം കോൺഗ്രസ് ഭരണഘടനയിലെ വിവിധ ഭേദഗതികൾ അംഗീകരിച്ചു. കഴിഞ്ഞ കോൺഗ്രസ് മുതലുള്ള കേന്ദ്ര കമ്മിറ്റിയുടെ രാഷ്ട്രീയ സംഘടനാ റിപ്പോർട്ടും അംഗീകരിച്ചു.

അടിസ്ഥാന രേഖകൾ സ്വീകരിക്കുന്നതിനൊപ്പം, ആർഎസ്എസിന്റെ നവ ഫാസിസത്തിനെതിരെ ഫാസിസ്റ്റ് വിരുദ്ധ വിശാല മുന്നണി കെട്ടിപ്പടുക്കുക എന്ന അടിയന്തര ദൗത്യം ഏറ്റെടുക്കുന്ന രാഷ്ട്രീയ പ്രമേയം അംഗീകരിച്ചതാണ് പാർട്ടി കോൺഗ്രസിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം.

തീർച്ചയായും, 2018-ൽ 11-ാം പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച രാഷ്ട്രീയ പ്രമേയം, മോഡി.1 ന്റെ ഫാസിസ്റ്റ് ആക്രമണങ്ങളും നിഷ്കരുണം അഴിച്ചുവിട്ടത് കണക്കിലെടുത്ത്, 'എല്ലാ വിപ്ലവ, ഇടതുപക്ഷ, ജനാധിപത്യ, പോരാട്ട ശക്തികളുടെയും ... കോർപ്പറേറ്റ് കാവിക്കെതിരെ... ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ അഖിലേന്ത്യാ തലത്തിൽ ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് ആഹ്വാനം ചെയ്തിരുന്നു. മോദി -2 ന്റെ ആധിപത്യം, ആർ.എസ്.എസ് അതിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ സമ്പൂർണ്ണ നവഫാസിസത്തിലേക്ക് മാ




റുമ്പോൾ, പാർട്ടി കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയം എല്ലാ ഫാസിസ്റ്റ് ഇതര ശക്തികളെയും ഏകോപിപ്പിച്ച്, അടിയന്തിരവും ഒഴിച്ചുകൂടാനാവാത്തതുമായ സമഗ്രമായ പ്രതിരോധ സമരപോരാട്ടങ്ങൾക്ക് ആഹ്വാനം ചെയ്യുന്നു. ഇവിടെ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ദൗർബ്ബല്ല്യം അത്തരമൊരു ദൗത്യത്തിൽ നിന്ന് വിട്ടുനിൽക്കുന്നതിനുള്ള ന്യായീകരണമാകരുത്. അതിനാൽ, നവഫാസിസത്തെ ചെറുക്കാനും പരാജയപ്പെടുത്താനും കഴിവുള്ള ശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അഭാവം അംഗീകരിച്ചുകൊണ്ട്, സോഷ്യൽ ഡെമോക്രാറ്റുകളും ഫാസിസ്റ്റ് ഇതര ഭരണവർഗങ്ങളും ഉൾപ്പെടെ എല്ലാ ഫാസിസ്റ്റ് ഇതര ശക്തികളുമായും അടവുപരമായ സഖ്യത്തിന് രാഷ്ട്രീയ പ്രമേയം ആഹ്വാനം ചെയ്യുന്നു. ഇത്തരമൊരു ഫാസിസ്റ്റ് വിരുദ്ധ സഖ്യത്തിന്റെ ഭാഗമാകുമ്പോൾ തന്നെ, തൊഴിലാളിവർഗത്തിന്റെയും അടിച്ചമർത്തപ്പെട്ടവരുടെയും താൽപ്പര്യങ്ങൾക്കൊപ്പം നിൽക്കാൻ ബാധ്യസ്ഥരായ കമ്മ്യൂണിസ്റ്റുകാർക്ക്, എല്ലാ ഭരണവർഗങ്ങൾക്കിടയിലും പരസ്പരം കടന്നുവരുന്ന വർഗ താൽപ്പര്യങ്ങളെക്കുറിച്ച് പൂർണ്ണ ബോധമുള്ളവർ, അത് ഉയർത്തിപ്പിടിക്കുന്ന കാര്യത്തിൽ ഒരു അലംഭാവവും കാണിക്കരുത്. അവരുടെ പ്രത്യയശാസ്ത്ര ലൈൻ വർഗ്ഗസമരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ആർഎസ്എസ് നവഫാസിസത്തിന്റെ ഒരു സവിശേഷത, അത് മനുഷ്യത്വരഹിതമായ ബ്രാഹ്മണിക്കൽ ജാതി വ്യവസ്ഥയാണ് എന്നതാണ്. മനുസ്മൃതിയാണ് അതിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറ. ഇപ്പോൾ ഭൂരിപക്ഷ ഹിന്ദുരാഷ്ട്രത്തിലേക്ക് ഭ്രാന്തമായ വേഗതയിൽ നീങ്ങുന്ന, ആർഎസ്എസിന്റെ 'സാംസ്കാരിക ദേശീയത'ക്ക് അനുസൃതമായി മുസ്ലിംകൾക്ക് പൗരത്വ അവകാശങ്ങൾ പോലും നിഷേധി

ക്കുന്ന കാര്യങ്ങളൊക്കെ അതിന്റെ ബ്രാഹ്മിണിക്കൽ ജാതി മേൽക്കോയ്മയുടെ വിവിധങ്ങളായ പ്രകാശനങ്ങളിലൊന്നു മാത്രമാണ്.

അതിനാൽ, പാർട്ടി കോൺഗ്രസ് ഊന്നിപ്പറഞ്ഞതു പോലെ, മനുവാദി-ഹിന്ദുത്വയ്ക്കെതിരായ എല്ലാ ജനാധിപത്യ ശക്തികളുമായും പുരോഗമന ബുദ്ധിജീവികളുമായും സമാന ചിന്താഗതിക്കാരായ ശക്തികളുമായും ചേരുന്ന ഉചിതമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ-സാംസ്കാരിക ഇടപെടലുകൾ ഇന്ത്യയിലെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.

ആർഎസ്എസ് നവഫാസിസത്തെ ചെറുക്കുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടിനൊപ്പം, ആഗോളതലത്തിൽ നവഫാസിസത്തിന്റെ അപകടകരമായ പ്രവണതയെ ചെറുക്കുന്നതിന് ഉചിതമായ മുൻകൈകൾ എടുക്കേണ്ടതിന്റെ അടിയന്തിര ആവശ്യവും പാർട്ടി കോൺഗ്രസ് അടിവരയിട്ടു പറഞ്ഞു. ഭൂരിപക്ഷ ഹിന്ദുത്വത്തെയൊ 'രാഷ്ട്രീയ ഹിന്ദുത്വത്തെയൊ' അതിന്റെ പ്രത്യയശാസ്ത്ര അടിത്തറയായി ഉപയോഗിക്കുന്ന ഇന്ത്യൻ ഫാസിസത്തെപ്പോലെ, എല്ലായിടത്തും കോർപ്പറേറ്റ്-ധനമൂലധനം ഭൂരിപക്ഷ മതത്തെയും മറ്റ് പിന്തിരിപ്പൻ ആശയങ്ങളെയും നവഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായി ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സമർത്ഥമാണ്. അമേരിക്കയിലെ ഇവാഞ്ചലിസം, പശ്ചിമേഷ്യയിലെ പൊളിറ്റിക്കൽ ഇസ്ലാം, ഇസ്രായേലിൽ സയണിസം, ആഫ്രിക്കയിൽ നിയോ ട്രൈബലിസം, ശ്രീലങ്കയിലും മ്യാൻമറിലും ബുദ്ധമതം എന്നിവ ഉദാഹരണങ്ങളാണ്.

തൊഴിലാളിവർഗ സാർവദേശീയതയെ അടിസ്ഥാനമാക്കിയുള്ളതും നവഫാസിസത്തെ വെല്ലുവിളിക്കുന്നതുമായ ഈ ആഗോള ദൗത്യം ഏറ്റെടുക്കുന്നതിൽ തൊഴിലാളിവർഗത്തിന്റെയും അടിച്ചമർത്തപ്പെട്ടവരുടെയും ഐക്യത്തിന് അനുസൃതമായി, അന്താരാഷ്ട്ര തലത്തിൽ സാമ്രാജ്യത്വ വിരുദ്ധ, ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണി കെട്ടിപ്പടുക്കാനുള്ള ICOR ന്റെ (CPI (ML) Red Star ഘടകമായ വിപ്ലവ പാർട്ടികളുടെയും സംഘടനകളുടെയും സാർവ്വദേശീയ ഏകോപന സമിതി) ശ്രമങ്ങളെ ശക്തിപ്പെടുത്താൻ പാർട്ടി കോൺഗ്രസ് തീരുമാനിച്ചു. ഈ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതോടൊപ്പം, ഇക്കാര്യത്തിൽ ആവശ്യമായ ഉഭയകക്ഷി ഇടപെടലുകൾ നടത്താനും ഇന്ന് സാമ്രാജ്യത്വത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് ധാരണ വികസിപ്പിക്കുന്നതിനുള്ള സൈദ്ധാന്തികവും പ്രത്യയശാസ്ത്രപരവുമായ മുൻകൈ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനും പാർട്ടി തീരുമാനിച്ചു.

മറ്റ് കാര്യങ്ങളോടൊപ്പം, പ്രത്യയശാസ്ത്ര-രാഷ്ട്രീയ ലൈനിന്റെയും സംഘടനാ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പാർട്ടി കെട്ടിപ്പടുക്കുന്ന വർഗ-ബഹുജന പ്രസ്ഥാനങ്ങളുടെയും ജനകീയ പ്രസ്ഥാനങ്ങളുടെയും പ്രക്രിയ വേഗത്തിലാക്കാൻ പാർട്ടി കോൺഗ്രസ് തീരുമാനിച്ചു.

കൂടുതൽ വ്യക്തമായി പറഞ്ഞാൽ, 12-ാം കോൺഗ്രസ് എല്ലാ കേഡർമാരോടും അത്യാധുനിക വിപ്ലവ സിദ്ധാന്തം ഗ്രഹിച്ച്, ജാതി വ്യവസ്ഥ, ലിംഗസമത്വത്തിനും പാരിസ്ഥിതിക സംരക്ഷണത്തിനുമുള്ള പോരാട്ടം, മുൻകാലങ്ങളിലെ പ്രായോഗിക അനുഭവത്തെ അടിസ്ഥാനമാക്കിയും ജനകീയ സമരങ്ങളെ നയിച്ചും, വർഗസമരങ്ങൾ തമ്മിലുള്ള പരസ്പരബന്ധം സ്വാംശീകരിച്ചുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കാൻ അഭ്യർത്ഥിച്ചു.

തൊഴിലാളികൾ, കർഷകർ, സ്ത്രീകൾ, ദലിതുകൾ, ആദിവാസികൾ, അടിച്ചമർത്തപ്പെട്ട ന്യൂനപക്ഷങ്ങൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, സാംസ്കാരിക, പരിസ്ഥിതി പ്രവർത്തകർ എന്നിവരടങ്ങുന്ന വിവിധ സമരമുഖങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വികസനത്തിന് ഇത് വഴിയൊരുക്കും. നവഫാസിസത്തിനെതിരായ പോരാട്ടത്തിൽ പ്രധാന പങ്ക് വഹിക്കാൻ നിശ്ചയമായും ഈ പുത്തൻ ഉണർവ്വിന് സാധിക്കും. വിപ്ലവ ശക്തികൾക്കിടയിൽ പ്രത്യയശാസ്ത്ര വ്യക്തത കൈവരിക്കുന്നതിനും സാഹസിക, അവസരവാദ പ്രവണതകളെ തുറന്നുകാട്ടുന്നതിനും ഒറ്റപ്പെടുത്തുന്നതിനും ഇത് വളരെയധികം സംഭാവന ചെയ്യും. അവസാനമായി, എന്നാൽ ശ്രദ്ധേയമായി, ജനങ്ങളുടെ ദയനീയമായ ജീവിത സാഹചര്യങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ട് കോൺഗ്രസ് അംഗീകരിച്ച വിവിധ പ്രമേയങ്ങൾ തീവ്ര വലതുപക്ഷ നവലിബറൽ നയങ്ങൾ ഉടൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ നയങ്ങളാണ് ഒരു വശത്ത് ലോകത്തെ കടുത്ത ദാരിദ്ര്യത്തിന്റെ കോട്ടയായി ഇന്ത്യയെ മാറ്റിയത്. മറുവശത്ത് ഒരു ചെറു ന്യൂനപക്ഷം വരുന്ന കോർപ്പറേറ്റ്- സാമ്പത്തിക ഉപരിവർഗ്ഗം എല്ലായിടത്തും നവ ഫാസിസവുമായി ഉദ്ഗ്രഥിക്കപ്പെട്ട് അമ്പരപ്പിക്കുന്ന രീതിയിൽ സമ്പത്ത് കുന്നുകൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കൃത്യമായി പറഞ്ഞാൽ, നവലിബറൽ-കോർപ്പറേറ്റ് വൽക്കരണത്തിനെതിരായ പോരാട്ടം, അഭൂതപൂർവമായ തൊഴിലില്ലായ്മ, കുതിച്ചുയരുന്ന വിലകൾ, പാരിസ്ഥിതിക നാശം മുതലായവ, പാർട്ടിയുടെ തന്ത്രപരമായ ദൗത്യത്തിന്റെ അവിഭാജ്യ ഘടകമായി, 12-ാം പാർട്ടി കോൺഗ്രസ് മുന്നോട്ട് വച്ച പരിപാടിയുടെയും വിപ്ലവത്തിന്റെ പാതയുടെയും അടിസ്ഥാനത്തിൽ, ജനകീയ ജനാധിപത്യത്തിലേക്കും സോഷ്യലിസത്തിലേക്കും മുന്നേറാനുള്ള പാർട്ടിയുടെ ദൗത്യമായി ഏറ്റെടുക്കണം.

# പാർട്ടികോൺഗ്രസിന് വിപ്ലവാഭിവാദ്യങ്ങൾ

## സഹോദരസംഘടനകളുടെയും സഖാക്കളുടെയും ആശംസകൾ

**പ്രമേയം**

**1. ജാതി വിശേഷണങ്ങൾ ഉപേക്ഷിക്കുന്നതിനുള്ള പ്രമേയം**

2022സെപ്റ്റംബർ 27-ന് കോഴിക്കോട് നടന്ന സി.പി.ഐ (എം.എൽ) റെഡ് സ്റ്റാർ 12-ാംപാർട്ടികോൺഗ്രസ്, അതിന്റെ കേന്ദ്ര കമ്മിറ്റി അംഗങ്ങൾ ജാതി വിശേഷണങ്ങൾ ഉപയോഗിക്കരുത് എന്ന് ഐക്യകണ്ഠേന തീരുമാനിച്ചു.

പുതിയ കേന്ദ്രകമ്മിറ്റി അംഗങ്ങൾ അത് അക്ഷരത്തിലും സ്പിരിറ്റിലും നടപ്പിലാക്കാൻ ഉചിതമായ നടപടികൾ കൈക്കൊള്ളണം.

ചർച്ചകൾക്ക് ശേഷം പാർട്ടി ഭരണഘടനാ ഭേദഗതി പാർട്ടി കോൺഗ്രസ് പ്രമേയം പാസ്സാക്കി.ഈ വ്യവസ്ഥ പാർട്ടിഭരണഘടനയിൽ പാർട്ടി അംഗങ്ങളുടെ പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട് ഉചിതമായി ഉൾപ്പെടുത്തും.

**സന്ദേശങ്ങൾ**

**സിപിഐ (എംഎൽ) റെഡ് സ്റ്റാർ ഇന്ത്യയുടെ 12-ാംപാർട്ടികോൺഗ്രസിന്ആശംസകളർപ്പിച്ചു കൊണ്ട് MLPDയുടെ സന്ദേശം**

പ്രിയ സഖാക്കളേ,

നിങ്ങളുടെ പാർട്ടികോൺഗ്രസിന് എംഎൽപിഡി കേന്ദ്രകമ്മിറ്റിയുടെയും അതിന്റെ യൂത്ത് ലീഗ് റിബലിന്റെയും കുട്ടികളുടെ സംഘടനയായ റെഡ് ഫോക്സിന്റെയും എല്ലാ അംഗങ്ങൾക്കും വേണ്ടി ആശംസകൾ അറിയിക്കുന്നതിൽ എനിക്ക് അഭിമാനവും സന്തോഷവും തോന്നുന്നു.

പ്രത്യേകിച്ചും, എംഎൽപിഡിയുടെ ചെയർവുമൺ ഗാബിഫെക്റ്റ്നർ, പാർട്ടിയുടെഇന്റർനാഷണലിസം സെക്രട്ടറി മോണിക്കഗാർട്ട്നർ-ഏംഗൽ, വർഷങ്ങളായി ഞങ്ങളുടെ ചെയർമാനും ഇന്നത്തെ സൈദ്ധാന്തിക സംഘടനയായ റെവല്യൂഷണർ വെഗിന്റെ തലവനുമായ സ്റ്റെഫാൻ ഏംഗൽ എന്നിവർ ആശംസകൾ അറിയിക്കാൻ എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഏകദേശം 20വർഷത്തെ അടുപ്പവും സൗഹൃദപരവും ക്രിയാത്മകവുമായ സഹകരണത്താൽ നമ്മുടെ പാർട്ടികൾ ഐക്യപ്പെട്ടിരിക്കുന്നു. നമ്മുടെ സംഘടനകളിലെ നിരവധി അംഗങ്ങൾ ഈ സമയത്ത് പരസ്പരം അറിയുകയും ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്.

എംഎൽപിഡിയുംസ്റ്റെഫാൻ ഏംഗലുംഐസിഎംഎൽപിഒയുടെനിർമ്മാണ സമയത്ത് സഖാവ് കെ എൻ രാമചന്ദ്രനുമായി അടുത്ത് പ്രവർത്തിച്ചിട്ടുണ്ട്, ഇവർ ഐസിഒആറിന്റെ സ്ഥാപക അംഗങ്ങളാണ്.

പുതിയ-സാമ്രാജ്യത്വ രാജ്യങ്ങളുടെ ആവിർഭാവത്തെക്കുറിച്ചുള്ള ഞങ്ങളുടെ വിലയിരുത്തലിൽ, അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ പോലും, നമുക്കിടയിൽ ക്രിയാത്മകമായ ഒരു സംവാദം നടന്നിരുന്നുവെന്നും അത് നടക്കുന്നുണ്ടെന്നുംഉള്ളതിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

നിങ്ങളുടെ പുസ്തകത്തിന്റെപ്രസിദ്ധീകരണത്തിന്റെകാര്യത്തിലെന്നപോലെ, നിങ്ങൾ രണ്ട് നിലപാടുകളും വിപുലമായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ അത് മാത്രമല്ല സഖാവ് സഞ്ജയ് സിംഗ്വിസ്ഥാപിതമായതുമുതൽ ഐസിഒആർ ഡെപ്യൂട്ടി മെയിൻ കോർഡിനേറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം സ്റ്റെഫാൻ ഏംഗലുമായി അടുത്ത് പ്രവർത്തിക്കുക മാത്രമല്ല, മോണിക്കഗാർട്ട്നർ-ഏംഗലിനെഅടിസ്ഥാനങ്ങൾ പഠിക്കാൻ സഹായിക്കുന്നതിൽ വളരെ പിന്തുണ നൽകുകയും ചെയ്തു. അത്തരമൊരു പദവി അദ്ദേഹം ഏറ്റെടുത്തത് വിപ്ലവ ലോക പ്രസ്ഥാനത്തിന് പ്രധാനമാണ്.

അന്താരാഷ്ട്ര പ്രസ്ഥാനത്തിന്റെചുമതലകൾക്കായിമാനവിക ശേഷിയും സമയവും ലഭ്യമാക്കിയതിന് നിങ്ങൾ വലിയ ആദരവും നന്ദിയും അർഹിക്കുന്നു. ഇത് ചെയ്യുന്നത് ഒരു തരത്തിലും ചെറിയ കാര്യമല്ല, പ്രത്യേകിച്ച് കൊവിഡ് കാരണം നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ട സഖാക്കളെ നഷ്ടപ്പെട്ടവേളയിൽ. സഖാക്കൾ ശർമ്മിഷ്ഠയുടെയും ശിവറാമിന്റെയും മറ്റുള്ളവരുടെയും വേർപാടിൽ ഞങ്ങളുടെ അനുശോചനം സ്വീകരിക്കുക.

ഈ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ് പ്രത്യേകിച്ചും 'ആഗോള സാമ്രാജ്യത്വ വ്യവസ്ഥയുടെ പ്രതിസന്ധിയുടെ തീവ്രത' ചർച്ച ചെയ്യാനും ലോകത്തിലെ 'വലിയ മാറ്റങ്ങൾ' വിശകലനം ചെയ്യാനും നിഗമനങ്ങളിൽ എത്തിച്ചേരാനുമാണ് ഉദ്ദേശിക്കുന്നതെന്ന് പാർട്ടി കോൺഗ്രസിനായി തയ്യാറാക്കിയ രേഖകളിൽ നിങ്ങൾ പ്രസ്താവിക്കുന്നു. യുക്രെയിൻ യുദ്ധത്തോ

ടെ വികസിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ലോക വ്യവസ്ഥിതിയുടെ ത്വരിതഗതിയിലുള്ള അസ്ഥിരീകരണത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിലാണ് നിങ്ങളുടെ പാർട്ടികോൺഗ്രസ് നടക്കുന്നത്. ഈ ഘട്ടം നിലനിൽക്കുന്നിടത്തോളം, ലോകം ഒരു നിർണ്ണായകഘട്ടത്തിലേയ്ക്കാണ് നീങ്ങുന്നത്: മൂന്നാം ലോകമഹായുദ്ധംഅല്ലെങ്കിൽ അന്താരാഷ്ട്ര സോഷ്യലിസ്റ്റ് വിപ്ലവം!

നമ്മൾ കടുത്ത രാഷ്ട്രീയ, സാമ്പത്തിക, പാരിസ്ഥിതിക, സൈനിക ആഗോള പ്രതിസന്ധിയിലൂടെ കടന്നു പോവുകയാണ്.ഉക്രെയ്ൻ യുദ്ധത്തോടെ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ രൂക്ഷമായ അപകടം ഉയർന്നുവന്നിരിക്കുന്നു. എല്ലാത്തിനുമുപരി, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ആദ്യമായി, പ്രധാന സാമ്രാജ്യത്വ ഗ്രൂപ്പുകൾ നേരിട്ട് ഒരു സൈനിക ഏറ്റുമുട്ടലിൽ പരസ്പരം അഭിമുഖീകരിക്കുന്നു. സാമ്രാജ്യത്വത്തിനും യുദ്ധത്തിനുമെതിരെ ഒരു അന്താരാഷ്ട്ര ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള സംയുക്ത പ്രതിബദ്ധതകൂടുതൽ പ്രസക്തമാവുന്നുണ്ട്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിഭജനവും നിങ്ങൾ കരടിൽ സ്പർശിക്കുന്നു. അത് ഉണ്ടാക്കിയ തിരിച്ചടികൾ ഇപ്പോഴും മറികടക്കാൻ കഴിഞ്ഞിട്ടില്ല. തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിലും വിപുലീകരിക്കുന്നതിലും നിങ്ങൾക്ക് എല്ലാ വിജയവും ഞങ്ങൾ നേരുന്നു.

ഇന്ത്യ ഇന്ന് അന്താരാഷ്ട്ര വർഗസമരത്തിന്റെ കേന്ദ്രമായിത്തീരുന്നുണ്ട് എന്നതുകൊണ്ടാണ് നമ്മൾ ഇതെല്ലാം ഏറ്റവും താൽപ്പര്യത്തോടെപിന്തുടരുന്നതിന്റെ മറ്റൊരു കാരണം: ലോകത്തിലെ മറ്റൊരു രാജ്യത്തും കൂടുതൽ പ്രതിഷേധങ്ങളോ പണിമുടക്കുകളോ കർഷക അശാന്തിയോ ചരിത്രപരമായ പൊതു പണിമുടക്കുകളോ ഇല്ല. നിങ്ങളുടെ അനുഭവത്തെക്കുറിച്ച് കേൾക്കാൻ ഞങ്ങൾക്ക്താൽപ്പര്യമുണ്ട്.

അതേ സമയം, ഫാസിസ്റ്റ് മോഡിയുടെ കീഴിൽ വലതുപക്ഷ വികസനവും ഭരണകൂട സംവിധാനത്തിന്റെഫാസിസ്റ്റീകരണവും - മൂർച്ചയുള്ള സാമൂഹിക ധ്രുവീകരണത്തിലേയ്ക്കാണ് നയിക്കുന്നത്! മറുവശത്ത്, ഞങ്ങളുടെ വിശകലനം കാണിക്കുന്നത്, പ്രത്യേകിച്ചും കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ ഇന്ത്യയുടെ പുതിയ-സാമ്രാജ്യത്വ സ്വഭാവം കൂടുതൽ ശക്തമായി വികസിച്ചിരിക്കുന്നു എന്നാണ്. മാർക്സിസ്റ്റ്-ലെനിനിസ്റ്റുകളുടെ തന്ത്രത്തിനും അടവുകൾക്കും അടിസ്ഥാനപരമായ പ്രാധാന്യം സൃഷ്ടിക്കുന്നത് വർഗ്ഗശത്രുവിന്റെ സവിശേഷതകളാണ്. ഇതിനെക്കുറിച്ചുള്ള അന്താരാഷ്ട്ര ചർച്ചകൾ സ്തംഭനാവസ്ഥയിലാകരുതെന്ന് വിമർശനാത്മകമായും സ്വയം വിമർശനപരമായുംനമ്മൾ തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട്, ഇക്കാരണത്താൽ, നിങ്ങളുടെ പാർട്ടികോൺഗ്രസിനുമ്പായിഞങ്ങൾ കൂടുതൽ വിശകലനങ്ങൾ നടത്തിയിട്ടുണ്ട്. അത് നിങ്ങൾക്ക്മുന്നിൽ അവതരിപ്പിക്കാനും നിങ്ങളോട് ചർച്ചചെയ്യാനും ഞങ്ങൾ ആഗ്രഹിക്കുന്നു.ലോകത്തെ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾക്ക്, പ്രത്യയശാസ്ത്ര പോരാട്ടത്തിന്റെ ഏത് ഘട്ടത്തെയും മറികടക്കാനുള്ള പൊതു കടമയുണ്ട്. എന്നിരുന്നാലും, വൈരുദ്ധ്യാത്മക രീതി, മാർക്സിസം-ലെനിനിസത്തിന്റെ ജീവസ്സുറ്റ കരുത്തിന് ശ്രേഷ്ഠതയ്ക്കും, വിപ്ലവ പാർട്ടിയെദുർബലപ്പെടുത്തുന്ന, ഉൾപ്പാർട്ടിവൈരുദ്ധ്യങ്ങൾ വ്യക്തമാക്കുന്നതിനും പിളർപ്പുകൾ തടയുന്നതിനുമുള്ള താക്കോലാണ്. തീർച്ചയായും, അന്താരാഷ്ട്ര സോഷ്യലിസ്റ്റ് വിപ്ലവത്തിനായി തൊഴിലാളിവർഗത്തെയും ജനകീയ ജനസമൂഹത്തെയും വിജയിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ളതാക്കോൽ കൂടിയാണത്.

## ബംഗ്ലാദേശ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശംസകൾ

പ്രസീഡിയത്തിലെ ബഹുമാനപ്പെട്ട സഖാക്കളേ, ബഹുമാനപ്പെട്ട സഹോദര പ്രതിനിധികളേ, പ്രിയ സഖാക്കളേ, സുഹൃത്തുക്കളേ,

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ് - ലെനിനിസ്റ്റ്) റെഡ് സ്റ്റാറിന്റെ ഈ ചരിത്രപരമായ 12-ാമത് കോൺഗ്രസിനെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ് (സിപിബി) സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യുന്നു, അതിന്റെ വൻ വിജയത്തിന് ആശംസിക്കുന്നു.

സിപിഐ(എം.എൽ) റെഡ് സ്റ്റാറിന്റെ 12-ാമത്കോൺഗ്രസ്, കോവിഡ് -19 പാൻഡെമിക് കാലഘട്ടത്തിലെ വളരെ വെല്ലുവിളി നിറഞ്ഞ സമയത്താണ് യോഗം ചേരുന്നത്. നിങ്ങൾ അഭിമുഖീകരിക്കുന്ന നിരവധി വെല്ലുവിളികൾ നിറവേറ്റുന്നതിൽ നിങ്ങളുടെ പാർട്ടി വിജയിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. വരും നാളുകളിലെ സാമ്രാജ്യത്വത്തിനെതിരായപോരാട്ടത്തിൽ ബംഗ്ലാദേശിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നിങ്ങളുടെ പാർട്ടിക്കൊപ്പംഉറച്ചുനിൽക്കുമെന്ന്ഞങ്ങൾ ഉറപ്പ് നൽകാൻ ആഗ്രഹിക്കുന്നു.

ബംഗ്ലാദേശിൽ ഞങ്ങൾ ഞങ്ങളുടെ രാജ്യത്തിന്റെനിർണായക രാഷ്ട്രീയ സാഹചര്യത്തിലാണ്. ഒരു വശത്ത് ഇസ്ലാമിക ഫാസിസ്റ്റ് മതമൗലികശക്തികൾ ആക്രമണം ശക്തമാക്കുകയും മറുവശത്ത് ഭരണകൂടം ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയും അതിന്റെപ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ അടിച്ചമർത്തുകയും ചെയ്യുന്നു.

ജനാധിപത്യപരമായഅധികാരക്കൈമാറ്റ സംവിധാനത്തെ സർക്കാർ പ്രായോഗികമായി തകർത്തു. അവർ എല്ലാ ജനാധിപത്യ സ്ഥാപനങ്ങൾ- അതായത് തെരഞ്ഞെടുപ്പ് കമ്മീഷൻ, ജുഡീഷ്യറി, അഴിമതി വിരുദ്ധ കമ്മീഷൻ മുതലായവ-യ്ക്കും ഗുരുതരമായ കേടുപാടുകൾ വരുത്തിക്കഴിഞ്ഞു. ജനങ്ങളെ ആശ്രയിക്കുന്നതിനുപകരം, ഭരണസഖ്യം സൈന്യത്തെയും സിവിൽ ബ്യൂറോക്രസിയെയും ആശ്രയിച്ചാണ് രാജ്യം ഭരിക്കുന്നത്. തൽഫലമായി, അഴിമതി അഭൂതപൂർവമായഅളവിൽ വർദ്ധി

ച്ചു.ഞങ്ങളുടെ രാജ്യത്ത രണ്ട് പ്രധാന ബൂർഷാപാർട്ടികളും സാമ്രാജ്യത്വ അനുകൂലികളാണ്. ഞങ്ങളുടെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാനുംരാജ്യത്തിന്റെആഭ്യന്തരകാര്യങ്ങളിൽ കടന്നുകയറാനും സാമ്രാജ്യത്വത്തെ അവർ അനുവദിക്കുന്നു.

അധ്വാനിക്കുന്നവരുടെ സാമ്പത്തിക സ്ഥിതി വഷളാകുന്നത്, പണപ്പെരുപ്പവും തൊഴിലില്ലായ്മയും കുതിച്ചുയരുന്നത്, വ്യാവസായിക തൊഴിലാളികൾക്ക് വളരെ കുറഞ്ഞ വേതനം മാത്രം ലഭിയ്ക്കുന്നത്, ട്രേഡ് യൂണിയൻ അവകാശങ്ങളുടെ അഭാവം നിലനിൽക്കുന്നത്, അഴിമതിയും ജനാധിപത്യ അവകാശങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് ഭരണകക്ഷിയായ ബൂർഷാപാർട്ടികളുടെ ക്രൂരമായ പര്യവേക്ഷണം നടക്കുന്നത്, വഴിവിട്ട കൊലപാതകങ്ങൾ അരങ്ങേറുന്നത്, ഭരണകൂട ഭീകരതയുടെ വാഗ്ദാനങ്ങൾ കേവലം പ്രഹസനമാകുന്നത്- ഇവയെല്ലാം സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിയുടെ ഉടനടി മാറ്റം ആവശ്യപ്പെടുന്ന ഒരു സാഹചര്യം സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്. കൊള്ള-ബൂർഷ്വാ ഭരണം അവസാനിപ്പിച്ച്, നമ്മുടെ വിമോചന ലക്ഷ്യമായ ദേശീയത, സോഷ്യലിസം എന്നിങ്ങനെയുള്ള അടിസ്ഥാന തത്വങ്ങളിലേക്ക് രാജ്യം മടങ്ങേണ്ടതുണ്ട്.

കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി മാറിമാറി അധികാരത്തിലിരിക്കുന്ന രണ്ട് ബൂർഷാപാർട്ടികളെമാറ്റിനിർത്താൻ പ്രാപ്തമായ ഒരു ഇടതുപക്ഷ ജനാധിപത്യ ബദലിന്റെ രൂപീകരണത്തിനായി പ്രവർത്തിക്കാനുള്ള തന്ത്രങ്ങളാണ് സിപിബി സ്വീകരിച്ചത്. ഈ ആഹ്വാനത്തോടെ ഞങ്ങളുടെ പാർട്ടിസിപിബി കഴിഞ്ഞ ഫെബ്രുവരിയിൽ ബംഗ്ലാദേശിലെ ധാക്കയിൽ 12-ാമത്കോൺഗ്രസ്നടത്തുകയുണ്ടായി.

പ്രിയ സഖാക്കളേ,

ഇന്ന്, സാമ്രാജ്യത്വം രാഷ്ട്രീയമായും സാമ്പത്തികമായും സൈനികമായും കൂടുതൽ ആക്രമണാത്മകമായി മാറിയിരിക്കുന്നു, സോഷ്യലിസത്തിനും മാർക്സിസം-ലെനിനിസത്തിനും എതിരായ പ്രത്യയശാസ്ത്രപരമായ ആക്രമണം കൂടി ശക്തമാക്കിയിരിക്കുന്നു. സമാധാനത്തിന്റെയുംജനാധിപത്യത്തിന്റെയും പുരോഗതിയുടെയും എല്ലാ ശക്തികൾക്കുമെതിരായ ആക്രമണങ്ങളും അത് തീവ്രമാക്കിയിട്ടുണ്ട്.

ലോകത്തിലെ വിപ്ലവ തൊഴിലാളി വർഗപാർട്ടികൾ അവരുടെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയും സാമ്രാജ്യത്വത്തിനെതിരായപ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ പോരാട്ടം ഐക്യത്തോടെ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യേണ്ടത് അടിയന്തിര അനിവാര്യ ആവശ്യമാണ്. അത്തരമൊരുസന്ദർഭത്തിൽ, ഏതൊരു കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലെയും ഏതെങ്കിലും തരത്തിലുള്ള പിളർപ്പ് വളരെ നിരാശാജനകമാണ്, അതിനാൽ ഞങ്ങളുടെ പാർട്ടി കമ്മ്യൂണിസ്റ്റ് ഐക്യത്തിന് ഉയർന്നമുൻഗണനനൽകുന്നു. അതുകൊണ്ട് ഇന്ത്യയിലെ ഏകീകൃത കമ്മ്യൂണിസ്റ്റ്, ഇടതുപക്ഷ ശക്തികൾ എന്നും ഞങ്ങളുടെ പ്രചോദനത്തിന്റെ ഉറവിടങ്ങളായിരിക്കും.

പ്രിയ സഖാക്കളേ,

മാനവികത സമാനതകളില്ലാത്ത അപകടങ്ങളെ അഭിമുഖീകരിക്കുന്ന സമയത്താണ് നിങ്ങളുടെ കോൺഗ്രസ്നടക്കുന്നത്. അമേരിക്കൻ സാമ്രാജ്യത്വം കൂടുതൽ അക്രമാസക്തമാവുകയും ദക്ഷിണേഷ്യൻ മേഖലയിൽ ശാശ്വതമായ ആധിപത്യം അടിച്ചേൽപ്പിക്കാനുള്ളസൈനികമോഹം നടപ്പിലാക്കുകയും ചെയ്യുന്നത് ആ സാമ്രാജ്യത്വ ഗൂഢാലോചനയുടെ അപകടകരമായ സൂചനയാണ്.എന്നിരുന്നാലും, മാനവികത തിരിച്ചടിക്കാൻ തുടങ്ങുന്നു. അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ ആക്രമണത്തിനും അധിനിവേശത്തിനും എതിരായ പോരാട്ടങ്ങൾ ലോകമെമ്പാടും ശക്തിപ്പെട്ടു. നാമോരോരുത്തരും നമ്മുടെ രാജ്യങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. പുതിയ നൂറ്റാണ്ടിലെ ഈ പോരാട്ടത്തിൽ ബംഗ്ലാദേശിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നിങ്ങളുടെ പാർട്ടിക്കൊപ്പംഉറച്ചു നിൽക്കുന്നു.

സിപിഐ(എം.എൽ) റെഡ് സ്റ്റാറിന്റെ12-ാമത്കോൺഗ്രസ് അഭിമുഖീകരിക്കുന്ന വെല്ലുവിളി നിറഞ്ഞ ദൗത്യങ്ങൾ നിറവേറ്റുന്നതിൽ വൻ വിജയത്തിന് ആശംസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റെഡ് സല്യൂട്ട്
അൻവർ ഹുസൈൻ റെസ
കേന്ദ്ര കമ്മിറ്റി അംഗം,
കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ്.

## MLKP തുർക്കി/കുർദിസ്ഥാനിൽ നിന്നുള്ള ആശംസകൾ!

സിപിഐ(എം.എൽ) റെഡ് സ്റ്റാറിലെ പ്രിയ സഖാക്കളെ,

വിജയത്തിനായുള്ള ഞങ്ങളുടെ ആത്മാർത്ഥമായ ആശംസകൾ അറിയിക്കുകയും നിങ്ങളുടെ 12-ാംപാർട്ടികോൺഗ്രസ് വളരെ വിജയകരമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചകങ്ങളിലൊന്നായ നിങ്ങളുടെ പാർട്ടികോൺഗ്രസ്, നിങ്ങളുടെ പോരാട്ടംഇന്ത്യയിലെമ്പാടുംഉയർത്തുമെന്നതിൽ ഞങ്ങൾക്ക് സംശയമില്ല. കോൺഗ്രസിന്റെ തയ്യാറെടുപ്പ് കാലയളവിലെ കഠിനാധ്വാനത്തിന് എല്ലാ പാർട്ടി അംഗങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുകയും നിങ്ങളുടെ സമ്മേളനങ്ങൾക്ക് നേരെയുള്ള ഫാസിസ്റ്റ് ആക്രമണങ്ങൾക്കെതിരെ ഞങ്ങളുടെ ഐക്യദാർഢ്യസന്ദേശങ്ങൾ അയയ്ക്കുകയും ചെയ്യുന്നു.

നിങ്ങൾ ഞങ്ങൾക്ക് അയച്ചുതന്ന പാർട്ടി പരിപാടിയുടെ ഡ്രാഫ്റ്റുകൾ ഞങ്ങൾ ആകാംക്ഷയോടെ അവലോകനം ചെയ്തു, പല പ്രധാന വിഷയങ്ങളിലും ഞങ്ങൾ പ്രത്യയശാസ്ത്രപരമായി ഐക്യപ്പെടുന്നതായിഒരിക്കൽ കൂടി കാണുകയും ചെയ്തു.നിങ്ങളുടെ പാർട്ടികോൺഗ്രസിൽ പങ്കെടുക്കാനും അവിടെ വിപ്ലവകരമായ

അന്തരീക്ഷം അനുഭവിക്കാനും ഞങ്ങൾ ആഗ്രഹിച്ചിരുന്നു, പക്ഷേ നിർഭാഗ്യവശാൽ, ഞങ്ങളുടെ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയിലോ അന്താരാഷ്ട്ര ബ്യൂറോയിലോ ഉള്ള ഞങ്ങളുടെ സഖാക്കൾക്ക് നിങ്ങളുടെ പാർട്ടികോൺഗ്രസിൽ പങ്കെടുക്കാനുള്ള സാഹചര്യം ഉണ്ടായില്ല.

പോരാട്ടത്തിന്റെ വ്യത്യസ്ത നിമിഷങ്ങളുടെയും മണ്ഡലങ്ങളുടെയും തീവ്രത ശാരീരികമായി ഒത്തുചേരാൻ ഞങ്ങളെ അനുവദിക്കുന്നില്ലെങ്കിലും, ഞങ്ങളുടെ അന്താരാഷ്ട്ര ഐക്യദാർഢ്യവുമായി ഞങ്ങൾ നിങ്ങളോടൊപ്പമാണെന്ന് നിങ്ങൾ അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. 'സാമ്രാജ്യത്വം, യുദ്ധം, ഫാസിസം' എന്ന വിഷയത്തെക്കുറിച്ചുള്ള നിങ്ങളുടെ ചർച്ചയ്ക്കായിഞങ്ങൾ തയ്യാറാക്കിയ വാചകം അറ്റാച്ചുമെന്റിൽ ഉണ്ട്. സമയപരിധി കഴിഞ്ഞെങ്കിലും നിങ്ങൾക്ക് ഇത് അയക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. ഈ കാലതാമസത്തിന് ഞങ്ങൾ ക്ഷമ ചോദിക്കുന്നു. വാചകം തീരുമാനിച്ച ദൈർഘ്യത്തിന്റെ പരിധി കവിഞ്ഞാൽ അതനുസരിച്ച് നിങ്ങൾക്ക് അത് ചെറുതാക്കാം. പ്രതിസന്ധികൾ നിറഞ്ഞ ഈ നിർണായകകാലഘട്ടത്തിൽ ലോകമെമ്പാടുമുള്ള വിപ്ലവ പാർട്ടികളെ പരസ്പരം നന്നായി മനസ്സിലാക്കാൻ ഈ ചർച്ച സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഒരിക്കൽ കൂടി, വിജയകരമായ ഒരു കോൺഗ്രസ് ആശംസിക്കുന്നു, എല്ലാ സഖാക്കളെയും അഭിവാദ്യം ചെയ്യുന്നു.വിപ്ലവ ആശംസകൾ, ഇന്റർനാഷണൽ ബ്യൂറോ MLKP തുർക്കി/കുർദിസ്ഥാൻ

**സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശിന്റെ ആശംസകൾ**

സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ്-എസ്പിബിയുടെ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

നിങ്ങളുടെ പാർട്ടിയായ സിപിഐ(എം-എൽ)-റെഡ് സ്റ്റാറിന്റെ12-ാമത്കോൺഗ്രസ്2022 സെപ്തംബർ 24 മുതൽ 29 വരെ നടക്കാൻ പോവുകയാണല്ലോ. വലിയ താൽപ്പര്യമുണ്ടായിട്ടും, കോൺഗ്രസിലും കൂടാതെ അന്താരാഷ്ട്ര സെമിനാറിലും പങ്കെടുക്കാൻ കഴിയാത്തതിൽ ഞങ്ങൾ ആദ്യം ഖേദം പ്രകടിപ്പിക്കുന്നു.

ആയതിനാൽ ഈ ആശംസാ കത്തിനോടൊപ്പംഞങ്ങൾ സെമിനാർ പേപ്പർ അയയ്ക്കുന്നു.

സഖാവേ, ഇന്ത്യയിലെ വിപ്ലവ പ്രസ്ഥാനം ഇന്ത്യക്ക് മാത്രമല്ല, തെക്കുകിഴക്കൻ ഏഷ്യക്ക്മുഴുവൻ വളരെ പ്രധാനമാണ്.ബഹുഭാഷകളുംബഹുസാംസ്കാരികതകളും ഉള്ള ഈ രാജ്യത്ത് ഒരു വിപ്ലവ പ്രസ്ഥാനം മുന്നോട്ട് കൊണ്ടുപോകുന്നത് എത്ര ബുദ്ധിമുട്ടാണെന്ന് ഞങ്ങൾക്കറിയാം. മാത്രമല്ല, ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ മുതലാളിത്ത സമ്പദ്വ്യവസ്ഥകളിലൊന്നായതിനാൽ സാമ്രാജ്യത്വ-മുതലാളിത്തവും ഇവിടെ സമന്വയിച്ചിരിക്കുന്നു.

ഇന്ന് ലോകമെമ്പാടുമുള്ള മുതലാളിത്ത ലോക വ്യവസ്ഥിതി ഫാസിസ്റ്റ് പ്രവണതയിലേക്ക് നീങ്ങുകയാണ്. അമേരിക്കയിലെ ട്രംപിസത്തിലൂടെയോ ഇന്ത്യയിലെ മോദിസർക്കാരിന്റെ പങ്കിലൂടെയോ നിരീക്ഷിക്കപ്പെടുന്നത് അതാണ്. ഒരു വശത്ത്, അടിച്ചമർത്തലിലൂടെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കുന്നു, ഉഗ്രമായ ഹിന്ദുത്വത്തിന്റെഉയർച്ചയിൽ ഇന്ത്യ മുഴുവൻ ഇപ്പോൾ മുറിവേറ്റിരിക്കുന്നു. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകൾ ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിലാണ് സമരം ചെയ്യുന്നത്.ഞങ്ങളുടെ രാജ്യമായ ബംഗ്ലാദേശിൽ, ഭരിക്കുന്ന അവാമി ലീഗ് സർക്കാർ 14 വർഷമായി ജനങ്ങളുടെ പിന്തുണയില്ലാതെ രണ്ട് അട്ടിമറി തെരഞ്ഞെടുപ്പുകളിലൂടെ അധികാരത്തിൽ തുടരുന്നു. കരിനിയമങ്ങളാൽ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ അടിച്ചമർത്തപ്പെടുന്നു. മുതലാളിമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ എല്ലാ സജ്ജീകരണങ്ങളും ഒരുക്കി ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. മത-വിഭാഗീയ പ്രേരണയാണ് വോട്ട് രാഷ്ട്രീയം പരിപോഷിപ്പിച്ചു കൊണ്ടിരിയ്ക്കുന്നത്.

നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നുകൊണ്ടിരിയ്ക്കുന്നു. സാമ്പത്തികഅസമത്വംവർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളും ഞങ്ങളുടെ കഴിവിന്റെ പരമാവധി ഈ പ്രതിബന്ധങ്ങൾക്കെതിരെ പോരാടുകയാണ്.

ലോകമെമ്പാടുമുള്ള വിപ്ലവ പ്രസ്ഥാനങ്ങൾ പരസ്പരം സ്വാധീനിക്കുകയും സഹകരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരൻ എന്ന നിലയിൽ, ഇന്ത്യയിലെ അധ്വാനിക്കുന്ന ജനങ്ങളുടെ പോരാട്ടം ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നുണ്ട്.

സിപിഐ(എം-എൽ) റെഡ് സ്റ്റാറിന്റെകോൺഗ്രസ് വിജയിക്കുമെന്നും ഇന്ത്യയിലെ അധ്വാനിക്കുന്ന ജനങ്ങളുടെ സമരോപകരണങ്ങൾ ശക്തിപ്പെടുത്തുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതാണ് ഞങ്ങളുടെ ടീമിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഒരിക്കൽ കൂടി, നിങ്ങളുടെ പാർട്ടിയിലെ എല്ലാ പ്രതിനിധികൾക്കുംപ്രവർത്തകർക്കുംഅനുഭാവികൾക്കുംഎന്റെ ആശംസകളും റെഡ് സല്യൂട്ട്കളുംഅയക്കുന്നു.

വിപ്ലവ ആശംസകളോടെ
ബസ്‌ലൂർ റഷീദ് ഫിറോസ്
ജനറൽ സെക്രട്ടറി
കേന്ദ്ര കമ്മിറ്റി
സോഷ്യലിസ്റ്റ് പാർട്ടി ഓഫ്
ബംഗ്ലാദേശ്-എസ്പിബി

**ഡോ.ഷംസുൽ ഇസ്ലാമിന്റെ ആശംസകൾ**



എന്റെ പ്രിയ സഖാക്കളേ,
വിപ്ലവ ആശംസകൾ!

നമ്മുടെ രാജ്യത്തിന്റെ ച

രിത്രത്തിലെ വളരെ നിർണായക മായ ഒരു ഘട്ടത്തിലാണ് സിപി ഐ (എം-എൽ) റെഡ് സ്റ്റാറി ന്റെ12-ാംപാർട്ടികോൺഗ്രസ് നട ക്കുന്നത്. മനുവാദിഹിന്ദുത്വത്തി ന്റെ പതാകവാഹകരായ ആർഎ സ് എ സ് ന വ ഫാ സി സ്റ്റ് സം ഘ ത്തിൽപ്പെട്ടഭരണാധികാരികൾ ഇ ന്ത്യയുടെ സാമൂഹികവും രാഷ്ട്രീ യവും സാംസ്കാരികവും മതപര വുമായ മേഖലകളിൽ തങ്ങളുടെ മേധാവിത്വം സ്ഥാപിക്കാൻ കാലാ കാലങ്ങളായിപ്രവർത്തിച്ചു കൊ ണ്ടിരിക്കയാണ്. അത് പറഞ്ഞറിയി ക്കാൻ പറ്റാത്ത- സമാനതകളില്ലാ ത്ത ദുരിതമാണ് തൊഴിലാളിവർ ഗം, കർഷകർ, ദലിതർ, ആദിവാ സികൾ, സ്ത്രീകൾ, ന്യൂനപക്ഷ ങ്ങൾ, പ്രത്യേകിച്ച് മുസ്ലീങ്ങളുംക്രി സ്ത്യാനികളും കൂടാതെ ഇന്ത്യൻ ജനസമൂഹത്തിലെമറ്റെല്ലാ നിരാ ലംബ വിഭാഗങ്ങളും അടങ്ങുന്ന ബഹുജനവിഭാഗങ്ങൾക്ക് ഉണ്ടാ ക്കുന്നത്.

സിപിഐ (എം-എൽ) റെഡ് സ്റ്റാറിന്റെ12-ാംപാർട്ടികോൺ ഗ്രസ് നവ ഫാസിസ്റ്റ് ഭരണാധികാ രികൾ ഉയർത്തിയ ഈ അസാധാ രണ വെല്ലുവിളി ചർച്ച ചെയ്യുമെ ന്നും മാർക്സിസം-ലെനിനിസ ത്തെ അടിസ്ഥാനമാക്കിയുള്ള പാഠങ്ങളിലൂടെ നിയോ ഫാസിസ്റ്റ് ആക്രമണത്തെ നേരിടാനും പരാ ജയപ്പെടുത്താനുമുള്ള അടവുക ളും തന്ത്രവും രൂപപ്പെടുത്തുമെ ന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഇന്ത്യയിലും വിദേശത്തും നടന്ന വിപ്ലവ സമരങ്ങളുടെ. ഒരു മുൻനിര വിപ്ലവ ശക്തി എന്ന നി ലയിൽ സിപിഐ (എം-എൽ) റെ ഡ് സ്റ്റാർ കോൺഗ്രസിനുമ്പിലുള്ള ദൗത്യം വളരെ വ്യക്തമാണ്.കോ ഴിക്കോട്ട് നടക്കുന്ന ഈ വിപ്ലവസം ഗമത്തിൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിച്ചു.പക്ഷേ ഒഴിവാകാനാ വാത്തകാരണത്താൽ ചേരാൻ ക ഴിഞ്ഞില്ല. എല്ലാ പ്രതിനിധികൾ ക്കുംപങ്കെടുക്കുന്നവർക്കുംഞാൻ എന്റെ ഊഷ്മളമായ വിപ്ലവാശം സകൾ നേരുന്നു, കൂടാതെ സിപി ഐ (എം-എൽ) റെഡ് സ്റ്റാറി ന്റെ12-ാംപാർട്ടികോൺഗ്രസിന് വൻ വിജയം നേരുന്നു.
നിങ്ങളുടെ സഖാവ്
ഷംസുൽ ഇസ്ലാം



**ഡോ. രാംപുനിയാനിയുടെ ആശംസകൾ**

പ്രിയ സുഹൃത്തുക്കളേ,
സഖാക്കളേ,

കേരളത്തിലെ കോഴി ക്കോട്ട് നടക്കുന്ന സിപിഐ (എം -എൽ) 12-ാംപാർട്ടികോൺഗ്രസി നോടനുബന്ധിച്ച്നിങ്ങൾക്കെല്ലാ വർക്കും ഊഷ്മളമായ ആശംസ കൾ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ജനാധിപത്യത്തോടും ബ ഹുസ്വരതയോടും പ്രതിബദ്ധതയു ള്ള സുഹൃത്തുക്കളെന്ന നിലയിൽ, നമ്മുടെ ദേശീയ സൗഹാർദ്ദം, സ്വാ തന്ത്ര്യം, സമത്വം എന്നിവയുടെ മൂ ല്യങ്ങൾക്ക് നേരെ രാജ്യം എക്കാ ലത്തെയും മോശമായ ആക്രമണം നേരിടുന്നുണ്ടെന്ന് നമുക്കറിയാം. മതത്തിന്റെയുംഹിന്ദുത്വത്തിന്റെ യും വേഷം കെട്ടിയ രാഷ്ട്രീയം, സ മൂഹത്തിലെ പാവപ്പെട്ട, പാർശ്വ വൽക്കരിക്കപ്പെട്ട, സമരം ചെയ്യുന്ന വിഭാഗങ്ങളുടെ അവകാശങ്ങൾ ക്കായി പോരാടുന്ന സാമൂഹിക പ്ര സ്ഥാനങ്ങളെ അടിച്ചമർത്തുകയാണ്.

മതന്യൂനപക്ഷങ്ങളെയും ഇത് പീഡിപ്പിക്കുന്നു. ഹിന്ദു ദേശീ യതയെ ചുറ്റിപ്പറ്റിയുള്ളസ്വേച്ഛാധി പത്യം സൃഷ്ടിച്ചു കൊണ്ടരിക്കയാ ണ്. സമരം ചെയ്യുന്ന ജനങ്ങളുടെ അവകാശങ്ങൾക്കുംഅന്തസ്സിനുമു ള്ള ഏറ്റവും വലിയ പ്രതിബന്ധമാ ണിത്.

തൊഴിലാളികൾ, കർഷ കർ, ആദിവാസികൾ, സ്ത്രീകൾ, മതന്യൂനപക്ഷങ്ങൾ തുടങ്ങിയസ മൂഹത്തിലെ വിഭാഗങ്ങളോട് ഐ ക്യദാർഢ്യത്തോടെനിലകൊള്ളേ ണ്ടതുണ്ട്.

ഹിന്ദുത്വത്തിന്റെ സങ്കുചി ത വിഭാഗീയ അജണ്ടയെ എതിർ ക്കുന്ന രാഷ്ട്രീയ പാർട്ടികളുമായി സഖ്യത്തിൽ നിൽക്കുക എന്നത് നമ്മുടെ പരമമായ കടമയാണ്. രാ ഷ്ട്രം വഴിത്തിരിവിലാണ്.ജനാധിപ ത്യ ശക്തികളെ ശക്തിപ്പെടുത്താ നും ചൂഷണ രഹിത സമൂഹത്തി നായുള്ള നമ്മുടെ ദൃഢനിശ്ചയ ത്തിന്കരുത്തുപകരാനും കഴിയു ന്നത് നമ്മുടെ യോജിച്ച പോരാട്ട ത്തിലൂടെയാണ്.സഖാക്കൾ ഈ വിഷയങ്ങളിൽ ചർച്ചകൾ നടത്തേ ണ്ടതുണ്ട്. വർഗീയശക്തികൾക്കെ തിരെ പോരാടുകയും അത്തരം പോരാട്ടങ്ങളിലൂടെ നമുക്ക് ജനാ ധിപത്യ ധാർമ്മികത പുനഃസ്ഥാപി ക്കാൻ കഴിയും എന്ന് എനിക്ക് ഉ റപ്പുണ്ട്.


ഐക്യദാർഢ്യത്തിൽ
രാംപുനിയാനി ദേശീയ സോളിഡാരിറ്റി ഫോറം മുംബൈ

**സഖാവ് അർജുൻ പ്രസാദ് സിംഗിന്റെ ആശംസകൾ**

കോൺഗ്രസ്സിന്റെ എല്ലാ പ്രതിനിധികൾക്കും വിപ്ലവകരമായ സല്യൂട്ട്! എന്നെയും ഡോ. ദർശൻ പാലിനെയും കോൺഗ്രസിൽ പ ങ്കെടുക്കാൻ ക്ഷണിച്ചിട്ടുണ്ടെങ്കി ലും ഞങ്ങളുടെ മറ്റ് തിരക്കുകൾ കാരണം പങ്കെടുക്കാൻ കഴിഞ്ഞി ല്ല എന്നതിൽ ഖേദിക്കുന്നു.

ഇന്ത്യൻ ജനതയുടെ യ ഥാർത്ഥ ശത്രുക്കളെ ലക്ഷ്യം വയ് ക്കുന്നതിലും അവരെ തകർക്കാനു ള്ളവഴികൾ കണ്ടെത്തുന്നതിലും കോൺഗ്രസ് വൻ വിജയം നേടു മെന്ന് പ്രത്യാശിക്കുന്നു.

**അർജുൻ പ്രസാദ് സിംഗ്**
സിപിഐ (എംഎൽ) പാർട്ടിയൂ ണിറ്റി (മുൻ സംസ്ഥാന നേതാ വ്)&ഇപ്പോൾ ഡൽഹിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മോർച്ച മാസി കയുടെ ചീഫ് എഡിറ്റർ.



**ഡോ.എസ്ഫൈസിയുടെ ആശംസകൾ**

പ്രിയ സഖാക്കളേ,

സിപിഐ(എംഎൽ) റെഡ് സ്റ്റാറിന്റെ12-ാംകോൺഗ്രസിൽ പങ്കെടുക്കുന്ന എല്ലാവർക്കും ആശംസകൾ.

ഒരു സമത്വ ഇന്ത്യ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട ഒരു ലോകം സ്വപ്നം കാണുന്നതിനും വേണ്ടി അർപ്പണബോധമുള്ള നിങ്ങളോടൊപ്പം അവിടെ സന്നിഹിതരായിരിക്കുന്നതിന്റെ സന്തോഷം എനിക്ക് നഷ്ടമാകുന്നു.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള ചരിത്രത്തിലെ ഏറ്റവും ദുഷ്കരമായ സമയത്തിലൂടെയാണ് ഇന്ത്യ കടന്നുപോകുന്നത്. ഇന്ന് കാണുന്ന തരം അടിച്ചമർത്തലും കൊള്ളയും കൊളോണിയൽ കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നതാണ്. നമ്മുടെ ജനാധിപത്യം അപകടത്തിലാണെന്ന് പരമോന്നത ജുഡീഷ്യറിയിലെ നാല് മുതിർന്ന ജഡ്ജിമാർ രാജ്യത്തെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. നമ്മുടെ ജനാധിപത്യത്തിനെതിരായി പ്രവർത്തിക്കുന്നശക്തികൾ എത്രമാത്രം വക്രതയുള്ളവരുംതന്ത്രശാലികളുമാണ് എന്ന് ജഡ്ജിമാരിൽ ഒരാൾ പെട്ടെന്ന് തെരഞ്ഞെടുക്കപ്പെട്ടത് കാണിച്ചു തരുന്നുണ്ട്. ഭക്ഷണത്തിന്റെപേരിൽ ആളുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ, പരസ്യമായ ആൾക്കൂട്ടക്കൊലകൾ, ശിക്ഷയില്ലാതെവംശഹത്യയ്ക്ക് വേണ്ടിയുള്ള തുറന്ന ആഹ്വാനങ്ങൾ, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെ നിഷേധിക്കുന്ന നിയമങ്ങൾ സൃഷ്ടിക്കൽ,രാജ്യത്തിന്റെ സ്വത്തുക്കളുടെയും പൊതുവിഭവങ്ങളുടെയുംകോർപ്പറേറ്റ് കൊള്ള, നുണകൾ സത്യമായി വേഗത്തിലും കാര്യക്ഷമമായും പ്രചരിപ്പിക്കൽ, കോർപ്പറേറ്റ് മാധ്യമങ്ങളെ ഭരണത്തിന്റെ അവ്യക്തമായ പ്രചാരകരാക്കി മാറ്റൽ എന്നിവയെല്ലാം ഈ കാലഘട്ടത്തെ അടിയന്തരാവസ്ഥയുടെ ഇരുണ്ട നാളുകളേക്കാൾ മോശമായ ഒന്നായി അടയാളപ്പെടുത്തുന്നു. 1930-കളിലെജർമ്മനിയുമായി സാമ്യം കാണുന്നതിന്റെഉത്തരവാദിത്തത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല.

രാഷ്ട്രത്തിന്റെ അജണ്ട ഭരണഘടനാപരമായഅഭിലാഷങ്ങളിൽ നിന്നും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെമൂല്യങ്ങളിൽ നിന്നും മാറ്റി, അവരുടെ അധിനിവേശത്തിന്റെ ശാശ്വതീകരണത്തിനായികൊളോണിയൽ ഭരണകൂടം സൃഷ്ടിച്ച സമൂഹത്തിന്റെആസൂത്രിതമായ വിഭജനത്തിലേക്ക് മാറിയിരിക്കുന്നു. ഹിന്ദുക്കളെയും മുസ്ലീങ്ങളെയും പരസ്പരം പോരടിപ്പിച്ച് വിശാലവും വൈവിധ്യപൂർണ്ണവുമായ ഒരു രാജ്യം ഭരിക്കാൻ ബ്രിട്ടൻ എന്ന കൊച്ചു രാജ്യം ഇന്ത്യയിൽ സൃഷ്ടിച്ച ആഖ്യാനവും ചരിത്രരചനയുമാണ്അധിനിവേശക്കാരുടെ പങ്കാളികളായിരുന്ന അതേ ശക്തികൾ ഇപ്പോൾ നമ്മെ ഭരിക്കാൻ ഉപയോഗിക്കുന്നത്.

ഹിന്ദുത്വ-കോർപ്പറേറ്റ് ഭരണം രാജ്യത്ത് ഒന്നിലധികം പ്രതിസന്ധികൾ സൃഷ്ടിച്ചു- രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും അതുപോലെ തന്നെ പ്രധാനപ്പെട്ട പരിസ്ഥിതി പ്രതിസന്ധിയും. 2014-ൽ ബി.ജെ.പി അധികാരത്തിൽ വന്നതിന് ശേഷം ഇന്ത്യ ഒരു പരിസ്ഥിതി ദുരന്തപേടിസ്വപ്നമായി മാറിയിരിക്കുന്നു. അധികാരമേറ്റയുടൻ ഗവൺമെന്റ് ഒരു ഉന്നതതല പാനൽ രൂപീകരിച്ച്, 'വ്യാപാരം നടത്താനുള്ള എളുപ്പത്തിനായി' രാജ്യത്തിന്റെ നിയമ ചട്ടക്കൂടിൽ മാറ്റം വരുത്താൻ വഴിയൊരുക്കുകയായിരുന്നു ചെയ്തത്. അതിനായി നിയമ ചട്ടക്കൂടുകൾ സൃഷ്ടിക്കപ്പെട്ടതിന്റെജുഡീഷ്യൽ, നിയമനിർമ്മാണ ചരിത്രത്തെയും ജനകീയ സമരങ്ങളെയും അന്താരാഷ്ട്ര ഉടമ്പടി പ്രതിബദ്ധതകളെയും അവഗണിച്ചു.

പരിസ്ഥിതിയും വനവും സംബന്ധിച്ച സമിതിയുടെ ശുപാർശകൾപാർലമെന്റിന്റെസ്റ്റാൻഡിംഗ് കമ്മിറ്റി തള്ളിക്കളയുകയും ഇടതുപാർട്ടികളുംപൗരസമൂഹവും പ്രതിഷേധിക്കുകയും ചെയ്തെങ്കിലും തുടർന്നുള്ളവർഷങ്ങളിൽ തുടർച്ചയായ വിജ്ഞാപനങ്ങളിലൂടെയും ഉത്തരവുകളിലൂടെയുംകോർപ്പറേറ്റ്ചങ്ങാതിമാർക്ക് അനുകൂലമായി രാജ്യത്തെ ഒന്നിലധികം സംരക്ഷണ നിയമങ്ങൾ തിടുക്കത്തിൽ ഭേദഗതി ചെയ്യുക വഴി ഇത് നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കയാണ്. പൗരത്വ ഭേദഗതി നിയമം, കാർഷികനിയമങ്ങൾ, ആർട്ടിക്കിൾ 370 റദ്ദാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ചെയ്തതിന് സമാനമായിട്ടാണ് ഇവിടെയും പ്രവർത്തിക്കുന്നത്. ആദിവാസികളുടെ മാഗ്നകാർട്ടയായവനാവകാശ നിയമംപിൻവാതിലിലൂടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, ഫോറസ്റ്റ് ക്ലിയറൻസിനായി ഗ്രാമസഭയുടെ മുൻകൂർ അനുമതിയുടെ ആവശ്യകത നേടുകയെന്നത് FRA പ്രകാരം നിർബന്ധമാണ്, എന്നാൽ വനസംരക്ഷണ നിയമത്തിന് കീഴിലുള്ള ഫോറസ്റ്റ് ക്ലിയറൻസിനായിഅപേക്ഷകൾ സമർപ്പിക്കുന്നതിനുള്ളനിയമങ്ങളിൽ ഈ ആവശ്യകത നീക്കം ചെയ്തിട്ടുണ്ട്. നമ്മുടെ ആവാസ വ്യവസ്ഥകളിൽ ഏറെക്കുറെ വിചിത്രമായ ഇനമാണ്- ഗുജറാത്തിൽ നിന്ന് എംപിയിലേക്ക് കുറച്ച് ഏഷ്യൻ സിംഹങ്ങളെവിട്ടു കൊടുക്കാൻവിസമ്മതിക്കുമ്പോൾ നമീബിയയിൽ നിന്ന് ആഫ്രിക്കൻ ചീറ്റയെ കൊണ്ടുവരുന്നത്ചെലവേറിയ പ്രഹസനമാണ്.

സ്വതന്ത്രമായ ആഗോള വിലയിരുത്തലുകൾ പാരിസ്ഥിതിക പ്രകടനത്തിൽ ഇന്ത്യയെ രാഷ്ട്രങ്ങളുടെ സമൂഹത്തിന്റെതാഴെത്തട്ടിൽ എത്തിച്ചിരിക്കുന്നു. ലോകത്തിലെ ഏറ്റവും മോശം മലിനീകരണ നഗരങ്ങളിൽ പകുതിയിലേ

റെയും ഇന്ത്യയിലാണ്. രാജ്യത്തിന്റെ പ്രകൃതിദത്തമായ സമ്പത്ത് ഇന്ത്യൻ, വിദേശ കോർപ്പറേറ്റുകളുടെ കാരുണ്യത്തിനു വിട്ടുകൊടുത്തിരിക്കുകയാണ്. നമ്മുടെ നഗരങ്ങൾ നദികളുടെ സമ്മാനങ്ങളാണ്.എന്നാൽ ആ നഗരങ്ങൾ അതേ നദികളെ മലിനീകരണത്തിന്റെസംഭരണികളാക്കി മാറ്റിയിരിക്കുന്നു. ഉദാഹരണത്തിന്, സബർമതിനദിയിൽ ഇപ്പോൾ പ്രകൃതിദത്ത ജലം വഹിക്കുന്നില്ല. ഇന്ത്യയുടെ അമൂല്യമായ പൊതു അടിസ്ഥാന സൗകര്യങ്ങൾ പോലെ, നമ്മുടെ വനങ്ങളും ക്രമേണ ചങ്ങാത്ത കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നു, ആയിരക്കണക്കിന് ഹെക്ടർ പ്രകൃതിദത്ത വനങ്ങൾ നശിപ്പിച്ച്, തോട്ടങ്ങൾ ഉത്പാദിപ്പിച്ചതിന്റെ ഫലമായി നികത്താനാവാത്ത നഷ്ടം സംഭവിച്ചിരിക്കുന്നു. നമ്മുടെ വനങ്ങളുടെഎക്കാലത്തെയും ചരിത്ര സംരക്ഷകരായആദിവാസികൾ അന്യവൽക്കരിക്കപ്പെടുകയും അവരുടെ വനവാസ കേന്ദ്രങ്ങളിൽ നിന്ന് അവർക്ക് പലായനം ചെയ്യേണ്ടി വരികയും ചെയ്തിരിക്കുന്നു. വനങ്ങളിലെ ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ള അതേ എഫ്ആർഎ ഉപയോഗിച്ച് 2019-ൽ ബിജെപിസർക്കാർ ആഗ്രഹിച്ചതുപോലെ, അരലക്ഷം ആദിവാസികളെ അവരുടെ വന ഭവനങ്ങളിൽ നിന്ന് ഒഴിപ്പിക്കാൻ സുപ്രീം കോടതി ഉത്തരവിട്ടത് ഒരു വിരോധാഭാസമാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായിയുഎൻ പരിസ്ഥിതി ചർച്ചകളിൽ വികസ്വര രാജ്യങ്ങളുടെ പ്രധാന പങ്കും ഇന്ത്യക്ക് നഷ്ടപ്പെട്ടു.

കഠിനമായി സമ്പാദിച്ച ജനാധിപത്യം വീണ്ടെടുക്കുന്നതിലെന്നപോലെ, തകർന്ന പാരിസ്ഥിതിക സുരക്ഷ പുനഃസ്ഥാപിക്കുന്നതിലാണ് ഇന്ത്യയുടെ ഭാവി. വികസന മാതൃകയെക്കുറിച്ചുള്ളസംവാദത്തിൽ രാഷ്ട്രീയ പരിസ്ഥിതിശാസ്ത്രംഅവിഭാജ്യമാകണം. പ്രകൃതി വിഭവങ്ങൾ അവയുടെ പുനരുൽപ്പാദനശേഷിയിൽ ഉപയോഗിക്കുകയും പാരിസ്ഥിതിക പ്രതിരോധം സംരക്ഷിക്കുകയും ചെയ്യുന്നത് തുല്യതയും വിതരണ നീതിയും പോലെ പ്രധാനമാണ്. ഭരണഘടനയുടെ സ്ഥാപക തത്വങ്ങൾ അനുസരിച്ച് കോർപ്പറേറ്റ്ശക്തികൾക്ക്കടിഞ്ഞാണിടുമ്പോൾ ജനങ്ങളെ ഒന്നാമത് നിർത്തുക എന്നത് പ്രധാനമാണ്.

ജനാധിപത്യ സമരക്കാരുടെ വീടുകൾ പൊളിക്കാൻ പോലും മടിക്കാത്ത ക്രൂരമായ അടിച്ചമർത്തൽ ഭരണത്തിനിടയിലും, കാടുകളും ജലസ്രോതസ്സുകളും തീരദേശ ആവാസവ്യവസ്ഥകളും പുൽമേടുകളും ഗ്രാമ പൊതുഇടവുമെല്ലാം സംരക്ഷിക്കാനുള്ള ജനകീയ സമരപ്രസ്ഥാനങ്ങൾ രാജ്യമെമ്പാടും സജീവമാണ്. ഈ പ്രസ്ഥാനങ്ങളുമായും അവരുടെ പാരിസ്ഥിതിക അഭിലാഷങ്ങളുമായും പാർട്ടികൈകോർക്കേണ്ടതുണ്ട്. രാജ്യത്ത് ഒരു ദേശീയ പാരിസ്ഥിതിക പ്രസ്ഥാനത്തിന് വലിയ ഇടമുണ്ട്. അതിനാൽ പ്രകൃതി വിഭവങ്ങളുടെ ജനാധിപത്യ ഭരണത്തിനും അവയുടെ തുല്യമായ ഉപയോഗത്തിനും വേണ്ടി ഇടതുപക്ഷം അതിന്റെ പാരിസ്ഥിതിക പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതും ഒരു സോഷ്യലിസ്റ്റ് ഭാവിയിലേക്ക് നമ്മെ അടുപ്പിക്കുന്നു. 'നഷ്ടപ്പെട്ട ഭൂതകാലത്തെ' പ്രകീർത്തിച്ച് ഹിന്ദുത്വയ്ക്ക്പിൻവാതിൽ പ്രവേശനം നൽകുന്നതിനായിഫ്യൂഡൽ സൗന്ദര്യവാദികളും ജാതിമഹത്വവാദികളും പാരിസ്ഥിതിക ഇടം ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ചും നാം ജാഗ്രത പാലിക്കണം. കോർപ്പറേറ്റ് ഘടകങ്ങളുടെ പച്ചയായ പാരിസ്ഥിതിക ആശങ്ക പോലെ തന്നെ ഇത് അപകടകരമാണ്.

ആഗോള ചിത്രവും പ്രതീക്ഷ നൽകുന്ന ഒന്നല്ല. ജൈവവൈവിധ്യത്തിനായുള്ളകൺവെൻഷനും (CBD) കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ളയുഎൻ ചട്ടക്കൂട് കൺവെൻഷനും (UNFCCC) മുപ്പത് വർഷം പിന്നിട്ടിട്ടും ജൈവ വൈവിധ്യ നഷ്ടം, കാലാവസ്ഥാ പ്രതിസന്ധി, ആവാസവ്യവസ്ഥയുടെ നഷ്ടം, ജലമലിനീകരണം എന്നിവയെല്ലാം നിർബാധം സംഭവിക്കുന്നു. മുതലാളിത്ത സാമ്പത്തിക ക്രമമാണ് ഈ പ്രതിസന്ധി സൃഷ്ടിച്ചത്.എന്നാൽ പാരിസ്ഥിതിക പ്രതിസന്ധിക്ക് പരിഹാരം തേടാനുള്ള പ്രഭാഷണത്തിൽ അത് വളരെ അപൂർവമായിമാത്രമേ അഭിസംബോധന ചെയ്യപ്പെടുന്നുള്ളൂ. വാസ്തവത്തിൽ, പാരിസ്ഥിതിക ദുരന്തത്തിന് മുതലാളിത്തം അതിന്റെ കാരണക്കാരായ കോർപ്പറേറ്റുകളെ കുറ്റപ്പെടുത്തുന്നതിന് പകരം മുതലാളിത്തത്തിന്റെ തന്നെ ഇരകളായ മനുഷ്യരെയാണ് വേട്ടയാടുന്നത്.

ആദ്യകാല യുഎസ് സംഘടനകളായ സെയ്റ ക്ലബ്, ഓഡോബെൻ സൊസൈറ്റി മുതലായവയുടെ യാഥാസ്ഥിതിക ചിന്തയിൽ കണ്ടെത്തിയതുപോലെ, കൊളോണിയലിസത്തിന്റെ പൈതൃകത്തെ ഇളക്കി മാറ്റാൻവിസമ്മതിച്ചതിന്റെപേരിൽ, ജീവിവർഗങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും നഷ്ടം അടയാളപ്പെടുത്തിയ ആധുനിക സംരക്ഷണ പദ്ധതി പരാജയമായി തുടരുന്നു. ജൈവ വൈവിധ്യത്തിന്റെ ചരിത്രപരമായ സംരക്ഷകരെ പ്രകൃതി സംരക്ഷണത്തിന്റെ ഒഴിവാക്കൽ ആശയങ്ങൾ ഉപയോഗിച്ച് അന്യവൽക്കരിക്കുകയുംസ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യുന്നതിനായി IUCN, WWF മുതലായവ മിനുക്കിയ വംശീയ ചിന്തകളാണ് ഉപയോഗപ്പെടുത്തിയത്. ഈ മാതൃക സമൂലമായി പരിഷ്കരിക്കുകയും ജൈവ വൈവിധ്യപരിപാലനത്തിന്റെ ചുമതല പരമ്പരാഗത സംരക്ഷകരുടെ കൈകളിൽ ഏൽപ്പിക്കുകയും ചെയ്യുന്നിടത്തോളം കാലം വരെ, ലോകമെമ്പാടും ഇതിനുള്ള ബജറ്റ് വർധിക്കുമ്പോഴും സംരക്ഷണ പദ്ധതി പരാജയമായി തുടരും.

ഉഷ്ണവാതകങ്ങളുടെഉദ്വമനം കുറയ്ക്കുന്നതിനുപകരം കാലാവസ്ഥാ പ്രതിസന്ധിയെ പൊരുത്തപ്പെടുത്തൽ വഴി പരിഹരിക്കാനാകുമെന്നത് അഭിലഷണീയമായ ചിന്തയാണ്. ഏറ്റവും ഉയർന്നപ്രതിശീർഷകാർബൺ ഉദ്വമനത്തിന് കാരണമാകുന്ന വ്യാവസായിക രാജ്യങ്ങൾക്കായിനിർബന്ധിതകാർബൺ കുറയ്ക്കൽ ലക്ഷ്യ

ങ്ങൾ ആവശ്യപ്പെടാൻ മിക്ക വികസ്വര രാജ്യങ്ങളും പോലും ലജ്ജിക്കുന്നു എന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. ഏറ്റവും കൂടുതൽ ഉദ്വമനം നടത്തുന്നരാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ, വലിയ ജനസംഖ്യയുടെ പേരിൽ രാജ്യത്തിന് ആഗോള ഇളവുകൾ ലഭിക്കുമ്പോഴും കാർബൺ ഉദ്വമനംസമ്പന്നരാൽ തമസ്കരിക്കപ്പെടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇന്ത്യയിലെ സമ്പന്നർ തങ്ങളുടെ വലിയ തോതിലുള്ളകാർബൺ പുറന്തള്ളലിനെ സംരക്ഷിക്കാൻ ദരിദ്രരെ ഉപയോഗിക്കുന്നു.

കോൺഗ്രസിന്റെആലോചനകളിൽ ഈ വിഷയങ്ങളുണ്ടാകുമെന്നും ഈ മേഖലകളിൽ പാർട്ടിയുടെ ഭാവി ഇടപെടലുകൾക്കുള്ളപദ്ധതികൾ വിഭാവനം ചെയ്യപ്പെടുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. പരിമിതമായ വിഭവങ്ങളുള്ള ഒരു പാർട്ടിക്ക്, ഇന്ത്യയുടെ പാർലമെന്ററി ജനാധിപത്യത്തെ രക്ഷിക്കാൻ നെറ്റ്‌വർക്കിംഗിലൂടെ പുരോഗമന ശക്തികൾക്കിടയിൽ അന്താരാഷ്ട്ര അഭിപ്രായ പ്രചാരണങ്ങൾ നല്ല രീതിയിൽ ഏറ്റെടുക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിരവധി പാശ്ചാത്യ ഗവൺമെന്റുകൾ ഭരണകൂടത്തിനൊപ്പം നിന്നപ്പോഴും, അടിയന്തരാവസ്ഥയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് പുറത്തുള്ള ജനാധിപത്യ ശക്തികളുടെ പിന്തുണയുണ്ടായിരുന്നുവെന്ന് നമുക്ക് ഓർക്കാം. പൊതുജനങ്ങളെ അണിനിരത്തുന്ന വിഷയങ്ങളിൽ സമാധാനപരമായ നേരിട്ടുള്ള പ്രവർത്തനങ്ങളുടെ പ്രാധാന്യം പരിഗണിക്കുന്നതും മൂല്യവത്താണ്. യൂറോപ്പിലെയുംയുഎസിലെയുംഏതാനും പരിസ്ഥിതി ഗ്രൂപ്പുകൾ നിർണായക വിഷയങ്ങളിലേക്ക് പൊതുജനശ്രദ്ധകൊണ്ടുവരുന്നതിൽ ഈ രീതി വളരെ വിജയകരമായി ഉപയോഗിച്ചു. ഇത്തരം വ്യവഹാരങ്ങളിലൂടെ ഭരണഘടനയുടെ അടിത്തറ പോലും ചോദ്യം ചെയ്യപ്പെടുമ്പോൾ, ഭരണഘടനാപരമായ ഭരണം സംരക്ഷിക്കുന്നതിനുള്ള വ്യവഹാരത്തിന്റെ പ്രാധാന്യവും ഞാൻ അടിവരയിടുന്നു. സോഷ്യലിസ്റ്റ് ഇന്ത്യ എന്ന ദീർഘകാല ലക്ഷ്യത്തിനായി നമ്മൾ പരിശ്രമിക്കുമ്പോഴും.ദാരിദ്ര്യവും നിരക്ഷരതയുംതുടച്ചുനീക്കുന്നസമാധാനത്തിന്റെയുംസമത്വത്തിന്റെയും സമൃദ്ധിയുടെയും പാരിസ്ഥിതിക സുരക്ഷയുടെയും ഒരു ഇന്ത്യയെന്ന പ്രതീക്ഷ പങ്കിടുന്നതിൽ ഞാൻ നിങ്ങളോടൊപ്പം ചേരുന്നു.

---

# ഭൂമാഫിയകളെ നിലക്കു നിർത്തുക തന്നെ ചെയ്യും മാഫിയകൾക്ക് താക്കീതുമായി അട്ടപ്പാടി മാർച്ച്

കഴിഞ്ഞ നിരവധി വർഷങ്ങളായി അട്ടപ്പാടിയിലെ ആദിവാസികൾ അവരുടെ അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്തു കൊണ്ടിരിക്കയാണ്. ആദിവാസി ജനവിഭാഗങ്ങളെ വംശഹത്യയിലേക്ക് നയിക്കുന്ന ഭരണകൂട നയങ്ങൾ ഒരു സമൂഹമാകെ പരമ്പരാഗതമായി കൈവശം വെച്ച് കൃഷിചെയതിരുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമി അന്യാധീനപ്പെട്ട് ഭൂമാഫിയകളുടെ കൈകളിലേക്ക് എത്തിച്ചു. ഇങ്ങനെ അന്യാധീനപ്പെട്ട ഭൂമി നിയമപരമായും അല്ലാതെയും തിരിച്ചു പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് അട്ടപ്പാടിയിലെ സഖാക്കൾ തീഷ്ണമായ പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നത്. പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് CPIML റെഡ് സ്റ്റാർ സംസ്ഥാന കമ്മിറ്റി നവമ്പർ 15 ന് സംഘടിപ്പിച്ച അട്ടപ്പാടി മാർച്ച് വമ്പിച്ച വിജയമായി. മാർച്ചിൽ സ്ത്രീകളുപ്പെടെ നിരവധി പേർ അണിനിരന്നു.

മാർച്ച് പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് എം പി കുഞ്ഞിക്കണാരൻ ഉദ്ഘാടനം ചെയ്തു.

പാർട്ടി സംസ്ഥാന കമ്മിറ്റി അംഗവും അഖിലേന്ത്യാ വിപ്ലവ കിസാൻ സഭ സംസ്ഥാന പ്രസിഡന്റുമായ സഖാവ് എം.സുകുമാരൻ സ്വാഗതം പറഞ്ഞു.

'പോത്തു പാടിയിൽ നമ്മൾ നടത്തിയ പ്രക്ഷോഭവും നിയമപരമായ പോരാട്ടവുമാണ് 2700 ഏക്കർ ആദിവാസി ഭൂമി റിസോർട്ട് മാഫിയകൾക്ക് അടിയറവെക്കാനുള്ള സർക്കാർ നീക്കത്തെ പരാജയപ്പെടുത്തിയത്. ഈ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തി മുന്നേറാനും ഭൂമാഫിയകൾ കയ്യടക്കിയ മുഴുവൻ ഭൂമിയും തിരിപ്പിടിക്കാനുള്ള പ്രക്ഷോഭം ശക്തിപ്പെടുത്തണമെന്നും മാർച്ച് ഉദ്ഘാടനം ചെയ്തു കൊണ്ട് സഖാവ് പറഞ്ഞു.

ആദിവാസി ഭാരത് മഹാസഭ സംസ്ഥാന കൺവീനർ സഖാവ് ടി.ആർ ചന്ദ്രൻ അദ്ധ്യക്ഷനായി. സി.പി.ഐ (എം.എൽ) റെഡ് സ്റ്റാർ തമിഴ് നാട് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് കുമാർ , പാർട്ടി നേതാക്കളായ പി.എൻ. പ്രൊവിന്റ് , എ.എം. സ്മിത,രാജേഷ് അപ്പാട്ട്, ടി സി .സുബ്രഹ്മണ്യൻ, കെ.ശിവരാമൻ . അട്ടപ്പാടി ആദിവാസി ആക്ഷൻ കൗൺസിൽ ചെയർമാൻ പി.വി സുരേഷ്, തുടങ്ങിയവർ മാർച്ചിനെ അഭിവാദ്യം ചെയ്തു സംസാരിച്ചു.



ഡോ. ഷംസുൾ ഇസ്ലാം

# ഹിന്ദുക്കളെ സൈനികവൽക്കരിക്കുക എന്ന ഹിന്ദുത്വ പദ്ധതിക്ക് വേണ്ടി ഇന്ത്യൻ ഭരണകൂടം ശ്രമിക്കുന്നുവോ?

നിലവിൽ യുഎസ്എ, റഷ്യ, ചൈന എന്നിവയ്ക്ക് ശേഷമായും ജപ്പാനു മുന്നിലായും ലോകത്തെ ഏറ്റവും സുശക്തമായ നാലാമത്തെ പ്രതിരോധ സംവിധാനമായി ഇന്ത്യൻ സൈന്യം റാങ്ക് ചെയ്യപ്പെടുന്നുണ്ട്. ഏകദേശം 3,544,000 പേരാണ് ഇന്ത്യൻ സൈന്യത്തിന്റെ പട്ടികയിലുള്ളത്. ഇതിൽ 1,444,000 പേർ സദാസമയ ഡ്യൂട്ടിയിലും 2,100,000 റിസർവ് ഉദ്യോഗസ്ഥരുമാണ്. 1971 ലെ ബംഗ്ലാദേശ് യുദ്ധം,1999 ലെ കാർഗിൽ യുദ്ധം, ഇന്ത്യൻ സൈന്യം 2019 ൽ പാക്ക് അധിനിവേശ കശ്മീരിൽ നടത്തിയ സർജ്ജിക്കൽ സ് സ്ട്രൈക്കുകൾ എന്നിവയടക്കം എണ്ണമറ്റ വിജയങ്ങൾ ഇന്ത്യൻ സൈന്യത്തിനു അവകാശപ്പെട്ടതായുണ്ട്. ശ്രീലങ്കയിലെ തമിഴ് വിമത വിഭാഗമായ എൽടിടിഇയെ അടിച്ചമർത്താൻ ശ്രീലങ്കൻ ഭരണകൂടത്തിന് നൽകിയ സഹായത്തിനു കൂടാതെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ 43-ലധികം സ്ഥലങ്ങളിൽ സമാധാന പരിപാലന സൈനിക പ്രവർത്തനങ്ങൾക്ക് വളരെയധികം സംഭാവനകൾ നൽകുന്നുമുണ്ട് ഇന്ത്യൻസേന. ഇന്ത്യൻ ആർമിയുടെ വെബ്സൈറ്റ് പ്രകാരം 200000 സൈനികരെ നൽകിക്കൊണ്ട് ,ഐക്യരാഷ്ട്ര സേനക്ക് ഏറ്റവും കൂടുതൽ സേനാംഗങ്ങളെ സംഭാവന നൽകുന്ന മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ.

### കോവിഡ്-19 മഹാമാരി സമയങ്ങളിൽ ഇന്ത്യൻ സൈന്യം സുരക്ഷിതമായ അകലം പാലിക്കുന്നു

1947 ലെ വിഭജനവുമായി താരതമ്യം ചെയ്യാവുന്ന നാശത്തിനും കുഴപ്പങ്ങൾക്കും ഇന്ത്യ സാക്ഷ്യംവഹിച്ച കോവിഡ് 19 മഹാ



മാരി കാലത്ത് സുഗന്ധം പൂശൽ പ്രവർത്തനം എന്ന് പോലും വിശേഷിപ്പിക്കാൻ ആവാത്ത കാര്യമാണ് ലോകത്തിലെ നാലാമത്തെ ഏറ്റവും വലിയ സൈന്യത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പൊടുന്നനെയുള്ള ലോക്ഡൗണിന്റെ ഏകദേശം രണ്ടു മാസക്കാലം ഇന്ത്യൻ ഭരണകൂടം തൊഴിലാളികളെയും പാവപ്പെട്ട ഇന്ത്യക്കാരെയും പൂർണമായും വഞ്ചിച്ചു എന്നതിന്റെ നിർണായകമായ തെളിവായിരുന്നു. ജോലി,ഭക്ഷണം,താമസസൗകര്യം, ഗതാഗതസൗകര്യം,ആരോഗ്യരക്ഷ എന്നിവയുടെ അഭാവത്തിൽ ദുരിതങ്ങളുടെ ഭയാനകലോകത്തേക്ക് ഇവരെ തള്ളിവിട്ടു. കുടിയേറ്റ തൊഴിലാളികൾ അനുഭവിച്ചു കൂട്ടിയ വ്യാപകമായ പട്ടിണിയും അവരിൽ മിക്കവർക്കും ഉണ്ടായ അംഗഭംഗത്തോളം എത്തിയ പരിക്കുകളും, മരണങ്ങളും പ്രതിപാദിക്കുന്നതിന് ഏത് വിശേഷണപദവും അതിന്റെ അർത്ഥത്തിൽ ഏറ്റവും കുറഞ്ഞത് ആയിരിക്കും. (കുടിയേറ്റ തൊഴിലാളികൾ എന്നതും ഒരുതരം വംശീയതയാണ്. ഇന്ത്യയിൽ നിന്നുള്ള തൊഴിലാളികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിക്ക് പോയാൽ അവരെ കുടിയേറ്റ തൊഴിലാളികൾ എന്നു വിശേഷിപ്പിക്കുന്നു. എന്നാൽ ഉയർന്ന ജോലിക്കാരെയും രാഷ്ട്രീയക്കാരെയും ഇത്തരം വാക്ക് ഉപയോഗിച്ച് പറയുന്നില്ല)

കര-നാവിക-വ്യോമസേന ഉൾപ്പെടെ ഇന്ത്യൻ സേനയുടെ മൂന്ന് വിഭാഗങ്ങൾക്കും ഏറ്റവും മികച്ച ആരോഗ്യ-ഗതാഗത-വാർത്താവിനിമയ സംവിധാനങ്ങൾ ആണുള്ളത്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇന്ത്യയ്ക്ക് ഡോക്ടർമാർ, ആശുപത്രികൾ, വാഹനങ്ങൾ, വിമാനങ്ങൾ, ഉയർന്ന നിലവാരമുള്ള പ്രൊഫഷണൽ വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവയ്ക്ക് കടുത്ത ആവശ്യമുള്ള സമയത്ത് ഇവയൊക്കെയും ലോക്ഡൗണിൽ ആയിരുന്നുവെന്നത് അമ്പരിപ്പിക്കുന്നതാണ്. ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും ഉള്ള അത്യാധുനിക സൈനിക ആശുപത്രികൾ കോവിഡ് രോഗികൾക്കായി തുറന്നിരുന്നുവെങ്കിൽ, അത് നമ്മുടെ പൊതു ആരോഗ്യ സംവിധാനത്തിനുമേൽ ഈ മഹാമാരി ഉണ്ടാക്കിയ അസഹനീയമായ സമ്മർദ്ദം ഗണ്യമായി കുറക്കുമായിരുന്നു. കുറഞ്ഞ എണ്ണം സൈനിക ഡോക്ടർമാരെയും നഴ്സിങ് ജീവനക്കാരേയുമെങ്കിലും രോഗം ഗുരുതരമായ മേഖലകളിലേക്ക് നിയോഗിച്ചിരുന്നുവെങ്കിൽ, ദുരിതങ്ങളും മരണവും തീർച്ചയായും കുറയുമായിരുന്നു. റോഡ് റെയിൽ സേവനങ്ങൾ ഒന്നും ഏറെക്കുറെ ലഭിക്കാതെ കുടിയേറ്റ തൊഴിലാളികൾ അവരുടെ സ്വദേശങ്ങളിലേക്കെത്താൻ എവ്വിധം കഷ്ടപ്പെട്ടു എന്ന് ലോക്ഡൗൺ കാണിച്ചുതന്നു. സൈന്യത്തിന്റെ വിപുലമായ ഗതാഗതശേഷി ഇതിൽ ഉപയോഗിച്ചിരുന്നെങ്കിൽ, ഇക്കാര്യത്തിൽ ഒരു വലിയ മാറ്റം ഉണ്ടാകുമായിരുന്നു.അതുപോലെ സായുധ സൈന്യത്തിന് സ്വന്തമായുള്ള ശൂന്യാകാശ ഉപഗ്രഹങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കേന്ദ്രീകൃതവുംഅത്യാധുനികവും ആയ നിരീക്ഷണ സംവിധാനങ്ങളുമുണ്ട്. (പാക്കിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾ കണ്ടെത്തുന്നതും അത് സർജിക്കൽ സ്ട്രൈക്ക് എന്ന പേരിൽ സാഘോഷം നശിപ്പിക്കുന്നതും ഒക്കെ ഈ സംവിധാനങ്ങൾ ഉപയോഗിച്ചാണ്) കോവിഡ് മഹാമാരിയും ലോക്ഡൗണും തകർത്തെറിഞ്ഞ ഗർഭിണികളും, കുഞ്ഞുങ്ങളും, വൃദ്ധരും, ശാരീരിക വൈകല്യമുള്ള വരുമടക്കം ദശലക്ഷക്കണക്കിനുപേർ റെയിൽ വേട്രാക്കുകളിലൂടേയും റോഡുകളിലൂടെയും നടക്കുമ്പോൾ അവരെ ഈ നിരീക്ഷണ സംവിധാനം ഉപയോഗിച്ച് കണ്ടെത്തി സൈനിക വാഹനങ്ങളിലും വിമാനങ്ങളിലും കൊണ്ടു പോകാമായിരുന്നു. (അപകടകരമായ ഈ യാത്രക്കിടയിൽ അനവധി പേർ കൊല്ലപ്പെടുകയുണ്ടായി).

എന്നാൽ കോവിഡ്-19 രോഗികളെ ചികിത്സിക്കുന്ന ആശുപത്രിക്ക് മുകളിൽ പുഷ്പവൃഷ്ടി നടത്താനും,ആശുപത്രികൾക്ക് പുറത്ത് ആർമി നേവി വ്യോമസേന ഗ്രൂപ്പുകൾ ബാൻഡ് വാദ്യം മുഴക്കാനും മാത്രമാണ് ഇടപെട്ടത്.(ഈ പുഷ്പവൃഷ്ടി രോഗവ്യാപനത്തിന് ഇടയാക്കും എന്ന ആരോഗ്യ പ്രവർത്തക സമൂഹത്തിന്റെ മുന്നറിയിപ്പും ആശുപത്രി പരിസരം ശബ്ദ നിയന്ത്രണ പ്രദേശമാണെന്ന നിയമവും പാലിക്കാതെയാണ് അവർ കോവിഡ് 19 നു എതിരെ പൊരുതിയ യോദ്ധാക്കളെ ആദരിക്കുക എന്ന പേരിൽ ഇത് ചെയ്തത്). ഏറ്റവും ചുരുങ്ങിയ പക്ഷം കോവിഡ് റെഡ് സോണുകളിലെങ്കിലും കുറച്ച്ഡോക്ടർമാരേയോ പാരാമെഡിക്കൽ ജീവനക്കാരെയോ നിയോഗിച്ചു കൊണ്ടുള്ള ഒരു സുഗന്ധം പൂശൽ ഇടപെടൽ എങ്കിലും ആകാമായിരുന്നു.എന്നാൽ ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പെടെ പല രാജ്യങ്ങളും സൈന്യത്തെ പാൻഡമിക്കിനെതിരെ പോരാടാൻ വിന്യസിക്കുകയും അവർ അതിൽ സജീവമായ പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്.

**കോവിഡ് മഹാമാരി സമയത്ത് ഇന്ത്യൻ സൈന്യം മൂന്നു വർഷത്തെ സൈനിക പരിശീലനത്തിന് പൊതു പദ്ധതി തയ്യാറാക്കുന്നു**

കോവിഡ് 19 കാലത്ത് അകത്തടച്ചിരുന്ന, ഇന്ത്യൻ സായുധസേന മൂന്നുവർഷത്തെ സ്വമേധയായുള്ള ഡ്യൂട്ടി ടൂർ പദ്ധതിയുമായി രംഗത്തെത്തിയത് അമ്പരപ്പിക്കുന്നതാണ്.

ഇന്ത്യൻ ആർമി പുറത്തിറക്കിയ പ്രസ്താവന പ്രകാരം, “സായുധ സേനയിൽ “സ്ഥിരസേവനം/ജോലി” എന്ന ആശയത്തിൽ നിന്നും “ഇന്റേൺഷിപ്പ്/ മൂന്നുവർഷത്തെ താൽക്കാലിക ജോലി” എന്നതിലേക്കുള്ള മാറ്റമാണ് പുതിയ പദ്ധതി.പ്രതിരോധമേഖലയിലെ സേവനങ്ങളെ സ്ഥിരം ജോലി ആയി കണക്കാ

ക്കാൻ ആഗ്രഹിക്കാത്തവരും എന്നാൽ സൈനിക പ്രൊഫഷണലിസത്തിന്റെ ആവേശവും സാഹസികതയും അനുഭവിക്കാൻ ആഗ്രഹിക്കുന്നവരും ആയ യുവാക്കൾക്ക് വേണ്ടിയാണിത് എന്നു പറയുന്നു."

ഈ നൂതന പദ്ധതിക്കു പിന്നിലുള്ള യുക്തി വിശദീകരിച്ചുകൊണ്ടുള്ള പത്രക്കുറിപ്പിൽ,

"ഇന്ത്യൻ യുവാക്കൾക്കിടയിൽ ദേശീയതയുടേയും രാജ്യസ്നേഹത്തിന്റേയും പുനരുജ്ജീവനം ഈ പദ്ധതിമൂലം ഉറപ്പാക്കപ്പെടുമെന്നും ഇതിനെ രാജ്യത്തിനായി ഉപയോഗപ്പെടുത്തുമെന്നും തൊഴിലില്ലായ്മ കുറക്കാനും ഇതുപകരിക്കുമെന്നും പറയുന്നു. ഈ മൂന്നു വർഷത്തെ വരുമാനം നികുതി രഹിതമാക്കുമെന്നും, "ടൂർ ഓഫ് ഡ്യൂട്ടി"യുടെ ഭാഗമാകുന്ന മുഴുവൻ പേർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലും ബിരുദാനന്തര കോഴ്സുകളിലും മുൻഗണന നൽകാമെന്നും നിർദ്ദേശം വിഭാവന ചെയ്യുന്നു. യുവജനങ്ങളുടെ ഊർജ്ജത്തെ ക്രിയാത്മക വിനിയോഗത്തിലേക്ക് നയിക്കാൻ ഈ സേവനം സഹായിക്കുമെന്നും,ഇങ്ങനെ വളർത്തിയെടുക്കുന്ന കഠിനമായ സൈനിക പരിശീലനവും ശീലങ്ങളും അവരെ ഉത്തമ പൗരത്വത്തിലേക്ക് നയിക്കും എന്ന വസ്തുതയും കുറിപ്പ് ഊന്നിപ്പറയുന്നു."

ഇതുവരെ കേട്ടിട്ടില്ലാത്തതും, പാർലമെന്റോ, പ്രതിരോധ മന്ത്രാലയതലത്തിലോ ചർച്ച ചെയ്തിട്ടില്ലാത്തതുമായ, ഇന്ത്യൻ സൈന്യത്തിന്റെ റിക്രൂട്ട്മെന്റ് രീതിയും കാലാവധിയും സംബന്ധിച്ചുള്ള ഈ പ്രഖ്യാപനം നടത്തിയത് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗോ, ഇന്ത്യയുടെ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ബിപൻ റാവത്തോ ആയിരുന്നില്ല.മറിച്ച് ആർമി ഒരു പത്രക്കുറിപ്പിൽ കൂടിയാണ് ഇക്കാര്യങ്ങൾ പുറത്തറിയിച്ചത്. ഇത്തരമൊരു നിർദ്ദേശം ചർച്ച ചെയ്യുന്നുണ്ടെന്ന് കരസേനയുടെ വക്താവ് കേണൽ അകമൻ ആനന്ദ് സ്ഥിരീകരിച്ചു. ജനാധിപത്യ മതേതര ഇന്ത്യയുടെ ഭാവി നിർണയിക്കുന്ന നിമിഷം ആയി മാറിയേക്കാവുന്ന ഈ നിർദ്ദേശത്തോട് പ്രതികരിക്കാൻ പ്രതിപക്ഷ പാർട്ടികളും മാധ്യമങ്ങളും മെനക്കെടുന്നില്ല.

കോവിഡ് 19 കാലഘട്ടത്തിൽ ഇറങ്ങിയ മുകളിലെ കുറിപ്പ് നിരവധി സുപ്രധാന ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.ജനാധിപത്യ മതേതര ഇന്ത്യൻ രാഷ്ട്രീയത്തിന് ഭാവി നിർണയിക്കാൻ അതിനുള്ള ഉത്തരങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു .മൂന്നു വർഷത്തെ സ്വമേധയാ ഡ്യൂട്ടി ടൂർ തൊഴിലില്ലായ്മ കുറയ്ക്കാൻ സഹായിക്കും എന്നുള്ള വിടുവായൻ അവകാശവാദം പൊട്ടിച്ചിരി ഉണർത്തുന്നതാണ്. തൊഴിൽരഹിതരായ ദശലക്ഷക്കണക്കിന് ഇന്ത്യൻ യുവാക്കളിൽ നിന്നും കുറെ ദശലക്ഷങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്ന പ്രതീതിയാണ് ഈ അവകാശവാദം മുന്നോട്ടുവെക്കുന്നത് .ചില വിഭാഗങ്ങളിൽ 20 ശതമാനത്തോളം ഉയരുന്നവിധം,1.5ലക്ഷം തൊഴിലവസരങ്ങൾ വെട്ടിക്കുറച്ച് എണ്ണം കുറയ്ക്കാൻ പദ്ധതിയിടുന്ന ഇന്ത്യൻ സൈന്യം എങ്ങനെയാണ് തൊഴിലില്ലായ്മ കുറയ്ക്കുന്നത്.

## ദേശീയത രാജ്യസ്നേഹം ആരോഗ്യകരമായ പൗരത്വം എന്നിവയ്ക്കായുള്ള മൂന്നുവർഷത്തെ സൈനിക പരിശീലനം

ഈ പദ്ധതിയെ ന്യായീകരിച്ചുകൊണ്ട് ആർമി പുറപ്പെടുവിച്ച പ്രസ്താവന ഇങ്ങനെ പറയുന്നു;ദേശീയതയുടെയും രാജ്യസ്നേഹത്തിന്റേയും പുനരുജ്ജീവനത്തിനായി ആണിത്,കഠിനമായ സൈനികപരിശീലനവും ശീലങ്ങളും വളർത്തിയെടുക്കുന്നത് ആരോഗ്യകരമായ പൗരത്വത്തിലേക്ക്നയിക്കും. അങ്ങനെ,ദേശീയത, രാജ്യസ്നേഹം,ആരോഗ്യകരമായ പൗരത്വം,എന്നിവയെ സൈനിക പരിശീലനത്തോട് സമീകരിച്ചിരിക്കുന്നു.രണ്ടാംലോകമഹായുദ്ധകാലത്ത് ലോകം മുഴുക്കെ കേട്ടിരുന്നതാണ് ഈ മുദ്രാവാക്യം. ഇപ്പോഴത്തെ സമഗ്രാധിപത്യ രാജ്യങ്ങളായ വടക്കൻ കൊറിയയിൽ നിന്നും സിയോണിസ്റ്റ് ഇസ്രായേലിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നതുമാണീ മുദ്രാവാക്യം.

ഹിന്ദുവിന്റെ സൈനികവൽക്കരണം എന്ന ആശയം ഹിന്ദു ദേശീയതയുടെ പ്രതീകങ്ങളായവർ കടമെടുത്തത് മുസോളിനിയിൽ നിന്നും ഹിറ്റ്ലറിൽ നിന്നുമാണ്.

ഹിന്ദുമഹാസഭയുടേയും ആർഎസ്എസിന്റെയും നേതാക്കൾ തീക്ഷ്ണതയോടെ പ്രോത്സാഹിപ്പിച്ചിരുന്ന 'ഹിന്ദു സമൂഹത്തെ സൈനികവൽക്കരിക്കുക' എന്ന പഴയ ഹിന്ദുത്വ പദ്ധതിയുടെ ഭാഗമാണ് ഇത്തരമൊരു പദ്ധതി എന്നതാണ് വസ്തുത. ഇന്ത്യൻ രാഷ്ട്രീയത്തെ കുറിച്ച് പഠിക്കുന്ന വിഖ്യാതയായ ഇറ്റാലിയൻ ഗവേഷക മാർസിയ കസോളരി, ഒരു വശത്ത് ഹിന്ദുമഹാസഭയും ആർഎസ്എസും തമ്മിലുള്ള സാഹോദര്യ ബന്ധം കണ്ടെത്തുന്നതിനും മറുവശത്ത് ആർഎസ്എസ് ആര്യന്മാരെ സൈനികവൽക്കരിക്കുക എന്ന ആശയം ഫാസിസത്തിൽ നിന്നും നാസിസത്തിൽ നിന്നും കടമെടുത്തത് എങ്ങനെയെന്നും കണ്ടെത്താൻ മുൻകൈ എടുത്തിട്ടുണ്ട്. പ്രമുഖരായ ഹിന്ദു ദേശീയവാദികളുടെ രേഖകളെ ആശ്രയിച്ചുകൊണ്ട് അവർ നടത്തിയതും ഈ രംഗത്തെ ആദ്യ ശ്രമമെന്ന് പരിഗണിക്കാവുന്നതുമായ അവരുടെ ഗവേഷണ പദ്ധതി അനുസരിച്ച് ഹിന്ദു ദേശീയവാദികളെ ഏറ്റവും കൂടുതൽ ആകർഷിച്ച ഫാസിസത്തിന്റെ ഒരു വശം സമൂഹത്തിന്റെ സൈനികവൽക്കരണം ആയിരുന്നു. ആർഎസ്എസ് സ്ഥാപകനായ കേശവ ബലിറാം ഹെഡ്ഗേവാറിന്റെ ഉപദേശകനും ധർമ്മവീർ (മതത്തിന്റെ ധീരൻ) എന്നു കണക്കാക്കപ്പെടുന്നയാളുമായ ബാലകൃഷ്ണ ശിവറാം മൂഞ്ചി വട്ടമേശ സമ്മേളനത്തിൽ പ

ങ്കെടുത്ത് തിരിച്ചുവരവേ ഇറ്റലിയിൽ ഒരു പര്യടനം നടത്തി. (1931 ഫെബ്രുവരി–മാർച്ച്).മുസ്സോളിനിയുമായുള്ള കൂടിക്കാഴ്ച പ്രധാന ഉദ്ദേശം ആയിരുന്ന ആ സന്ദർശനത്തിൽ അദ്ദേഹം അവിടത്തെ ചില പ്രധാന സൈനിക സ്കൂളുകൾ സന്ദർശിച്ചു.(മിലിട്ടറി കോളേജ്,സെൻട്രൽ മിലിറ്ററി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ,ഫാസിസ്റ്റ് അക്കാഡമി ഓഫ് ഫിസിക്കൽ എജുക്കേഷൻ)

മുസോളിനിയുടെ സൈനിക വൽക്കരണ പദ്ധതിയെ മൂഞ്ചി പ്രശംസിക്കുകയും ഇന്ത്യയിൽ അത് പ്രാവർത്തികമാക്കാൻ പദ്ധതി ഇടുകയും ചെയ്തു. അദ്ദേഹം എഴുതി:

'ഹിന്ദുക്കളുടെ സൈനിക പുനരുജ്ജീവനത്തിനായി ഇന്ത്യക്കും പ്രത്യേകിച്ച് ഹിന്ദു ഇന്ത്യയ്ക്കും അത്തരം ചില സ്ഥാപനങ്ങൾ ആവശ്യമാണ്. അതിനാൽ ഹിന്ദുക്കൾക്ക് ആയോധനവും അല്ലാത്തതുമായ പരിശീലനങ്ങളാൽ ആ ബ്രിട്ടീഷുകാർ ചെലുത്തുന്ന കൃത്രിമ വേർതിരിവ് അപ്രത്യക്ഷമാകാം. ഹെഡ്ഗേവാറിന്റെ കീഴിലുള്ള നാഗ്പൂരിലെ സംഘം സ്വതന്ത്രമായി വിഭാവന ചെയ്തത് ആണെങ്കിലും നമ്മുടെ രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ സ്ഥാപനം അത്തരമൊന്നാണ്.എന്റെ ശിഷ്ടകാലം മഹാരാഷ്ട്രയിലും മറ്റു പ്രവിശ്യകളിലും ആ സ്ഥാപനം വികസിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ആയി ഞാൻ ചെലവഴിക്കും.'

പൂനയിൽ എത്തിയ ഉടനെ അദ്ദേഹം 'മറാട്ടാ' പത്രത്തിന് ഒരു അഭിമുഖം നൽകി.ഹിന്ദുസമൂഹത്തിന്റെ സൈനിക പുനഃസംഘടന സംബന്ധിച്ച് സൈന്യത്തെ ഇന്ത്യവൽക്കരിക്കുന്നത്തിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. സൈനികസേവനം നിർബന്ധിതമാക്കുമെന്നും ഒരു ഇന്ത്യക്കാരനെ പ്രതിരോധ മന്ത്രാലയത്തിലെ ചുമതല ഏൽപ്പിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഒടുവിൽ അദ്ദേഹം തന്റെ ഇറ്റാലിയൻ ജർമൻ ഉദാഹരണങ്ങളെക്കുറിച്ച് വ്യക്തമായ പരാമർശങ്ങൾ ഡയറിയിൽ നടത്തി.

"വാസ്തവത്തിൽ നമ്മുടെ നേതാക്കൾ ജർമനിയിലെ യുവജന പ്രസ്ഥാനങ്ങളെയും ഇറ്റലിയിലെ ബെലില്ല,ഫാസിസ്റ്റ് സംഘടനകളെയും അനുകരിക്കണം. ഇന്ത്യയിലെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി ഇന്ത്യയിൽ അവതരിപ്പിക്കുന്നതിന് അവ വളരെ അനുയോജ്യമാണ് എന്നും ഞാൻ കരുതുന്നു. ഈ പ്രസ്ഥാനങ്ങൾ എന്നിൽ വളരെയധികം മതിപ്പുളവാക്കി. അവരുടെ പ്രവർത്തനങ്ങൾ, എല്ലാ വിശദാംശങ്ങളിലും എന്റെ സ്വന്തം കണ്ണു കൊണ്ട് ഞാൻ കണ്ടു."

1934 മാർച്ച് 31ലെ മുൻജെയുടെ ഡയറിയിൽ അദ്ദേഹവും ഹെഡ്ഗേവാറും ലാലുഗോഖലെയും ഉൾപ്പെടുന്ന ഒരു യോഗം നടന്നതായി പറയുന്നുണ്ട്.ഇറ്റാലിയൻ,ജർമൻ ശൈലിയിൽ ഹിന്ദുക്കളുടെ സൈനിക സംഘടനയായിരുന്നു ഈ യോഗത്തിന്റെ വിഷയമായി വീണ്ടും വന്നത്.

യോഗത്തിൽ മുൻജെ ഇങ്ങനെ പറഞ്ഞു: 'ഇന്ത്യയിലുടനീളം ഹിന്ദുധർമ്മ ശാസ്ത്രത്തെ അടിസ്ഥാനമാക്കി ഹിന്ദു മതത്തിന്റെ നിലവാരം ഏകീകരിക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് ഞാൻ ആലോചിച്ചു. പക്ഷെ പഴയ ശിവജിയോ ഇറ്റലിയിലെ മുസോളിനിയോ ജർമനിയുടെ ഹിറ്റ്ലറോ പോലുള്ള ഒരു സ്വേച്ഛാധിപതി ഇല്ലെങ്കിൽ നമ്മുടെ സ്വരാജ് പ്രാബല്യത്തിൽ വരുത്താൻ ആകില്ല എന്നതാണ് കാര്യം.എന്നാൽ ഇന്ത്യയിൽ അങ്ങനെയുള്ള ഒരു സ്വേച്ഛാധിപതി ഉദയം ചെയ്യുന്നതുവരെ കൈകൂപ്പി ഇരിക്കണം എന്നല്ല ഇതിനർത്ഥം. ഇതിനുള്ള ഒരു ശാസ്ത്രീയ പദ്ധതി ആവിഷ്കരിച്ചു പ്രചരണവുമായി മുന്നോട്ടുപോകണം.'

ഹിന്ദുസമൂഹത്തെ സൈനികമായി പുന:സംഘടിപ്പിക്കുക എന്ന തന്റെ ആശയം"ഇംഗ്ലണ്ട് ഫ്രാൻസ് ജർമനി ഇറ്റലി എന്നിവിടങ്ങളിലെ സൈനിക പരിശീലനം സ്കൂളുകളിൽ" നിന്നും പ്രചോദനമുൾകൊണ്ടുണ്ടായതാണെന്ന് മുൻജെ പരസ്യമായി സമ്മതിച്ചതായി മാർസിയ അഭിപ്രായപ്പെടുന്നുണ്ട്.

പ്രമുഖരായ വ്യക്തികൾക്കിടയിൽ പ്രചരിപ്പിച്ച സെൻട്രൽ ഹിന്ദു മിലിട്ടറി സൊസൈറ്റിയുടെയും അതിന്റെ സൈനിക സ്കൂളിന്റെയും പദ്ധതിക്കുള്ള തന്റെ ആമുഖത്തിൽ മുൻജെ ഉറപ്പിച്ചു പറഞ്ഞു:

'വിജയം നേടാനുള്ള അഭിലാഷത്തോടെ എതിരാളികളിൽ സാധ്യമാകുന്നിടത്തോളം പേരെ വധിച്ചു പരിക്കേൽപ്പിച്ചും വലിയ ജനക്കൂട്ടത്തെ കൊന്നു തള്ളാൻ ഉള്ള യോഗ്യതയും ചേർച്ചയും ഉള്ളവരായി നമ്മുടെ കുട്ടികളെ മാറ്റുക എന്നതാണ് ഈ പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്.'

മുൻജെ ഉദ്ദേശിച്ച എതിരാളി എന്നത് വൈദേശിക ശത്രുക്കളായ ബ്രിട്ടീഷുകാർ അല്ല മറിച്ച് പഴയ 'ചരിത്രപരമായ' ആഭ്യന്തര ശത്രുക്കളായ മുസ്ലീങ്ങൾ ആണെന്ന കാര്യം കാണാതെ പോകരുത്. ഈ സ്കൂൾ ഉദ്ഘാടനം ചെയ്തത് അന്നത്തെ ഗവർണർ ആയിരുന്ന സർ റോജർ ലാംല ആയിരുന്നു. മാത്രമല്ല രണ്ടാം ലോകമഹായുദ്ധത്തിൽ ഹിന്ദു യുവാക്കളെ നൽകിക്കൊണ്ട് ഈ സ്കൂൾ ബ്രിട്ടീഷുകാരെ സഹായിച്ചു.ബ്രിട്ടീഷുകാരുടെ രണ്ടു പഴയ ശിങ്കിടികളായ ബോൺസ്ലെയും സിന്ധ്യയുമാണ് ഈ സ്കൂളിന് ആവശ്യമായ പണം നൽകിയത്. ഹിന്ദുസമൂഹത്തെ 'സൈനിക വൽക്കരിക്കാൻ" മുൻജെ ആഹ്വാനം ചെയ്തു.

## സവർക്കറുടെ സംഭാവന

നേതാജി സുഭാഷ് ചന്ദ്ര ബോസ് ഇന്ത്യയെ സൈനികമായി മോചിപ്പിക്കാനായി വിദേശത്ത് ശ്രമിക്കുമ്പോൾ,വിനായക് ദാമോദർ സവർക്കർ ബ്രിട്ടീഷ് സൈന്യത്തിലേക്ക് ഹിന്ദുക്കളെ റിക്രൂട്ട് ചെയ്യാനുള്ള നൂറ് ക്യാമ്പു

കൾ സംഘടിപ്പിക്കുകയായിരുന്നു.ഹിന്ദുക്കളെ സൈനികവൽക്കരിക്കുക എന്ന സവർക്കറുടെ തന്ത്രത്തിന്റെ ഭാഗമായിരുന്നു അത്.

സവർക്കർ ഹിന്ദുക്കളോട് ഇങ്ങനെ ആഹ്വാനം ചെയ്തു:

"ഹിന്ദു സംഘം ഹൃദയമുള്ള ലക്ഷക്കണക്കായ ഹിന്ദുക്കളെ കൊണ്ട് ബ്രിട്ടീഷ് കര-നാവിക-വ്യോമ സേനകളിലെ നിറക്കുക.ഹിന്ദുക്കൾ ബ്രിട്ടീഷ് സൈന്യത്തിൽ നിയമിക്കപ്പെടുകയാണെങ്കിൽ ഇങ്ങനെയൊരു ഉറപ്പും അദ്ദേഹം നൽകി.യുദ്ധാനന്തരം ഉണ്ടാകാൻ പോകുന്നത് ആഭ്യന്തര ഹിന്ദുവിരുദ്ധ യുദ്ധമോ ഭരണഘടനാ പ്രതിസന്ധിയോ, സായുധ കലാപമോ എന്തുമാകട്ടെ, അതിനെ അഭിമുഖീകരിക്കാൻ കഴിയും വിധം താരതമ്യപ്പെടുത്താൻ ആവാത്തവിധം കൂടുതൽ ശക്തവും ഏകീകൃതമായ സ്ഥാനത്തേക്ക് നമ്മുടെ ഹിന്ദു ഉയർന്നുവരും"

മുസ്ലീങ്ങളേയും ക്രിസ്ത്യാനികളേയും ഉച്ചാടനം ചെയ്യാനുള്ള ആർ.എസ്.എസ്. പദ്ധതി

1925 സ്ഥാപിതമായത് മുതൽ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും തുടച്ചുനീക്കുക എന്നത് മുഖ്യ അജണ്ടയായാണ് ആർ.എസ്.എസ്. പ്രവർത്തിക്കുന്നത്.ആർഎസ്എസിന്റെ സ്ഥാപകനായ ഹെഗ്ഡേവാർ കോൺഗ്രസ് വിടാനുള്ള കാരണം സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മുസ്ലീങ്ങൾ ഉൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രത്തിനായി നിലകൊണ്ടു എന്നതായിരുന്നു.ഹെഗ്ഡേവാറുടെ പിൻഗാമിയായ മാധവ സദാശിവ ഗോൾവാൾക്കർ 1939 എഴുതിയ We or Our Nation Defined എന്ന പുസ്തകത്തിൽ ഹിറ്റ്ലർ നടത്തിയ ജൂതഹത്യകളെ സ്തുതിക്കുക വഴി ആർഎസ്എസ് അത് അനുകരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് വ്യക്തമാക്കുകയാണ് ചെയ്തത്.

"ജർമൻ വംശാഭിമാനം ഇപ്പോഴത്തെ പ്രധാന വിഷയമായി മാറിയിരിക്കുന്നു.രാജ്യത്തുനിന്നും സെമിറ്റിക് വംശമായ ജൂതന്മാരെ ഉച്ചാടനം ചെയ്ത്, വംശശുദ്ധിയിലും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് ജർമ്മനി ലോകത്തെ ഞെട്ടിച്ചിരിക്കുന്നു.വംശമഹിമ അതിന്റെ ഏറ്റവും ഉയർന്ന തലത്തിൽ അവിടെ പ്രകടമായിരിക്കുന്നു.വ്യത്യസ്തങ്ങളായ വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഒരു ഏകീകൃത സമ്പൂർണ്ണതയിൽ സമന്വയിക്കുന്നത് എത്രത്തോളം അസാധ്യമാണെന്ന് ജർമ്മനി തെളിയിച്ചിരിക്കുന്നു.ഹിന്ദുസ്ഥാനിൽ ഉള്ള നമുക്ക് പഠിക്കാനും സ്വായത്തമാക്കാനും ഉള്ള ഒരു നല്ല പാഠമാണിത്."

സ്വതന്ത്ര ഇന്ത്യ രൂപം കൊണ്ടതിനുശേഷവും മുസ്ലിംകളോടും ക്രിസ്ത്യാനികളോടും ഉള്ള വിശ്രമമില്ലാത്ത വിദ്വേഷത്തിന് ഒരു കുറവും ഉണ്ടായിരുന്നില്ല.ആർ.എസ്.എസ്.ന്റെ സൈദ്ധാന്തികനും വിദ്വേഷത്തിന്റെ ഗുരുവുമായ ഗോൾവാൾക്കർ രചിച്ചതും RSS കാഡർമാരുടെ വിശുദ്ധ ഗ്രന്ഥവുമായിട്ടുള്ള വിചാരധാരയിലെ "ആഭ്യന്തര വെല്ലുവിളികൾ" എന്ന ദീർഘ അധ്യായത്തിൽ ഒന്നാമത്തെ ആഭ്യന്തര ഭീഷണിയായി മുസ്ലീമിനേയും രണ്ടാമത്തെ ഭീഷണിയായി ക്രിസ്ത്യാനിയേയും വിശദീകരിച്ചു.മൂന്നാമത്തെ ആഭ്യന്തര വെല്ലുവിളി ആകാനുള്ള ബഹുമതി കമ്മ്യൂണിസ്റ്റുകൾക്കും ലഭിച്ചു.

2014 ൽ മോഡിയുടെ അധികാരത്തിലേക്കുള്ള വരവോടെ ഹിന്ദുത്വശക്തികൾ അഴിഞ്ഞാട്ടം തുടങ്ങി.ആർഎസ്എസ് നേതാക്കൾ ധാർഷ്ട്യത്തോടെ 2021 ഓടെ ഇന്ത്യയിൽ നിന്നും മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും തുടച്ചുമാറ്റും എന്ന് പ്രഖ്യാപിച്ചു. ലൗജിഹാദ്,ഗർവാപ്പസി,പശു എന്നിവയുടെ പേരിൽ അക്രമോത്സുക പ്രചരണങ്ങൾ ആരംഭിക്കുകയും മുസ്ലിംകളും ക്രിസ്ത്യാനികളും ആൾക്കൂട്ടകൊലപാതകങ്ങൾക്ക് ഇരയാവുകയും ചെയ്തു.മോഡി ഭരണം ഒരു വർഷം തികക്കുന്നതിനു മുമ്പ് അരങ്ങേറിയ ഹിന്ദുത്വഉന്മാദത്തിൽ ദുഃഖിതനായി റൊമാനിയയിലെ മുൻ അംബാസഡറും ഇന്ത്യയിലെ പ്രധാനിയായ പോലീസ് മേധാവികളിൽ ഒരാളും വിഖ്യാത ദേശീയ ബഹുമതിയായ പത്മഭൂഷൺ ലഭിച്ച ആളുമായ ജൂലിയോ റബൈറോ 2015 മാർച്ച് 17 നു ഇങ്ങനെ എഴുതി:

"ഇന്ന് എന്റെ എൺപത്തിയാറാം വയസ്സിൽ ഭയവും അനാഥത്വവും അനുഭവിച്ച് എന്റെ മാതൃരാജ്യത്തിൽ അപരിചിതൻ ആകുന്ന നിലയിലേക്ക് ഞാൻ ചെറുതായിരിക്കുന്നു.ഏറ്റവും ചുരുങ്ങിയത് ഹിന്ദു രാഷ്ട്ര വാദികളുടെ കണ്ണിലെങ്കിലും ഞാൻ ഒരു ഇന്ത്യക്കാരൻ അല്ല.ചെറുതും സമാധാനപരവുമായ ഒരു സമുദായത്തിനെതിരെ സംഘടിതമായി ഉന്നം വെക്കുന്നത് ആരംഭിച്ചത്, നരേന്ദ്ര മോദിയുടെ ഗവൺമെൻറ് അധികാരത്തിൽ വന്ന കഴിഞ്ഞ മെയ് മാസത്തിനുശേഷമാണ് എന്നത് ഒരു യാദൃശ്ചിക സംഭവമാണോ അതോ ആലോചിച്ചെടുത്ത ഒരു പദ്ധതിയാണോ?ഈ തീവ്രവാദികൾ വിദ്വേഷത്തിനും അവിശ്വാസത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള പരിധികൾക്ക് പുറത്തേക്ക് പോകാൻ ധൈര്യപ്പെടുന്നു എന്നത് ദുഃഖകരമാണ്. ആകെ ജനസംഖ്യയുടെ രണ്ട് ശതമാനം മാത്രം വരുന്ന ക്രിസ്ത്യൻ ജനത വിദഗ്ദമായി ആസൂത്രണം ചെയ്യപ്പെട്ട ശാരീരിക ആക്രമണ പരമ്പരകൾക്ക് ഇരയായിട്ടുണ്ട്.തീവ്രവാദികൾ തങ്ങളുടെ ശ്രദ്ധ അവരുടെ ലക്ഷ്യം ആയി കണക്കാക്കുന്ന മുസ്ലീങ്ങളിലേക്ക് തിരിച്ചാൽ അവർ വിളിച്ചു വരുത്തുന്ന പ്രത്യാഘാതങ്ങൾ ഇത് എഴുതുന്ന ആൾക്ക് സങ്കൽപ്പിക്കാവുന്നതിനേക്കാൾ ഭയാനകമായിരിക്കും."

### ടൂർ ഓഫ് ഡ്യൂട്ടി മിലിറ്ററി റിക്രൂട്ട്മെൻറ് വരുമെന്ന് ആർഎസ്എസ് അറിഞ്ഞിരുന്നോ?

2019 ജൂലൈ 29 ലെ പ്രമുഖ ഇംഗ്ലീഷ് പത്രം,ഒരു സാംസ്കാരിക സംഘടനയായ ആർ

എസ്എസ് 160 വിദ്യാർത്ഥികൾ ആദ്യബാച്ചിൽ ഉണ്ടാകുന്ന ഒരു സൈനിക സ്കൂൾ ഏപ്രിൽ 2020-ഓടെ ആരംഭിക്കുമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആർഎസ്എസിന്റെ വിദ്യാഭ്യാസ വിഭാഗമായ വിദ്യാഭാരതി ആണ് ഈ സൈനിക സ്കൂൾ നടത്തുക എന്നും മുൻ ആർഎസ്എസ് മേധാവി രാജേന്ദ്രസിംഗിന്റെ പേരിൽ രജു ഭയ്യ സൈനിക് വിദ്യാ മന്ദിർ (RBSVM) എന്ന പേരിലായിരിക്കും ആദ്യ സംരഭം തുടങ്ങുകയെന്നും പറഞ്ഞു.വെസ്റ്റ് യുപി ക്കും ഉത്തരാഖണ്ഡിനുമായുള്ള വിദ്യാഭാരതി ഉച്ഛ ശിക്ഷാ സാൻസ്ഥാൻ മേഖലാ കൺവീനർ ആയ അജയ് ഗോയൽ പറഞ്ഞപ്രകാരം യുപിയിലെ ബുലൻഡ്ഷാഹർ ജില്ലയിൽ ശിക്കാർപൂരിൽ 20,000 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഉള്ള സൈനിക സ്കൂൾ നിർമ്മാണ ഘട്ടത്തിലാണുള്ളത്.അതിശയകരമായ ഒരു കാര്യം കൂടി ഗോയൽ വെളിപ്പെടുത്തി.രാജ്യത്തെ ഒരുകൂട്ടം സൈനിക ഉദ്യോഗസ്ഥന്മാർ ആർഎസ്എസുമായും അനുബന്ധ സംഘടനകളുമായും ബന്ധപ്പെട്ടു നിൽക്കുന്നു എന്ന കാര്യം.നിലവിൽ സർവീസിൽ തുടരുന്ന സൈനിക ഉദ്യോഗസ്ഥർ ഒരു സർക്കാറിതര സംഘടനയുമായി സമ്പർക്കം പുലർത്തുന്ന കാര്യം രഹസ്യാന്വേഷണ ഏജൻസികൾ ഗൗരവമായി എടുക്കേണ്ടതും ഇക്കാര്യത്തിൽ അന്വേഷണം ഉണ്ടാകേണ്ടതുമാണ്. രജ്പാൽ സിംഗ് ജനകല്യാൺ സേവാസമിതി എന്ന ഒരു ട്രസ്റ്റ് കീഴിലായിരിക്കും സൈനിക സ്കൂളിന്റെ പ്രവർത്തനം നടക്കുക എന്നതും രസകരമായിരിക്കുന്നു.ഇപ്പോൾ ആർഎസ്എസ് സൈനിക സ്കൂൾ ഇന്ത്യൻ ആർമിയിൽ റിക്രൂട്ട്മെൻറ് ആയി കേഡർമാരെ തയ്യാറാക്കാൻ കഴിയും വിധം ആർഎസ്എസ് സൈനിക സ്കൂൾ ഇപ്പോൾ പ്രവർത്തനക്ഷമം ആയിരിക്കണം.

RBSVM വെബ്സൈറ്റ് (http://www,rbsvm.in/ accessed on May 26,2020) പ്രകാരം 75 വിദ്യാർത്ഥികളെ ഇതിനോടകം സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്.ലിസ്റ്റ് പരിശോധനയിൽ മനസ്സിലാകുന്നത് ലിസ്റ്റിൽ ഉള്ളവരെല്ലാം ഒരു സമുദായത്തിൽ പെടുന്നവരാണ് എന്നതാണ്.

ഒരു സംസ്ഥാനത്തിലെ ഗവർണർ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ആഭ്യന്തരയുദ്ധം ആഗ്രഹിക്കുന്നു.

മുസ്ലീങ്ങളുടെ ഉച്ചാടനമാണ് ആർഎസ്എസുകാരുടെ ലക്ഷ്യമെന്നു ജൂലിയോ റബൈറോ എഴുതിയത് ശരിയാണ്. ഇത് ആർഎസ്എസിന്റെ തലമുതിർന്ന സൈദ്ധാന്തികനായ ത്രിപുര ഗവർണർ ഗതാഗത റോയ് തന്നെ സ്ഥിരീകരിച്ചിരിക്കുന്നു. 2017 ജൂൺ 18 ന് ഈ ആർഎസ്എസ് നേതാവ് മറ്റൊരു ആർഎസ്എസ് നേതാവ് ശ്യാമപ്രസാദിനെ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ എഴുതി:

'ശ്യാമപ്രസാദ് മുഖർജി 10-1-1946നു ഡയറിയിൽ എഴുതി :ഹിന്ദു-മുസ്ലിം പ്രശ്നം ഒരു ആഭ്യന്തരയുദ്ധം കൂടാതെ പരിഹരിക്കാനാവില്ല, ലിങ്കണെ പോലെ."...ശ്രദ്ധിക്കൂ ഇന്ത്യയിലെ മുസ്ലിങ്ങൾക്കെതിരെ ആഭ്യന്തരയുദ്ധത്തിനായി കുരച്ചത് ഏതെങ്കിലും തെളിവു കുറ്റവാളിയല്ല മറിച്ച് ഉയർന്ന ഭരണഘടനാ സ്ഥാപനത്തിൽ ഇരിക്കുന്ന ഒരാൾ ആണ്. ഇതിന്റെ പേരിൽ വിമർശിക്കപ്പെട്ടപ്പോൾ ആ പ്രസ്താവന പിൻവലിക്കാൻ അദ്ദേഹം തയ്യാറായില്ല പകരം പറഞ്ഞത് ഞാൻ ശ്യാമപ്രസാദ് മുഖർജിയെ ഉദ്ധരിക്കുകയാണ് ചെയ്തത് എന്നായിരുന്നു. മുഖർജി ആകട്ടെ ഇപ്പോഴും ആർഎസ്എസിന്റെ മഹാനായ നേതാവായി തുടരുന്നു.മാത്രമല്ല ഗവർണറിൽ നിന്നും വിശദീകരണം തേടാത്ത മോദി സർക്കാർ അദ്ദേഹത്തെ സംരക്ഷിച്ച് നിർത്തുകയും ചെയ്യുന്നു.

അയൽ രാജ്യങ്ങളിലെ മുസ്ലിങ്ങൾക്കും ക്രിസ്ത്യാനികൾക്കും എതിരെ ആർഎസ്എസ് ഒരു ശൃംഖല കെട്ടിപ്പടുക്കുന്നു.

മുസ്ലിംകൾക്കും ക്രിസ്ത്യാനികൾക്കും എതിരെ ദക്ഷിണേന്ത്യയിലെ ഫാസിസ്റ്റ് ബുദ്ധമത സംഘടനകളുമായി ചേർന്ന് ആർഎസ്എസ് തീവ്രവാദ സഖ്യം കെട്ടിപ്പടുക്കുകയാണെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

2014 ഒക്ടോബർ 15ന് "മുസ്ലീങ്ങൾക്കെതിരെ മാരകമായ സഖ്യം" എന്ന തലക്കെട്ടിലുള്ള എഡിറ്റോറിയലിൽ ന്യൂയോർക്ക് ടൈംസ് ഇതുസംബന്ധിച്ച് സെൻസേഷണൽ വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി.

രാജ്യത്തിന്റെ ആസ്തികൾ സംരക്ഷിക്കാൻ ബാബാ രാംദേവ് ഒരു സെക്യൂരിറ്റി ഏജൻസി ആരംഭിക്കുന്നു.

വിവാദ യോഗഗുരുവും ഹിന്ദു സന്യാസിയും ഇന്ത്യയിലെ ഏറ്റവും ധനികരിൽ ഒരാളും ആർഎസ്എസ്-ബിജെപി ഭരണാധികാരികളുടെ പ്രിയങ്കരനുമായ ബാബാ രാംദേവ് തന്റെ പതഞ്ജലി യോഗ ട്രസ്റ്റിന് കീഴിൽ ഒരു സ്വകാര്യ സെക്യൂരിറ്റി ഏജൻസി ആരംഭിക്കാൻ തീരുമാനിച്ചത് യാദൃശ്ചികമല്ല. അതിന്റെ ലക്ഷ്യങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്..

'രാജ്യമെമ്പാടുമുള്ള 11 ലക്ഷം യോഗ സെൻററുകലിൽ നിന്നും സുരക്ഷാഭടന്മാർ.. ഇതിന്റെ പേര് പരാക്രമം സുരക്ഷാ പ്രൈവറ്റ് ലിമിറ്റഡ്. യുവാക്കൾക്ക് തൊഴിൽ നൽകുന്ന ഈ കമ്പനി രാജ്യത്തിൻറെ ആസ്തികൾ സംരക്ഷിക്കും.ഇതിനായി 50 ലക്ഷം സുരക്ഷാ ഗാർഡുകളുടെ ആവശ്യമുണ്ടെന്ന് പതഞ്ജലി യോഗ പീഠത്തിന്റെ വക്താവ് എസ്. കെ. തിജറാവാല പറഞ്ഞു.

എന്തുകൊണ്ട് രാംദേവ് സെക്യൂരിറ്റി ബിസിനസിലേക്ക് തിരിഞ്ഞു എന്നത് മനസ്സിലാക്കാൻ പ്രയാസമില്ല. പുരുഷ ഹിന്ദു ദേശീയത പ്രചരിപ്പിക്കുന്ന ആർഎസ്എസിന്റെ ബ്രാൻഡ് അംബാസഡറാണ് അദ്ദേഹം. മാർച്ച് 2016 ൽ ഭാരത് മാതാ കീ ജയ് വിളിക്കാത്തവരുടെ ശിരച്ഛേദം നടത്തണമെന്ന് യുദ്ധവെല്ലു

വിളികൾ നടത്തിയ ആളാണ് രാംദേവ്. അതൊരു സാധാരണ സുരക്ഷ ഏജൻസി അല്ല, യുവാക്കൾക്ക് തൊഴിൽ നൽകാനും രാജ്യത്തിന്റെ ആസ്തികൾക്ക് സംരക്ഷണം നൽകാനും ആണിത് എന്നാണ് രാംദേവ് പ്രസ്താവിക്കുന്നത്. അതൊരു ഹിന്ദുത്വ സംരംഭം ആണെന്ന് ആരോപിക്കപ്പെടുന്നു.ഇത്തരം സ്ഥാപനങ്ങൾ ഉള്ളപ്പോൾ ആർഎസ്എസിനും മറ്റു ഹിന്ദുത്വ സംഘടനകൾക്കും രഹസ്യസ്വഭാവമുള്ള ആയുധ പരിശീലനകേന്ദ്രങ്ങൾ സംഘടിപ്പിക്കേണ്ട ആവശ്യമില്ല എന്നതാണ് കാര്യം.11 ലക്ഷം യോഗ സെൻററുകളിൽ ഏതിലെങ്കിലും നിന്ന് തെരഞ്ഞെടുക്കുകയും എല്ലാവിധ സായുധ പരിശീലനം ഇവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.നിർഭാഗ്യവശാൽ സർക്കാരിന്റെയോ സർക്കാറിതരമായതോ ആയ ഒരു സൂക്ഷ്മ പരിശോധനയും ഈ ഹിന്ദു സംരംഭങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടില്ല.

ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷത്തിനെതിരായ ആഭ്യന്തരയുദ്ധമെന്ന ഹിന്ദുത്വ സംഘടനകളുടെ ദീർഘകാല പദ്ധതിക്ക് പ്രത്യക്ഷമായോ പരോക്ഷമായോ സൗകര്യമൊരുക്കിക്കൊണ്ട്,ഭൂരിപക്ഷ സമുദായത്തെ സൈനികവൽക്കരിക്കുന്നതിനുള്ള ഈ പദ്ധതിയിൽ ഇന്ത്യൻ സൈന്യം യഥാർത്ഥത്തിൽ ചേരുകയാണെങ്കിൽ അത് ജനാധിപത്യ-മതേതര ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദുഃഖകരമായിരിക്കും. മതകലഹങ്ങളോടുള്ള ഹിന്ദുത്വ സ്നേഹം ഇന്ത്യയുടെ അന്താരാഷ്ട്ര ശത്രുക്കൾക്കും അനുയോജ്യമാണെന്ന് അറിയേണ്ടത് പ്രധാനമാണ്. ഇത് ഇന്ത്യയുടെ നിലവിലുള്ള ജനാധിപത്യ രാഷ്ട്രീയത്തിനുള്ള മറ്റൊരു ഗുരുതരമായ ഭീഷണിയേയാണ് സൂചിപ്പിക്കുന്നത്. ആർഎസ്എസ്-ബിജെപി ഭരണത്തിന് അധികാരം നഷ്ടപ്പെട്ടാൽ, അത്യാധുനിക ആയുധങ്ങളിൽ പരിശീലനം ലഭിച്ച ഇത്തരം കേഡർമാരെ ജനാധിപത്യ ക്രമം തുടരാതിരിക്കാനായി അവർ ഉപയോഗിക്കും. ■

# പ്ലാച്ചിമട ഇരകളോടുള്ള സർക്കാർ വഞ്ചനക്കെതിരെ കലക്ടറേറ്റ് മാർച്ചിൽ പ്രതിഷേധമിരമ്പി

പാലക്കാട് : 100 ദിവസമായി പ്ലാച്ചിമടയിൽ നടക്കുന്ന സത്യഗ്രഹ സമരത്തോടുള്ള സർക്കാർ അവഗണനയിൽ പ്രതിഷേധിച്ചും പ്ലാച്ചിമട ട്രൈബ്യൂണൽ നിയമം ഉടൻ നിയമസഭ പാസാക്കണമെന്നും ആവശ്യപ്പെട്ട് പാലക്കാട് കലക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടന്നു. 100 ദിവസങ്ങളിൽ സത്യഗ്രഹത്തിൽ പങ്കെടുത്തവർ കറുത്ത തുണികൊണ്ട് കണ്ണ് മൂടിക്കെട്ടി ധർണ്ണയിൽ പങ്കാളികളായി.

'സർക്കാർ ജനങ്ങളുടെ സംരക്ഷകൻ എന്ന നിലയിൽ ഭരണഘടന നൽകുന്ന ജീവിക്കാനുള്ള അവകാശത്തിൽ ഏറ്റവും പ്രധാനപ്പെട്ടതായ അപകട സാധ്യതയില്ലാതെ ജീവിക്കാനുള്ള അവകാശം ഹനിക്കരുതെന്നും ഈ നാശത്തിന്റെ പ്രധാന കാരണം കൊക്കക്കോളയാണ് എന്ന് സംശയമില്ലാതെ തെളിഞ്ഞ സാഹചര്യത്തിൽ ഇത് സർക്കാരിന്റെ പ്രാഥമികമായ ഉത്തരവാദിത്തമാണ് എന്നും അല്ലെങ്കിൽ അത് മൗലികാവകാശ ലംഘനമാണ് എന്നും ധർണ ഉത്ഘാടനം ചെയ്തUNEP മുൻ റിസ്ക് അനലിസ്റ്റും കൺസട്ടന്റുമായിരുന്ന പ്രമുഖ ഊർജവിദഗ്ധൻ ഡോ.സാഗർധാര പറഞ്ഞു.ലോകത്തൊരിടത്തും കുടിവെള്ളത്തിൽ കാഡ്മിയം, നിക്കൽ തുടങ്ങിയ കാൻസറിന് കാരണമായ രാസവസ്തുക്കൾ കണ്ടിട്ടില്ലെന്നും പാലക്കാട് പ്ലാച്ചിമട മേഖലയിൽ കൊക്കകോള കമ്പനി നടത്തിയ കുറ്റകൃത്യമാണ് കാഡ്മിയം പോലെ രോഗകാരികളായ ലവണങ്ങൾ പ്ലാച്ചിമട മേഖലയിലെ കുടിവെള്ളത്തിൽ നിക്ഷേപിച്ചതെന്നും ആഗോള തലത്തിൽ ഗവേഷണങ്ങൾ നടത്തിയിട്ടുള്ള അദ്ദേഹം കൂട്ടിച്ചേർത്തു.

2016ലെ തെരെഞ്ഞെടുപ്പിൽ പ്രകടനപത്രികയിൽ പ്ലാച്ചിമട നഷ്ടപരിഹാരത്തിനു ട്രൈബ്യൂണൽ സ്ഥാപിക്കുമെന്ന് വാഗ്ധാനം നൽകി പുറത്തിറക്കിയ LDF പ്രകടനപത്രിക കലക്ടറേറ്റിനു മുന്നിൽ കത്തിക്കുകയും ചെയ്തു. കലക്ടർക്ക് നിവേദനവും നൽകി.

സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സി.ആർ നീലകണ്ഠൻ, ഈസാബിൻ അബ്ദുൾ കരീം, വിജയൻ അമ്പലക്കാട്, എം.സുലൈമാൻ, എൻ. സുബ്രമണ്യൻ, കെ.ശക്തിവേൽ, എസ്.രാജീവൻ,കെ.സഹദേവൻ, എൻ.ഡി.വേണു. ശാന്തി വിജയനഗർ , കെ. മായാണ്ടി, അബ്ദുൽ അസിസ്, രാംദാസ് അകലൂർ, നിജാമുദ്ദീൻ വി.പി, രേഖ വരമുദ്ര, കെ.ആർ.ബിർള, എസ്. രമണൻ, ഷക്കീല പട്ടാമ്പി, എ.കണ്ണദാസ്, സന്തോഷ് മലമ്പുഴ, പുതുശ്ശേരി ശ്രീനിവാസൻ, രഞ്ജിത്ത് വിളയോടി, ശിവരാജ് ഗോവിന്ദപുരം, എ.എം. ഷിബു, വി.പത്മമോഹൻ, ജാഫർ പത്തിരിപ്പാല, എം. സരസ, കെ.എം ബീവി, ബാലചന്ദ്രൻ പോത്തംകാട്, കെ. ഗുരുസ്വാമി, സെയ്തുമുഹമ്മദ് പിരായിരി, കെ.സി. മൊയ്തീൻ എടച്ചാൽ തുടങ്ങി വിവിധ സാമൂഹ്യ രാഷ്ട്രീയ നേതാക്കൾ സംസാരിച്ചു.



ചോദ്യോത്തര പംക്തി

# കെ.എൻ രാമചന്ദ്രൻ മറുപടി പറയുന്നു

**ചോദ്യം :** സാമ്പത്തിക സംവരണത്തിനും സംവരണ അട്ടിമറിക്കുമെതിരെ സഖാവും പാർട്ടിയും സ്വീകരിച്ചു പോരുന്ന നിലപാടുകളെ സ്വാഗതം ചെയ്യുന്ന ആളാണ് ഞാൻ. എന്നാൽ പാർട്ടി മുൻ കൈ എടുത്ത് 1984 ൽ സംഘടിപ്പിച്ച ജാതിവിരുദ്ധ മതേതര സമ്മേളനത്തിൽ സാമ്പത്തിക സംവരണം നടപ്പാക്കണമെന്ന ആവശ്യമുയർന്നതായും ജാതിവിരുദ്ധ മതേതര വേദിയുടെ ബുള്ളറ്റിനിൽ താൻ സ്വകാര്യ വിദ്യാലയങ്ങളിലെ നിയമനം PSC ക്ക് വിടണമെന്നാവശ്യപ്പെട്ട് മുഖപ്രസംഗം എഴുതിയതിന്റെ പേരിലാണ് പാർട്ടി, ജാതിവിരുദ്ധ മതേതര വേദിക്ക് ദയാവധം വിധിച്ചെതെന്നും വിപ്ലവപാർട്ടിയുടെയും പ്രത്യേകിച്ച് സഖാവിന്റെയും സംവരണ നയം ഇതാണെന്നും ആരോപിച്ചു കൊണ്ട് ദലിത് ചിന്തകനും എഴുത്തുകാരനുമായ കെ.കെ. കൊച്ച് രംഗത്തു വരികയുണ്ടായി. ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ ?

**ഗോപാലകൃഷ്ണൻ**
വെണ്ണല, എറണാകുളം

**ഉത്തരം:** ആദ്യ ഇ.എം.എസ് സർക്കാർ നിയോഗിച്ച മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഭരണ പരിഷ്കരണ കമ്മീഷൻ സാമ്പത്തിക സംവരണം അവതരിപ്പിച്ചപ്പോൾ അന്ന് AISF സംസ്ഥാന കമ്മിറ്റിയിൽ ഉണ്ടായിരുന്ന ഞാൻ അടക്കമുള്ള ബഹുഭൂരിപക്ഷം പേരും അതിനെ എതിർക്കുകയായിരുന്നു. അവിഭക്ത കമ്യൂണിസ്റ്റു പാർട്ടിയിലെത്തന്നെ ഭൂരിപക്ഷം എതിർത്തതിനാൽ പാർട്ടി സംസ്ഥാന കമ്മറ്റി സാമ്പത്തിക സംവരണ ശുപാർശ തള്ളിക്കളഞ്ഞു. എങ്കിലും ഇഎംഎസിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം സാമ്പത്തിക സംവരണത്തിനായി നിലകൊണ്ടു . CPI (M) രൂപം കൊണ്ടതിനു ശേഷം ആ പാർട്ടി സാമ്പത്തിക സംവരണത്തിനായി പരിശ്രമിച്ചു പോന്നതിന്റെ തുടർച്ചയായിട്ടാണ് ഇന്ത്യയിൽത്തന്നെ സവർണ്ണ സംവരണം ആദ്യമായി നടപ്പാക്കിയ സംസ്ഥാനമായി കേരളം മാറിയത്.

CRC, CPI (ML) ന്റെ നേതൃത്വത്തിൽ സീഡിയൻ , കേരള യുക്തിവാദി സംഘം മറ്റ് പുരോഗമന ബുദ്ധിജീവി വിഭാഗങ്ങളെ സംഘടിപ്പിച്ച് 1984 ൽ തലയോലപ്പറമ്പിൽ വിപുലമായ ജാതിവിരുദ്ധ മതേതര സമ്മേളനം വിളിച്ചു ചേർക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച ആളെന്ന നിലയിൽ അക്കാലത്തെ സംസ്ഥാന സെക്രട്ടറിയായിരുന്ന ഞാൻ എന്റെ അഭിപ്രായം ആമുഖ പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. ആ പ്രസംഗത്തിലും തുടർന്ന് പാർട്ടിയെ പ്രതിനിധീകരിച്ച് എം.എം. സോമശേഖരൻ അവതരിപ്പിച്ച പ്രബന്ധത്തിലും സാമ്പത്തിക സംവരണം ഉൾപ്പെടെയുള്ള സംവരണത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ എതിർത്തുകൊണ്ട് വ്യക്തമാക്കിയത് സംവരണത്തിന്റെ ഉദ്ദേശം ഭരണഘടനയിൽ ഡോ.അംബേദ്ക്കർ വിശദീകരിച്ചിട്ടുള്ളതുപോലെ, ജാതിവ്യവസ്ഥ മൂലം അധികാരത്തിൽ നിന്നും വിദ്യാഭ്യാസ, ഉദ്യോഗസ്ഥ തലങ്ങളിൽ നിന്നു മാറ്റി നിർത്തപ്പെട്ട,സമൂഹമായി അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉള്ളതാണെന്നാണ്.

പാർട്ടി പ്രതിനിധികൾ എന്ന നിലയിൽ ഞാനും സോമശേഖരനും അവതരിപ്പിച്ച എല്ലാ രേഖകളിലും സമ്മേളനത്തിന്റെ ഭാഗമായ ചർച്ചകളിലെ ഇടപെടലുകളിലും ആവർത്തിച്ച് ചൂണ്ടിക്കാണിച്ചത് സാമ്പത്തിക സംവരണം ഉൾപ്പെടെയുള്ളവ സംവരണത്തെ തകർക്കാൻ വേണ്ടിയാണെന്നും ഒരു ജനാധിപത്യാവകാശം എന്ന നിലയിൽ ജാതി സംവരണം ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പോലെ തുടരണം എന്നാണ്.

അതേസമയം എല്ലാ നിയമനങ്ങളും പി.എസ്.സി. ക്ക് വിടണമെന്ന ആവശ്യമൊന്നും ആ സമ്മേളനത്തിൽ ഉയർന്നുവന്നിരുന്നില്ല.
അതായിരുന്നില്ല; വിശാലാർത്ഥ

ത്തിൽ ജാതി ഉന്മൂലനത്തിലും മതനിരപേക്ഷ സമൂഹം കെട്ടിപ്പടുക്കുന്ന പ്രശ്നത്തിലും ഊന്നുന്നതായിരുന്നു സമ്മേളനം.

അക്കാലത്തെ കേരളത്തിലെ നാനാ മണ്ഡലങ്ങളിലെയും പ്രമുഖർ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. പങ്കെടുത്തവർ എല്ലാം തന്നെ CPI യുടെയും യുക്തിവാദി സംഘത്തിന്റെയും നേതാക്കൾ അടക്കം സാമ്പത്തിക സംവരണത്തെ എതിർക്കുന്ന നിലപാടാണ് വ്യക്തമായും മുന്നോട്ടു വെച്ചത്.

CPI (ML) പ്രസ്ഥാനത്തിന്റെ ഇതു സംബന്ധിച്ച സമീപനങ്ങൾ അക്കാലത്തെ സംസ്ഥാന കമ്മിറ്റി പ്രമേയങ്ങളിലും കോമ്രേഡ് മാസികയിലെ ലേഖനങ്ങളിലും കാണാവുന്നതാണ്.

1972 അവസാനത്തോടെ കോമ്രേഡ് ഇറങ്ങുന്നതു മുതൽ എല്ലാക്കാലവും സാമ്പത്തിക സംവരണത്തെ എതിർക്കുന്ന സമീപനവും സർക്കാർ ശമ്പളം നൽകുന്ന എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിടണമെന്ന ആവശ്യവും തന്നെയാണ് മുന്നോട്ടു വെച്ചിട്ടുള്ളത്.

ജാതിവിരുദ്ധ മതേതരസമ്മേളനത്തിലൂടെ ജാതിവിരുദ്ധ മതേതര വേദി രൂപീകരിച്ച ശേഷം എം.എം. സോമശേഖരനായിരുന്നു പാർട്ടിയെ പ്രതിനിധീകരിച്ച് അതിൽ പങ്കെടുത്തു പോന്നിരുന്നത്. ആ യോഗങ്ങളിലെല്ലാം നമ്മുടെ നിലപാട് കൃത്യമായി വിശദീകരിച്ചു പോന്നിരുന്നതാണ്. ആ നിലപാടുകളുടെ തന്നെ തുടർച്ചയും വികാസവുമായിട്ടാണ് പിന്നീട് പാർട്ടി CPI (ML) റെഡ് സ്റ്റാർ ആയപ്പോൾ കേന്ദ്ര കമ്മറ്റി ജാതി പ്രശ്നത്തെ സംബന്ധിച്ച് ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം സ്വീകരിച്ചു പോന്ന യാന്ത്രിക നിലപാടുകളെ സ്വയം വിമർശന പരമായിക്കൂടി വിലയിരുത്തുന്ന ഒരു രേഖ തയ്യാറാക്കിയതും അതിന്റെ അടിസ്ഥാനത്തിൽ ജാതി, വർഗ്ഗം, ഭരണാധികാരം തുടങ്ങിയവ തമ്മിലുള്ള ബന്ധങ്ങളെ ആഴത്തിൽ പരിശോധിച്ചു കൊണ്ട് മറ്റ് പുരോഗമന ജനാധിപത്യ ശക്തികളും ബുദ്ധിജീവി വിഭാഗങ്ങളുമായി ചേർന്ന് അഖിലേന്ത്യാ തലത്തിൽ ഒരു ദ്വിദിന സെമിനാർ സംഘടിപ്പിക്കുകയും അതിലൂടെ ജാതി ഉന്മൂലന പ്രസ്ഥാനം രൂപീകരിക്കുന്നതിന് മുൻ കൈ എടുക്കുകയും ചെയ്തത്.

ഇവയാണ് യാഥാർത്ഥ്യമെന്നിരിക്കെ കെ.കെ. കൊച്ച് പറഞ്ഞിരിക്കുന്നത് വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ്.

# അനധികൃതമായി രാജ്യത്ത് തങ്ങുന്ന വിദേശ പൗരന്മാരെ പാർപ്പിക്കാനുള്ള ട്രാൻസിറ്റ് ഹോം കൊല്ലം കൊട്ടിയത്ത് തുടങ്ങി

ചില ആശങ്കകൾ ഇക്കാര്യത്തിൽ ഉണ്ട്. അവ താഴെപ്പറയുന്നു.

1. NRC യുമായി ബന്ധപ്പെട്ടാണ് detention Center എന്ന ആശയം ഉണ്ടാവുന്നത്. ആസാമിൽ ബംഗ്ലാദേശി നുഴഞ്ഞു കയറ്റക്കാർ എന്നു ലിസ്റ്റ് ചെയ്യപ്പെടുന്ന ആരെയും അകത്താക്കാൻ ഉദ്ദേശിച്ച് ഉണ്ടാക്കിയതാണ് അവ. ഹിറ്റ്ലറുടെ കാലത്ത് ഉണ്ടായിരുന്ന കോൺസെൻട്രേഷൻ ക്യാമ്പിനെ ഓർമ്മപ്പെടുത്തുന്ന ഒന്നായിട്ടാണ് അതിനെ അന്നു കണ്ടിട്ടുള്ളത്.

2. കേന്ദ്ര സർക്കാർ 2019 ഡിസംബർ 11 ന് രാജ്യസഭയിൽ പറഞ്ഞത് ഇത്തരം detention centers എല്ലാ സംസ്ഥാനത്തും തുടങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്നായിരുന്നു. അന്ന് ഇതിനോട് യോജിക്കാത്ത നിലപാടായിരുന്നു സംസ്ഥാന സർക്കാർ ഇവിടെ കൈക്കൊണ്ടത്.

3. ഇപ്പോൾ ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ വക്കീലിന്റെ നിർദ്ദേശം കൂടി പരിഗണിച്ചിട്ടാണ്. (വിധിയിൽ അത് എടുത്തു പറയുന്നുണ്ട്.) എന്തു കൊണ്ടാണ് കേന്ദ്ര നിലപാടായ detention center കൾക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ പോകാത്തത്? തോറ്റാലും അതൊരു നിലപാട് ആവുമല്ലോ.

4. ട്രാൻസിറ്റ് ഹോം എന്നത് ഓമനപ്പേര് മാത്രമാണ്. detention Center തന്നെയാണത്. ഈ പേരുമാറ്റം ആദ്യം നടത്തിയത് ആസ്സാം സർക്കാരാണ്. ട്രാൻസിറ്റ് ക്യാമ്പ് എന്നവർ പേരുമാറ്റിയിരുന്നു.

5. ഏതാണ്ട് 5 വിദേശികൾക്കായി 20 പേരുടെ ഒരു കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രതിമാസം ഒരു ലക്ഷത്തി പതിനായിരം രൂപ വാടക കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ സാമൂഹ്യ നീതി വകുപ്പ് മാറ്റി വെച്ചിട്ടുണ്ട് എന്നും വാർത്തയുണ്ട്. ഈ രൂപയെല്ലാം ഇവിടത്തെ സാധാരണക്കാരന്റെ നികുതിപ്പണമല്ലേ? ജനാധിപത്യ വിശ്വാസികൾ ഈ വിഷയം ഗൗരവപൂർവ്വം പരിശോധിക്കണം

**സി.എൻ.ജയരാജൻ**



മുരളീധരൻ കരിവെള്ളൂർ

# പുതിയ പോർമുഖങ്ങളിൽ വെളിച്ചമായി കല്യാണസ്വാമി കലാപം

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ജന്മി-നാടുവാഴിത്തത്തിനുമെതിരെയുള്ള പോരാട്ടത്തിന്റെ വീര പാരമ്പര്യം പേറുന്ന മണ്ണാണ് നമ്മുടേത്.ഈ മണ്ണിൽ നടന്ന ഐതിഹാസിക സമരങ്ങളെ ചരിത്രപരമായി തിരിച്ചറിഞ്ഞാൽ മാത്രമേ വർത്തമാനകാല വെല്ലുവിളികളെ ചെറുത്തു മുന്നേറാൻ സാധിക്കുകയുള്ളൂ.

ഔപചാരിക ചരിത്രം രേഖപ്പെടുത്തിയ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും പതിറ്റാണ്ടുകൾക്കു മുമ്പ്, പതിനെട്ടാം നൂറ്റാണ്ടിന്റെ പാതി പിന്നിട്ടപ്പോൾത്തന്നെ മണ്ണിൽ പണിയെടുക്കുന്ന മനുഷ്യരുടെ സമരങ്ങളും ചെറുത്തു നില്പുകളും തുടങ്ങിക്കഴിഞ്ഞിരുന്നു.

ആത്മബോധത്തെ ഉയർത്തിപ്പിടിച്ച, അഭിമാനം അടിയറ വെക്കാൻ മനസ്സില്ലാത്ത സാന്താൾ ആദിവാസികൾ നൂറ്റാണ്ടുകൾക്കു മുമ്പേ വൈദേശികാധിപത്യത്തിനെതിരായ പോരാട്ടം ആരംഭിച്ചിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സാന്താൾ സായുധപ്പോരാട്ടത്തിന്റെ വീരനായകൻ തിൽക്കാമാജി, സമാന്തര സർക്കാരുണ്ടാക്കി ചെറുത്തു നിന്ന സിധു, ആദിവാസി ഗ്രാമങ്ങളെ നിലയില്ലാക്കയങ്ങളിലേക്ക് മുക്കിക്കൊല്ലാൻ ദാമോദർ നദിയിൽ പണിയുന്ന അണക്കെട്ടിനെതിരായ സായുധ സമരത്തിന് വീരനായകത്വം വഹിച്ച വിശ്വനാഥ് ഹസ്ത...... അങ്ങനെ എത്രയെത്ര പോരാളികൾ.

ഇത്തരത്തിലുള്ള ആദിവാസിക്കലാപങ്ങൾ ചരിത്രത്തിൽ വേണ്ടയളവിൽ രേഖപ്പെടുത്തിയിട്ടില്ല. വാസ്തവത്തിൽ ഒന്നാം സ്വാതന്ത്ര്യ സമരമായി പരിഗണിക്കേണ്ടിയിരുന്നത് ബംഗാൾ, ബോംബെ, മദ്രാസ് പ്രസിഡൻസികളിൽ ആദിവാസികൾ നടത്തിയ ചെറുത്തു നില്പുകളാണ്. ആദിവാസികളാണ് നമ്മുടെ ആദ്യ സ്വാതന്ത്ര്യ സമര നായകർ.

1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ഇരുപതു വർഷം മുമ്പ് ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ ക്കമ്പനിയുടെ ദുർഭരണത്തിനെതിരെ ദക്ഷിണ കർണ്ണാടകയിൽ നടന്ന കർഷക കലാപം അതർഹിക്കുന്ന ഗൗരവത്തോടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല.



'കല്യാണസ്വാമി കലാപം ' എന്നറിയപ്പെടുന്ന ആ സമരത്തിന്റെ കനൽവഴികളിലേക്കു നോക്കാം.

ദക്ഷിണ കർണ്ണാടകയുടെ ഭാഗമായ കാസർകോട് പ്രദേശം കർഷകകലാപങ്ങളുടെ വിളനിലമായിരുന്നു. തെക്കേ ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ധീരമായ ചെറുത്തു നില്പ് നടത്തിയത് ഹൈദരാലിയുടെയും ടിപ്പു സുൽത്താന്റെയും നേതൃത്വത്തിലുള്ള മൈസൂരാണ്.

മൈസൂർ നവാബായ ഹൈദരാലിയുടെയും അദ്ദേഹത്തിന്റെ മകൻ ടിപ്പു സുൽത്താന്റെയും സാമ്രാജ്യത്വ വിരുദ്ധ ചെറുത്തു നില്പുകളെ സംബന്ധിച്ച് ചരിത്രപരമായി വിലയിരുത്തുന്ന കാൾ മാർക്സിന്റെ 'ഇന്ത്യാ ചരിത്ര പഠനക്കുറിപ്പുകൾ' ശ്രദ്ധേയമാണ്. ഇതു സംബന്ധിച്ച് മാധ്യമ പ്രവർത്തകനും യാത്രികനുമായ ഒ.കെ.ജോണി

'കാവേരിയോടൊപ്പം എന്റെ യാത്രകൾ ' എന്ന പുസ്തകത്തിൽ പരാമർശിക്കുന്നതിങ്ങനെയാണ്. ' ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയിൽ നടത്തിയ അധിനിവേശങ്ങളെ അമാന്യവും ലജ്ജാകരവുമെന്ന് വിശേഷിപ്പിച്ച കാൾ മാർക്സ്, 1850 കളിൽ എഴുതിയ കുറിപ്പുകളിൽ ഹൈദരാലിയും ടിപ്പുവും നടത്തിയ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളുടെ സൂക്ഷ്മവും വിശദവുമായ നാൾവഴി രേഖകളുണ്ട്. "('Haidar Ali and his son Tipu sahib swore on the Koran everlasting hatred for the English and to crush them. ' þ Karl Marx, Notes on Indian History, Institute of Marxism - Leninism, Moscow )

1799 ൽ ബ്രിട്ടീഷ് സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ ടിപ്പു സുൽത്താൻ രക്തസാക്ഷിയായി. അതോടെ ദക്ഷിണ കർണ്ണാടക ബ്രിട്ടീഷ് അധീനതയിലുമായി. ബോംബ പ്രസിഡൻസിയുടെ ഭാഗമായ ഈ പ്രദേശത്ത് കമ്പനി ഭരണം നിരവധി കരിനിയമങ്ങളിലൂടെ മണ്ണിൽ പണിയെടുക്കുന്ന കർഷകരെ പൊറുതിമുട്ടിച്ചു.

നെല്ല്, തെങ്ങ്, കവുങ്ങ്, പുകയില എന്നിവയാണ് ഈ ഭാഗങ്ങളിൽ വൻതോതിൽ കൃഷി ചെയ്തിരുന്നത്. ടിപ്പു സുൽത്താൻ നടപ്പാക്കിയ നികുതി ഘടന പൊളിച്ചുമാറ്റിയ കമ്പനി ഭരണം; സാധാരണക്കാരായ കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ചുമലിൽ കനത്ത നികുതികൾ അടിച്ചേൽപ്പിച്ചു. ഭൂ നികുതി കുത്തനെ കൂട്ടി.

നെല്ല്, അടക്ക, തേങ്ങ, പുകയില തുടങ്ങിയ കാർഷിക വിളകളുടെ വിലത്തകർച്ചയും കടുത്ത നികുതി ഭാരവും കർഷക ജനതയുടെ നട്ടെല്ലൊടിച്ചു.

ദുരിതത്തിലായ കർഷകർ 1830 ന്റെ തുടക്കത്തിൽത്തന്നെ 'കൂട്ടം' എന്ന പേരിൽ സംഘം ചേർന്നു. കുടക്, കുമ്പള, ബേക്കൽ, കാസർകോട് പ്രദേശങ്ങളിലെ കർഷകർ 'കൂട്ട ' ത്തിന്റെ ഭാഗമായി.ഈ സംഘത്തിന്റെ നേതൃത്വത്തിൽ ചെറുതും വലുതുമായ കലാപങ്ങൾ ഉയർന്നു വന്നു. കുടകിലെ കർഷക നേതാവ് കല്യാണസ്വാമിയായിരുന്നു ഇതിനെല്ലാം ചുക്കാൻ പിടിച്ചത്.

കൃഷി നാശത്തെത്തുടർന്ന് നികുതി അടയ്ക്കാനാകാതെ വലഞ്ഞ കർഷകരെ കമ്പനി ഭരണം കുടിയൊഴിപ്പിച്ചു.പൊറുതി മുട്ടിയ കർഷകർ കല്യാണസ്വാമിയുടെ നേതൃത്വത്തിൽ അണിചേർന്നു.രണ്ടായിരത്തോളം കർഷകരുടെ സായുധ സൈന്യം അവർക്കുണ്ടായിരുന്നു.

1837 ൽ കലാപകാരികളായ കർഷകർ കുമ്പളയിൽ ഒത്തുകൂടി. സമര ധീരരായ ആയിരക്കണക്കിനാളുകൾ കല്യാണസ്വാമിയുടെ നേതൃത്വത്തിൽ കാസർകോട്ടേക്കു മാർച്ചു ചെയ്തു.ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഖജനാവ് കലാപകാരികൾ കൈക്കലാക്കി.

ദക്ഷിണ കർണ്ണാടകയുടെ വിവിധ പ്രദേശങ്ങളിൽ കർഷകകലാപത്തെ പിന്തുണച്ച് പ്രകടനങ്ങളും സമ്മേളനങ്ങളും നടന്നു. ബ്രിട്ടീഷ് പോലീസ് സഞ്ചരിച്ച ചങ്ങാടം മംഗലാപുരം നേത്രാവതിപ്പുഴയിൽ നാട്ടുകാർ മറിച്ചിട്ടു. ഏതാനും പോലീസുകാർ ഒഴുക്കിൽപ്പെട്ടും മുങ്ങിയും മരിച്ചു. ഇക്കാര്യം രാഷ്ട്ര കവി മഞ്ചേശ്വരം ഗോവിന്ദ പൈ തന്റെ ഓർമ്മക്കുറിപ്പുകളിൽ പരാമർശിക്കുന്നുണ്ട്.



ദക്ഷിണ കർണ്ണാടക യിൽ ബ്രിട്ടീഷുകാരുടെ ഭരണ സിരാ കേന്ദ്രമാണ് മംഗലാപുരം. അവിടേക്കു മാർച്ചു ചെയ്ത ക ലാപകാരികളായ കർഷകർ കോ ട്ടയിൽ സമരക്കൊടി ഉയർത്തി. ഒ രാഴ്ചക്കാലം കർഷകരുടെ നിയ ന്ത്രണത്തിലായിരുന്നു കാര്യ ങ്ങൾ നടന്നത്. വിറളി പൂണ്ട ക മ്പനിക്കാർ തലശ്ശേരിക്കോട്ട യിൽ നിന്ന് പട്ടാളത്തെ കൊണ്ടു വന്ന് മംഗലാപുരത്തിന്റെ നിയ ന്ത്രണം തിരിച്ചുപിടിച്ചു.



കുമ്പള, കാസർകോട് ഭാ ഗങ്ങളിലെ റവന്യൂ കാര്യങ്ങൾ ന ടത്തുന്ന ഷാൻഭോഗുമാരിലും പ ടേലർമാരിലും ഒരു വിഭാഗം കർ ഷക കലാപത്തെ പിന്തുണച്ചു. കുമ്പള പട്ടേലർ സുബ്ബറായ ഹെഗ്ഡേ കല്യാണസ്വാമിക്ക് പി ന്തുണ നൽകി.

കലാപവാർത്തകൾ കട ലിനക്കരെ ഈസ്റ്റിന്ത്യാക്കമ്പനി യുടെ ആസ്ഥാനത്തെത്തി.അധി കാരികൾ ഞെരിപൊരി കൊണ്ടു. ഒറ്റുകാരുടെ സഹായത്തോടെ ബ്രിട്ടീഷ് സൈന്യം കർഷകകലാ പം അടിച്ചമർത്തി. കുഡ്‌ലു ഷാൻ ഭോഗ് കുടുംബാംഗമായ കാസർ കോട് പാടിയിലെ സുബ്ബ ഷാൻ ഭോഗ്, കുമ്പള രാജാവിന്റെ പിൻ ഗാമിയായ ഒരാൾ എന്നിവരാണ് കലാപനേതാക്കളെ സൈന്യത്തി ന് ഒറ്റിക്കൊടുത്തത്.സമരക്കാരെ ഒറ്റിക്കൊടുത്തിന്റെ പേരിൽ കമ്പ നി സർക്കാർ പാരിതോഷികമാ യി സ്വർണ്ണവളകളും മോതിരങ്ങ ളും ഇവർക്കു നൽകി!

ഒളിവിലായിരുന്ന കല്യാ ണസ്വാമിയടക്കമുള്ള കർഷക നേതാക്കളെ വിവിധ പ്രദേശങ്ങ ളിൽ നിന്നായി പോലീസ് പിടി കൂടി വിചാരണയ്ക്കു വിധേയമാ ക്കി.

മംഗലാപുരം കോട്ടയി ലും കുമ്പള ആരിക്കാടി കോട്ടയി ലുമായി കൂറ്റൻ കഴുമരങ്ങളുയർ ന്നു.1837 ഏപ്രിൽ 4 ന് മംഗലാ പുരത്തും ആരിക്കാടിയിലുമുള്ള ഭീമാകാരങ്ങളായ കോട്ടകളിൽ കർഷകകലാപത്തിന്റെ വീരന്മാ രായ നേതാക്കളെ തൂക്കിക്കൊ ന്നു. കല്യാണസ്വാമി, വീരണ്ണ ബ ണ്ടൻ, കൂക്കനൂർ ചെന്നയ്യ, കാർ ത്തൊടി സുബ്ബറായ, കെദമ്പാടി അണ്ണയ്യ, ഗുദേര അപ്പയ്യ ഗൗഡ തുടങ്ങി പത്തു പേർ രക്തസാ ക്ഷികളായി.

കലാപത്തെ തുടർന്ന് നി രവധി പേരെ ജയിലിലടച്ചു. കർ ഷക പ്പോരാളികളിൽ ചിലരെ സി ങ്കപ്പൂരിലേക്ക് നാടുകടത്തി. ക ല്യാണസ്വാമിയുടെ വീരനായക ത്വത്തിൽ നടന്നതു കൊണ്ട് 'ക ല്യാണസ്വാമി കലാപം ' എന്ന പേരിലാണ് ഈ സമരം പിൽക്കാ ലത്ത് അറിയപ്പെട്ടത്.

കർഷക കലാപം അടി ച്ചമർത്തപ്പെട്ടുവെങ്കിലും ഈ സ മരം ജനങ്ങളുടെ ദേശീയ ബോ ധത്തെ തട്ടിയുണർത്താനും ജന്മി -നാടുവാഴിത്ത - സാമ്രാജ്യത്വ ചൂ ഷണത്തിനെതിരെയുള്ള ഏകോ പനത്തിനും വഴിയൊരുക്കി.

വിളകൊയ്ത്ത്, നെല്ലെടു പ്പ്, നികുതി നിഷേധം, കാട്ടിൽ കയറി തോലും വിറകുമെടുക്കൽ, വിദേശ വസ്ത്ര ബഹിഷ്ക്കര ണം, കള്ളുഷാപ്പ് പിക്കറ്റിങ്ങ്, റെ യിൽവേ ലൈൻ മുറിക്കൽ, പോ ലീസ് സ്റ്റേഷൻ പിക്കറ്റിങ്ങ് തുട ങ്ങി ദക്ഷിണ കർണ്ണാടകയിലും മലബാറിലും പിൽക്കാലത്തു ന ടന്ന ഒട്ടേറെ സമരങ്ങൾക്ക് ഊർ ജ്ജമായത് കല്യാണസ്വാമി കലാ പമാണ്.

ഐതിഹാസികമായ ക ലാപം പക്ഷേ, ചരിത്രത്തിന്റെ ചാ രം മൂടിയ കനൽക്കട്ടയായി ഒരു മൂലയിലൊതുങ്ങി.

ഇത്തരം കൽക്കട്ടകൾ ഊതി ജ്വലിപ്പിച്ച് പുതു തലമുറ യ്ക്ക് ദിശാബോധം നൽകുക എ ന്നതാണ് നാം നിർവഹിക്കേണ്ട രാഷ്ട്രീയ കടമ.

അങ്ങനെ ചരിത്രത്തിന്റെ കനൽച്ചൂടിൽ വർത്തമാന കാല ഇന്ത്യ കണ്ട കർഷക മഹാ പ്ര ക്ഷോഭം മുന്നോട്ടുവെച്ച രാഷ്ട്രീ യം തിരിച്ചറിഞ്ഞ് പുതിയ ജന കീയ സമരത്തിന്റെ പതാകാ വാ ഹകരാകാൻ നമുക്കു സാധിക്ക ണം.

.....................


റഫറൻസ്:
*തുളുനാട് മുദ്രകൾ' / രവീന്ദ്രൻ പാടി
*കാവേരിയോടൊപ്പം എന്റെ യാത്രകൾ /ഒ.കെ.ജോണി

# ഡൽഹി യൂണിവേഴ്സിറ്റി നോർത്ത് കാമ്പസിൽ വിദ്യാർത്ഥികളെയും യുവാക്കളെയും എബിവിപി ഗുണ്ടകൾ മർദ്ദിച്ചത് അപലപനീയം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആർഎസ്എസ് ശക്തികളുടെ ഫാസിസ്റ്റ് ആക്രമണത്തിനെതിരെ ഐക്യപ്പെടുക

CASR എന്ന ബാനറിന് കീഴിൽ ഡൽഹിയിലെ വിദ്യാർത്ഥികളും യുവാക്കളും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്ക് മേലുള്ള ഭരണകൂട അടിച്ചമർത്തലിനെതിനെതിരെ തെരുവ് കാമ്പെയ്നുകൾ സജീവമായി സംഘടിപ്പിച്ചു വരുകയായിരുന്നു. ജി എൻ സായിബാബയെപ്പോലുള്ള രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 2022 ഡിസംബർ 5 ന് ഡൽഹിയിലെ എച്ച്കെഎസ് ഭവനിൽ നടക്കുന്ന 'തൊട്ട്സ് ക്രിമിനലൈസ്ഡ്' എന്ന പരിപാടിക്ക് മുന്നോടിയായാണ് ഈ പ്രചാരണങ്ങൾ സംഘടിപ്പിച്ചത്.

കുറച്ച് ദിവസങ്ങളായി പ്രചാരണം നടക്കുന്നുണ്ട്. ഈ പ്രചാരണത്തോടുള്ള പ്രതികരണമെന്ന നിലയിൽ, കുറഞ്ഞത് 50 പേരടങ്ങുന്ന എബിവിപി ഗുണ്ടകളുടെ ഒരു സംഘം മൗറീസ് നഗർ പോലീസ് സ്റ്റേഷന് മുന്നിൽ വിദ്യാർത്ഥികളെ ആക്രമിച്ചു. ഇവരെ എബിവിപി ഗുണ്ടകൾ ക്രൂരമായി മർദിക്കുകയും ഹിന്ദു റാവു ആശുപത്രിയിലേക്ക് കൊണ്ടുപോയപ്പോൾ വൻ തോതിൽ എബിവിപി ഗുണ്ടകളും അക്രമാസക്തമായ രീതിയിൽ ആശുപത്രി വളഞ്ഞു.

ABVP ഗുണ്ടകൾ വിദ്യാർത്ഥികൾക്ക് നേരെ നടത്തിയ ഈ ഫാസിസ്റ്റ് ആക്രമണത്തെ AIRSO ശക്തമായി അപലപിക്കുന്നു. അതേസമയം, രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുന്നതിന് വേണ്ടി ശബ്ദമുയർത്തുന്നവർക്കെതിരെ ഈ ആക്രമണങ്ങൾ നടക്കുന്നത് എന്തുകൊണ്ടാണെന്നും അതേ സമയം പോലീസും മറ്റെല്ലാ ഭരണകൂട സംവിധാനങ്ങളും ഇതിനോട് മൗനം പാലിക്കുന്നതും നാം മനസ്സിലാക്കണം. എല്ലാ സർക്കാർ സംവിധാനങ്ങളുടെയും പൂർണ പിന്തുണയോടെ ആർഎസ്എസ് ഫാസിസ്റ്റ് ആക്രമണം സഹിഷ്ണുതയുടെ എല്ലാ പരിധികളും ലംഘിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ തീവ്രവാദ സംഘടനയായ ആർഎസ്എസിനും ജനാധിപത്യ ഇടങ്ങളെ നശിപ്പിക്കുന്ന അതിന്റെ എല്ലാ അനുബന്ധ വിഭാഗങ്ങൾക്കും എതിരെ ഒന്നിക്കാൻ ഞങ്ങൾ എല്ലാ വിദ്യാർത്ഥികളോടും ജനങ്ങളോടും അഭ്യർത്ഥിക്കുന്നു. വിപ്ലവ വീര്യം കൊണ്ട് ഈ ആക്രമണത്തെ ചെറുത്ത CASR സഖാക്കളോട് ഞങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

**AIRSO കേന്ദ്ര കമ്മിറ്റി**

# വിഴിഞ്ഞം പ്രതിരോധത്തെ തകർക്കാനുള്ള ഭരണകൂട ഗൂഢാലോചനയെ തുറന്നുകാട്ടുക

കഴിഞ്ഞ നാലു മാസത്തിലേറെയായി വിഴിഞ്ഞം പോർട്ടിനെതിരെ മത്സ്യതൊഴിലാളികൾ ആരംഭിച്ച പ്രതിരോധ സമരത്തെ തകർക്കാൻ ഭരണകൂടം നടത്തി കൊണ്ടിരിക്കുന്ന ഗൂഢാലോചനയുടെ ഫലമാണ് നിൽവിൽ വിഴിഞ്ഞത്ത് വളർന്നു വന്നിരിക്കുന്ന സംഘർഷങ്ങൾ. വിഴിഞ്ഞം തുറമുഖ വിരുദ്ധ സമര സമിതിയുടെ നേതൃത്വത്തിൽ അഡാനി പോർട്ടിനെതിരെ ആരംഭിച്ച സമരത്തെ പോർട്ട് അനുകൂലസമിതി രൂപീകരിച്ചു കൊണ്ട് അഡാനിക്കു വേണ്ടി ബി.ജെ.പി. പ്രവർത്തകരും CPM പ്രവർത്തകരും ഒന്നിച്ചു നിലകൊള്ളുകയാണ്. പോർട്ട് അനുകൂലസമിതിയുടെ നേതൃത്വത്തിൽ ഒത്തുകൂടുന്നവർ സമരം ചെയ്യുന്ന മത്സ്യതൊഴിലാളികൾക്കെതിരായി നിരന്തരം പ്രകോപനം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. പോലീസിന്റെ സർവ്വവിധ പിന്തുണയും ഇവർക്ക് ലഭ്യമാണ്.

തുറമുഖ നിർമ്മാണത്തിനായി പാറക്കല്ലുകളുമായി വിഴിഞ്ഞത്തെത്തിയ ലോറികൾ സമര സമിതി പ്രവർത്തകർ സമാധാനപരമായി തടഞ്ഞിരുന്നു. ഈ സമയം തൊട്ടടുത്ത് തമ്പടിച്ചിരുന്ന സി.പി.എം, ബി.ജെ.പി പ്രവർത്തകർ സമരക്കാർക്കെതിരെ പ്രകോപനം സൃഷ്ടിക്കുകയും കല്ലേറ് നടത്തുകയുംചെയ്തു.

ഗുണ്ടകളെ രംഗത്തിറക്കി, സമരക്കാർക്കെതിരെ പ്രകോപനം സൃഷ്ടിച്ചു സംഘർഷങ്ങൾ മൂർച്ഛിപ്പിക്കാനും അതുവഴി മത്സ്യ തൊഴിലാളികൾ ആരംഭിച്ച ന്യായമായ സമരത്തെ അടിച്ചമർത്താനുള്ള നീക്കത്തിന്റെ ഭാഗമാണിത്.
ജനകീയ ഐക്യനിര വളർത്തിയെടുത്തു കൊണ്ട് വിഴിഞ്ഞം സമരത്തെ മുന്നോട്ട് കൊണ്ടു പോകുന്നതിന് വേണ്ടി ജനാധിപത്യ ശക്തികൾ മുന്നോട്ട് വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

**സി.പി.ഐ (എം.എൽ) റെഡ് സ്റ്റാർ**
സംസ്ഥാന കമ്മിറ്റി

# കോർപ്പറേറ്റ് വികസന നയത്തിനെതിരായ ജനകീയ പ്രക്ഷോഭത്തിന്റെ വിജയം: സി.പി.ഐ (എം.എൽ) റെഡ് സ്റ്റാർ സംസ്ഥാന കമ്മിറ്റി

സിൽവർലൈൻ പദ്ധതി താൽകാലികമായി ഉപേക്ഷിക്കുവാനും റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ചു വിളിക്കാനും ഉള്ള പിണറായി സർക്കാർ തീരുമാനം കോർപ്പറേറ്റ് വികസന നയത്തിനെതിരായ ജനകീയപ്രക്ഷോഭത്തിന്റെ വിജയമാണ്. പുരോഗമന-ജനാധിപത്യ ശക്തികളുടെ ശക്തമായ പിന്തുണയും ഈ ജനകീയ സമരത്തെ വിജയത്തിലെത്തിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിന് അനിവാര്യമെന്ന വാചകമടിച്ചു കൊണ്ട് കേരളത്തിന്റെ പ്രകൃതിയേയും സമ്പദ്ഘടനയേയും കോർപ്പറേറ്റ് മൂലധന താൽപര്യങ്ങൾക്ക് അടിയറ വെക്കാൻ ശ്രമിച്ച പിണറായി വിജയൻ ജനങ്ങളോട് മാപ്പ് പറയേണ്ടതുണ്ട്. സാധാരണക്കാരായ ജനങ്ങളെ പോലീസ് എന്ന ഉമ്മാക്കി കാണിച്ചും കൂലിത്തല്ലുകാരായ ഗുണ്ടകളെയും പാർട്ടി അണികളെ രംഗത്തിറക്കിയും ജനവിരുദ്ധമായ വികസന നയം നടപ്പാക്കിക്കളയാം എന്ന പിണറായിയുടെ ദിവാസ്വപ്നങ്ങൾക്കാണ് ജനകീയ ഇച്ഛാശക്തിക്ക് മുന്നിൽ മുട്ടുമടക്കേണ്ടിവന്നത്. കെ.റയിൽ പദ്ധതിക്ക് വേണ്ടി നിയമിച്ച ഉദ്യോഗസ്ഥരെ പിൻവലിക്കുക മാത്രമല്ല സമരം ചെയ്ത ജനങ്ങൾക്കെതിരെ ചുമത്തിയ മുഴുവൻ കള്ള കേസ്സുകളും അടിയന്തിരമായി പിൻവലിക്കുകയും പോലീസ് അടിച്ചമർത്തലിൽ കഷ്ടനഷ്ടങ്ങൾ നേരിട്ടവർക്ക് നഷ്ടപരിഹാരവും നൽകേണ്ടതുണ്ട്. കോർപ്പറേറ്റ് ഉപാസകരും പാദ സേവകരുമായ CPI , CPM നേതാക്കൾ ജനങ്ങളോട് മാപ്പ് പറയണം. ജനങ്ങളിൽ നിന്നു പാഠം പഠിക്കാൻ തയാറാക്കാതെ കെ. റെയിൽ പദ്ധതി വീണ്ടും അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ ജനങ്ങളിൽ നിന്നും ശക്തമായി തിരിച്ചടി ലഭിക്കുമെന്ന് ഇത്തരം നേതാക്കളും ഭരണാധികാരികളും മനസ്സിലാക്കുന്നത് നല്ലതാണ്.കെ.റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങളിൽ വളർന്നുവന്ന പാരിസ്ഥിതിക അവബോധത്തെയും സമരസന്നദ്ധയേയും വിഴിഞ്ഞം പദ്ധതിയടക്കമുള്ള എല്ലാ കോർപ്പറേറ്റുപദ്ധതികളേയും കെട്ടുകെട്ടിക്കാനും ജനകീയ വികസന ബദൽ കെട്ടിപ്പെടുക്കാനുള്ള സമരത്തിന്റെ ഊർജ്ജമാക്കി മാറ്റേണ്ടതുണ്ട്. കെ.റെയിൽ വിരുദ്ധ സമരത്തെ വിജയത്തിലെത്തിച്ച മുഴുവൻ ജനങ്ങളെയും ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു.

# സഖാവ് പി.കെ. വിജയന് ആദരാഞ്ജലികൾ



അടിസ്ഥാന ജനവിഭാഗങ്ങളുടെ അവകാശ പോരാട്ടങ്ങളുടെ ഭാഗമായി വിപ്ലവപ്രസ്ഥാനത്തിലേക്കു കടന്നു വന്ന് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ജനകീയ സമരങ്ങളിൽ സജീവ സാന്നിധ്യമായി നിലകൊണ്ട സഖാവായിരുന്നു പി.കെ. വിജയൻ. സി.പി.ഐ.(എം.എൽ) പ്രസ്ഥാനവുമായി വളരെ ചെറുപ്പം മുതൽ ബന്ധപ്പെട്ട സഖാവ് പത്തനംതിട്ട ജില്ലയിലെ പിന്നോക്ക മേഖലകളിൽ കർഷക - കർഷകതൊഴിലാളി മേഖലകളിലെ പ്രവർത്തനങ്ങളിലൂടെയാണു പാർട്ടി സംസ്ഥാന നേതൃത്വനിരയിലേക്ക് എത്തുന്നത്. 2008 വരെ പാർട്ടി സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു.

ചില രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളാൽ എം.എൽ. പ്രസ്ഥാനത്തിൽ നിന്നും മാറി നിന്നെങ്കിലും സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ സഖാവുണ്ടായിരുന്നു. ആരോഗ്യ പ്രശ്നങ്ങളുടെ അലട്ടലുകൾക്കിടയിലും വായനയും ചർച്ചകളുമായി ചിന്താമണ്ഡലത്തെ നിരന്തരമായി പുതുക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

സഖാവിന്റെ വേർപാടിൽ സി.പി ഐ (എം.എൽ) റെഡ് സ്റ്റാർ സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി ആദരാഞ്ജലികൾ അർപ്പിക്കുന്നു